# സാമൂഹ്യശാസ്ത്രം I

## സ്റ്റാൻഡേർഡ് X

ഭാഗം – 2

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2019

NT-869-1-SOC. SCI.-I-10-M-VOL.2

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695 012, Kerala
*Website* : www.scertkerala.gov.in
*e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT
Printed at : KBPS, Kakkanad, Kochi
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സാമൂഹ്യശാസ്ത്രപഠനം സമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ പഠനമാണ്. മനുഷ്യരാശിയുടെ മഹത്തായ പുരോഗതിയാണതിൽ ചർച്ച ചെയ്യുന്നത്. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, പാരിസ്ഥിതിക വീക്ഷണകോണിലൂടെ വസ്തുതകളെ വിശകലനം ചെയ്യുന്നതും മനുഷ്യന്റെ ബഹുമുഖമായ വളർച്ച യുടെ ചിത്രം നൽകുന്നതുമാവണം സാമൂഹ്യശാസ്ത്രപഠനം.

വർത്തമാനകാലം ഭൂതകാലവുമായി നടത്തുന്ന അവിരാമമായ സംവാദമാണ് ചരിത്രം. ഭൂതകാലത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നതെങ്കിലും വർത്തമാനകാ ലത്തിലേക്കാണ് അത് വെളിച്ചം പകരുന്നത്. ഭാവിയിലേക്കുള്ള ദിശാബോധവും അത് നൽകുന്നു. രാഷ്ട്രതന്ത്രശാസ്ത്രവും സമൂഹശാസ്ത്രവും സമകാലിക ജീവിതത്തിന്റെ നേർക്കാഴ്ചകളായി പുതിയ അനുഭവതലമൊരുക്കുകയും പൗരബോധം, സാമൂഹികപ്രതിബദ്ധത എന്നിവ വളർത്തിയെടുക്കുകയും ചെയ്യുന്നു. വ്യത്യസ്തമായ വിജ്ഞാനശാഖകളാണെങ്കിലും ചരിത്രവും രാഷ്ട്രതന്ത്രവും സമൂഹശാസ്ത്രവും നിരവധി സമാനതകൾ പുലർത്തുന്നുണ്ട്.

മനുഷ്യസാഹോദര്യം, സാർവലൗകികവീക്ഷണം, മതേതര–ജനാധിപത്യ ബോധം എന്നിവ വളർത്താനും മൂല്യബോധമുള്ള ഒരു സമൂഹം സൃഷ്ടിക്കാനും സാമൂഹ്യശാസ്ത്രപഠനം അനിവാര്യമാണെന്ന കാഴ്ചപ്പാടിലാണ് പാഠപുസ്തകം തയാറാക്കിയിട്ടുള്ളത്. ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നീ വിഷയമേഖലകൾ ഉൾച്ചേർത്ത് ലളിതവും ആകർഷകവുമായാണ് ഈ പാഠപുസ്തകം നിങ്ങളിലേക്കെത്തുന്നത്.

**സമഗ്ര** എന്ന വിദ്യാഭ്യാസപോർട്ടലും സാങ്കേതികമായി ശക്തിപ്പെടുത്തിയ ക്യൂ.ആർ കോഡും ക്ലാസ്സ്റൂം പഠനപ്രവർത്തനങ്ങൾ ആയാസരഹിതവും രസ കരവുമാക്കിത്തീർക്കും. ദേശീയ തൊഴിൽനൈപുണി ചട്ടക്കൂടും (എൻ.എസ്.ക്യൂ.എഫ്) ഐ.സി.റ്റി. സാധ്യതയും ഈ പാഠപുസ്തകത്തിൽ പരിഗണിച്ചിട്ടുണ്ട്.

വസ്തുതകളെ സർഗാത്മകമായും വിമർശനാത്മകമായും വിലയിരുത്താൻ സാമൂഹ്യശാസ്ത്ര പാഠപുസ്തകവും പഠനപ്രവർത്തനങ്ങളും സഹായിക്കും. സാമൂഹ്യശാസ്ത്രപഠനം ആസ്വാദ്യകരമായ അനുഭവമാക്കി മാറ്റാൻ ഇതു നിങ്ങൾക്കു പ്രചോദനമാവും; തുടർജീവിതത്തിന് വഴികാട്ടിയാവുകയും ചെയ്യും.

സ്നേഹാശംസകളോടെ,

ഡോ. ജെ. പ്രസാദ്
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

# ഉള്ളടക്കം


07. സ്വാതന്ത്ര്യാനന്തര ഇന്ത്യ 137 - 150

08. കേരളം ആധുനികതയിലേക്ക് 151 - 170

09. രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും 171 - 182

10. പൗരബോധം 183 - 192

11. സമൂഹശാസ്ത്രം : എന്ത്? എന്തിന്? 193 - 202

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.


അധികവായനയ്ക്ക് – വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠനപുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


പ്രവർത്തനങ്ങൾ


പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ


ഐ.സി.ടി. സാധ്യതകൾ

## പാഠപുസ്തകത്തെക്കുറിച്ച്

പത്താം ക്ലാസിലെ സാമൂഹ്യശാസ്ത്രപാഠപുസ്തകം ഒന്നാംഭാഗത്തിൽ ചരിത്രം, രാഷ്ട്രതന്ത്ര ശാസ്ത്രം, സമൂഹശാസ്ത്രം എന്നീ വിഷയങ്ങളിലായി ആകെ പതിനൊന്ന് അധ്യായങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഏഴ് അധ്യായങ്ങളിലായാണ് ചരിത്രപാഠഭാഗങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ആദ്യ രണ്ട് അധ്യായങ്ങൾ ലോകചരിത്രവുമായി ബന്ധപ്പെട്ടതും തുടർന്നുള്ള നാല് അധ്യായങ്ങൾ ആധുനിക ഇന്ത്യയുടെ ചരിത്രവുമായി ബന്ധപ്പെട്ടതുമാണ്. ഒരു അധ്യായം ആധുനിക കേരളത്തിന്റെ ചരിത്രമാണ് ചർച്ചചെയ്യുന്നത്. ചരിത്രസ്രോതസ്സുകൾ പരമാവധി ഉപയോഗപ്പെടുത്തി 'തീമാറ്റിക്' അവതരണത്തിന്റെ സാധ്യതകൾ പരിഗണിച്ചുകൊണ്ടാണ് പാഠഭാഗങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഏഴാം ക്ലാസിലെ ചരിത്രപാഠങ്ങളുടെ വികസിത രൂപമാണ് പത്താംക്ലാസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻ ക്ലാസുകളിലെ ഉള്ളടക്കമേഖലകളുടെ തുടർച്ചയും വളർച്ചയും ഉറപ്പാക്കുന്ന വിധത്തിലാണ് പാഠഭാഗങ്ങളുടെ ക്രമീകരണം. ഏഴാം ക്ലാസിൽ കാലഗണനനയ്ക്കനുസൃതമായി വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും വസ്തുതകൾക്കും പ്രാധാന്യം നൽകുന്ന സമീപനമാണ് സ്വീകരിച്ചിരുന്നത്. എന്നാൽ പത്താം ക്ലാസിൽ ചരിത്രവസ്തുതകളേക്കാൾ ആശയങ്ങളുടെ വിശകലനത്തിന് ഊന്നൽ നൽകി ചരിത്രപ്രക്രിയ പരിചയപ്പെടുത്താനാണ് ശ്രമിച്ചിട്ടുള്ളത്.

ആധുനിക മനുഷ്യന്റെ ജീവിതത്തിന് അനിവാര്യമായ ആശയങ്ങളായ സ്വാതന്ത്ര്യം, ജനാധിപത്യം, മതേതരത്വം, ദേശീയത തുടങ്ങിയവ രൂപപ്പെട്ടത് വിവിധ വൻകരകളിലായി നടന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിലൂടെയും വിപ്ലവങ്ങളിലൂടെയുമാണ്. ഇത്തരം ആധുനികാശയങ്ങളുടെ ക്രമാനുഗതമായ വളർച്ചയും വികാസവും പരിചയപ്പെടുത്തുകയും വിശകലനം ചെയ്യുകയുമാണ്. 'ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ' എന്ന ആദ്യ അധ്യായത്തിലൂടെ ലക്ഷ്യമിടുന്നത്. ഇരുപതാംനൂറ്റാണ്ടിലെ പ്രധാന സംഭവങ്ങളും അവയുടെ പ്രത്യാഘാതങ്ങളുമാണ് 'ലോകം ഇരുപതാം നൂറ്റാണ്ടിൽ' എന്ന അധ്യായത്തിൽ ചർച്ച ചെയ്യുന്നത്. സംഭവവിവരണങ്ങളേക്കാൾ പ്രത്യാഘാതങ്ങൾക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. മനുഷ്യമനസ്സുകളിലാണ് യുദ്ധം ആരംഭിക്കുന്നത്. അതുകൊണ്ട് മനുഷ്യമനസ്സുകളിൽ തന്നെയാണ് പ്രതിരോധങ്ങൾ പടുത്തുയർത്തേണ്ടതും എന്ന കാഴ്ചപ്പാടാണ് ഈ അധ്യായത്തിന്റെ അടിസ്ഥാന ആശയം. തുടർന്ന് ആധുനിക ഇന്ത്യയുടെ ചരിത്രം ചർച്ച ചെയ്യുന്നു.

ബ്രിട്ടീഷ് സാമ്രാജ്യത്വചൂഷണവും അതിനോടുള്ള പ്രതികരണമെന്ന നിലയിൽ വളർന്നുവന്ന ഇന്ത്യൻ ദേശീയതയുമാണ് ആധുനിക ഇന്ത്യയുടെ ചരിത്രം രൂപപ്പെടുത്തിയത്.

ബ്രിട്ടീഷ് ചൂഷണം ഇന്ത്യയിലെ വിവിധ ജനവിഭാഗങ്ങളെ സാമ്രാജ്യത്വവിരുദ്ധ ബോധത്തിലേക്ക് - സാമ്പത്തികദേശീയതയിലേക്ക് - നയിച്ചതെങ്ങനെയെന്നാണ് 'ബ്രിട്ടീഷ് ചൂഷണവും ചെറുത്തുനിൽപ്പുകളും' എന്ന അധ്യായം ചർച്ച ചെയ്യുന്നത്.

ദേശീയത ഇന്ത്യയുടെ സാംസ്കാരികമേഖലയിൽ ഏതെല്ലാം അനുരണനങ്ങൾ സൃഷ്ടിച്ചുവെന്നാണ് 'സംസ്കാരവും ദേശീയതയും' വ്യക്തമാക്കുന്നത്. ഇന്ത്യയിലെ വിദ്യാസമ്പന്നർക്കും ഉയർന്ന വിഭാഗങ്ങൾക്കുമിടയിൽ ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനം ജനകീയസ്വഭാവം കൈവരിച്ചതെങ്ങനെയെന്ന് 'സമരവും സ്വാതന്ത്ര്യവും' എന്ന അധ്യായം വിശദമാക്കുന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട വെല്ലുവിളികളും പുരോഗതിയിലേക്കുള്ള ഇന്ത്യയുടെ യാത്രയുമാണ് 'സ്വാതന്ത്ര്യാനന്തര ഇന്ത്യ' എന്ന അധ്യായത്തിലൂടെ വ്യക്തമാക്കുന്നത്.

ആധുനികതയിലേക്കുള്ള കേരളത്തിന്റെ പ്രയാണത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുകയാണ് 'കേരളം ആധുനികതയിലേക്ക്' എന്ന അധ്യായം.

രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി 'പൊതുഭരണം' എന്ന അധ്യായത്തിൽ ഇന്ത്യയിലെ പൊതുഭരണ സംവിധാനത്തിന്റെ ആവശ്യകതയും പ്രത്യേകതകളും ഘടനയും ഭരണനവീകരണ നടപടികളും വ്യക്തമാക്കുന്നു.

രാഷ്ട്രത്തിന്റെ രൂപീകരണവും ഘടകങ്ങളും ചുമതലകളും പൗരനും രാഷ്ട്രവും തമ്മിലുള്ള ബന്ധവും രാഷ്ട്രതന്ത്രപഠനത്തിന്റെ അനിവാര്യതയും വ്യക്തമാക്കുന്നതാണ്. 'രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും' എന്ന അധ്യായം.

'പൗരബോധം' എന്ന അധ്യായം ഒരു ജനാധിപത്യസമൂഹത്തിൽ പൗരബോധത്തിന്റെ പ്രസക്തിയും പ്രാധാന്യവും ചർച്ച ചെയ്യുന്നു.

'സമൂഹശാസ്ത്രം : എന്ത്? എന്തിന്?' എന്ന അധ്യായം സമൂഹശാസ്ത്രമെന്ന പഠനമേഖലയുടെ പ്രാധാന്യവും അതിന്റെ പഠനരീതികളും വിശദമാക്കുന്നു.

ജ്ഞാനനിർമാണ പ്രക്രിയയെ സഹായിക്കുന്ന തരത്തിലുള്ള ഉള്ളടക്കമേഖലകളും പഠനപ്രവർത്തനങ്ങളും പ്രതിഫലന ചോദ്യങ്ങളും സ്വയംവിലയിരുത്തൽ ചോദ്യങ്ങളും തുടർപ്രവർത്തനങ്ങളും എല്ലാ അധ്യായങ്ങളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠപുസ്തകത്തിന്റെ സാധ്യതകളെ വിപുലീകരിച്ച് അറിവുനിർമാണം കൂടുതൽ ഫലപ്രദവും പ്രവർത്തനാധിഷ്ഠിതവുമാക്കാൻ ശ്രമിക്കുമല്ലോ.

അധ്യായം

07




# സ്വാതന്ത്ര്യാനന്തര ഇന്ത്യ

> വിധിയുടെ ചക്രങ്ങൾ ഒരുനാൾ ഇന്ത്യ ഉപേക്ഷിക്കുവാൻ ബ്രിട്ടീഷു കാരെ നിർബന്ധിതരാക്കും. പക്ഷേ ഏതുരൂപത്തിലുള്ള ഇന്ത്യയെ യാവും അവർ ഇവിടെ ഉപേക്ഷിച്ചു പോകുക. നൂറ്റാണ്ടുകളായുള്ള അവരുടെ ഭരണത്തിന്റെ അരുവി അവസാനം വറ്റിവരണ്ട് പോകു മ്പോൾ അവർ വിട്ടുപോകുന്നത് ചെളിയുടെയും അഴുക്കിന്റെയും കൂമ്പാരമായിരിക്കും.
>
> രവീന്ദ്രനാഥ ടാഗോർ



രവീന്ദ്രനാഥ ടാഗോർ 1941 ൽ നടത്തിയ നിരീക്ഷണമാണ് മുകളിൽ നൽകിയി രിക്കുന്നത്. ഇതിലൂടെ അദ്ദേഹം എന്തെല്ലാം കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്.

- ഇന്ത്യയുടെ ഭരണം ബ്രിട്ടീഷുകാർക്ക് ഉപേക്ഷിക്കേണ്ടി വരും.
- ദുരിതപൂർണമായ ഇന്ത്യയെയായിരിക്കും ബ്രിട്ടീഷുകാർ ഉപേക്ഷിച്ചു പോകുന്നത്.

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന ഏറ്റവും പ്രധാന വെല്ലുവിളി വിഭ ജനവും അതേതുടർന്നുണ്ടായ അഭയാർഥിപ്രവാഹവുമായിരുന്നു.

## അഭയാർഥിപ്രവാഹം



മുകളിൽ കൊടുത്തിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ. കുടുംബാംഗങ്ങളോടൊപ്പം ഭാണ്ഡകെട്ടുകളും തലയിലേറ്റി നടന്നുനീങ്ങുന്ന അഭയാർഥികളാക്കപ്പെട്ട ജനങ്ങളുടെ ചിത്രങ്ങളാണിത്. വിഭജനകാലത്തെ ഇന്ത്യയിലെ സാധാരണ

കാഴ്ചയായിരുന്നു ഇത്. അക്കാലത്ത് ഇന്ത്യയിൽനിന്ന് പാകിസ്ഥാനിലേക്കും പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്കും അഭയാർഥിപ്രവാഹങ്ങളുണ്ടായി. ഇതോടൊപ്പം രാജ്യത്ത് പല യിടങ്ങളിലായി വർഗീയലഹളകൾ നടന്നു. കൽക്കട്ട, ബിഹാർ, നവഖാലി, ദില്ലി, പഞ്ചാബ്, കാശ്മീർ എന്നിവിടങ്ങളിലെ കലാപങ്ങൾ രക്തരൂഷിതമായിരുന്നു. ആയിരക്കണക്കിന് ആളുകൾ കൊല്ലപ്പെടുകയും സ്ത്രീകൾ ആക്രമിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി സർവതും നഷ്ടപ്പെട്ട് പലായനം ചെയ്ത വ്യത്യസ്ത വിഭാഗക്കാർ അഭയാർഥികളായി മാറി. കാൽനടയായും കാളവണ്ടിയിലും തീവണ്ടിയിലുമായി പത്ത് ദശലക്ഷംപേർ അഭയാർഥികളായി സഞ്ചരിച്ചു. സ്വാതന്ത്ര്യാനന്തര ഗവൺമെന്റിന്റെ ഫലപ്രദമായ ഇടപെടലും പുനരധിവാസ നടപടികളുംവഴി അഭയാർഥി പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞു.



**ഗാന്ധിജിയുടെ രക്തസാക്ഷിത്വം**

"നമ്മുടെ ജീവിതത്തിൽ നിന്ന് പ്രകാശം മറഞ്ഞുപോയിരിക്കുന്നു. എവിടെയും ഇരുട്ടാണ്". ഗാന്ധിജിയുടെ മരണത്തെക്കുറിച്ച് നെഹ്റു പറഞ്ഞ വാക്കുകളാണിത്. ഇന്ത്യയെ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് മോചിപ്പിക്കാനുള്ള അഹിംസാത്മക സമരത്തിന് നേതൃത്വം നൽകിയ ഗാന്ധിജി 1948 ജനുവരി 30 ന് ഡൽഹിയിലെ പ്രാർഥനായോഗ സ്ഥലത്തുവച്ച് നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റു മരിച്ചു. ഇന്ത്യാ വിഭജനശേഷം നടന്ന വർഗീയ ലഹളകളുടെ അനന്തരഫലമായിരുന്നു ഗാന്ധിജിയുടെ രക്തസാക്ഷിത്വം.

## നാട്ടുരാജ്യങ്ങളുടെ സംയോജനം



വിഭജനാന്തരം സ്വതന്ത്ര ഇന്ത്യയിൽ അഭയാർഥിപ്രവാഹങ്ങൾ ഉണ്ടാകാനിടയായ സാഹചര്യം ചർച്ചചെയ്യുക.

സ്വാതന്ത്ര്യത്തിനു മുമ്പ് ഇന്ത്യയിൽ ബ്രിട്ടീഷുകാർ നേരിട്ടു ഭരണം നടത്തിയിരുന്ന പ്രദേശങ്ങൾക്കു പുറമെ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള അറുനൂറോളം നാട്ടുരാജ്യങ്ങളും ഉണ്ടായിരുന്നു. നാട്ടുരാജ്യങ്ങൾക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ചേരാനോ സ്വതന്ത്രമായി നിൽക്കാനോ ഉള്ള അധികാരം നൽകിയ ശേഷമാണ് ബ്രിട്ടൻ ഇന്ത്യ വിട്ടത്. അതിനാൽ സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിടേണ്ടിവന്ന മറ്റൊരു പ്രധാന പ്രശ്നമായിരുന്നു നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം. ഇത് ശ്രമകരമായ ഒരു ദൗത്യമായിരുന്നു. കേന്ദ്ര മന്ത്രിസഭയിലെ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതല സർദാർ വല്ലഭ്ഭായ് പട്ടേലിനായിരുന്നു. സ്റ്റേറ്റ്സ് ഡിപാർട്ട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ അദ്ദേഹം നിയമിച്ചു.

നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് പട്ടേലും വി.പി മേനോനും ചേർന്ന് ഒരു ലയനക്കരാർ (Instrument of Accession) തയാറാക്കി. അതനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം. ജനകീയപ്രതിഷേധങ്ങളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗികസമീപനങ്ങളുംമൂലം ഭൂരി

ഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു. എന്നാൽ ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു. പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനികനടപടിയിലൂടെയും രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.

### വിഭജനം സിനിമയിൽ


വിഭജനകാലത്തെ സംഭവങ്ങളെ ആസ്പദമാക്കി ധാരാളം സിനിമകൾ നിർമിക്കപ്പെട്ടിട്ടുണ്ട്. ഋത്വിക് ഘട്ടക്കിന്റെ 'മേഘെ ധാക്കധാര', എം.എസ്. സത്യുവിന്റെ 'ഗരംഹവ', ഗോവിന്ദ് നിഹലാനിയുടെ 'തമസ്സ്', പമേല റൂക്ക്സിന്റെ 'ട്രെയിൻ ടു പാകിസ്ഥാൻ' എന്നിവ വിഭജനകാലത്തെ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി നിർമിച്ച പ്രശസ്ത സിനിമകളാണ്.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും ഫ്രാൻസ്, പോർട്ടുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾക്ക് ഇന്ത്യയിൽ അധീന പ്രദേശങ്ങൾ ഉണ്ടായിരുന്നു. ഇവിടങ്ങളിൽ ശക്തമായ ജനകീയപ്രക്ഷോഭങ്ങൾ ഉണ്ടായി. ഇതോടെ ഫ്രാൻസ് തങ്ങളുടെ അധീനപ്രദേശങ്ങൾ തിരിച്ചുനൽകി. സൈനികനടപടിയിലൂടെ പോർട്ടുഗലിന്റെ അധീനതയിലുണ്ടായിരുന്ന പ്രദേശങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ചു. നൽകിയിട്ടുള്ള പട്ടികയിൽനിന്ന് ഇതു വ്യക്തമാകും.

### വി.പി. മേനോൻ




1894-ൽ പാലക്കാട് ജില്ലയിലെ ഒറ്റപ്പാലത്ത് ജനിച്ചു. സ്കൂൾ ജീവിതത്തിനുശേഷം വിവിധ മേഖലകളിൽ ജോലി നോക്കി. പിന്നീട് ഡൽഹി സെക്രട്ടറിയേറ്റിൽ ഒരു ക്ലാർക്കായി ജോലി നേടി. ഇംഗ്ലീഷ് ഭാഷയിൽ പ്രാവിണ്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ ഗവൺമെന്റ് നിരവധി ചുമതലകൾ ഏൽപ്പിച്ചു. സർദാർ പട്ടേലിനും നെഹ്റുവിനുമൊപ്പം നാട്ടുരാജ്യങ്ങളുടെ സംയോജനത്തിൽ നിർണായക പങ്കു വഹിച്ചു. 1952 ൽ ഒറീസയിൽ ഗവർണറായി ചുമതലയേറ്റു. 'ദി ട്രാൻസ്ഫർ ഓഫ് പവർ ഇൻ ഇന്ത്യ', ഇന്റഗ്രേഷൻ ഓഫ് ഇന്ത്യൻ സ്റ്റേറ്റ്സ്' എന്നീ ഗ്രന്ഥങ്ങളുടെ കർത്താവാണ്.



*സർദാർ വല്ലഭ്ഭായ് പട്ടേൽ*

| രാജ്യം | അധിനിവേശ പ്രദേശം | ഇന്ത്യൻ യൂണിയനിൽ ചേർക്കപ്പെട്ട വർഷം |
|---|---|---|
| • ഫ്രാൻസ് | • പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം | • 1954 |
| • പോർട്ടുഗൽ | • ഗോവ, ദാമൻ, ദിയു | • 1961 |

## ഭരണഘടനാരൂപീകരണവും ആദ്യ പൊതുതിരഞ്ഞെടുപ്പും



ഡോ.രാജേന്ദ്രപ്രസാദ്


ഡോ.ബി.ആർ. അംബേദ്കർ

ഇന്ത്യയുടെ രാഷ്ട്രരൂപീകരണത്തിനുള്ള അടിത്തറയായത് ഇന്ത്യൻ ഭരണഘടനയാണ്.

കാബിനറ്റ് മിഷന്റെ നിർദേശപ്രകാരം 1946 ൽ ഡോ. രാജേന്ദ്രപ്രസാദ് അധ്യക്ഷനായി ഭരണഘടനാനിർമാണസഭ രൂപീകരിച്ചു. ഭരണഘടന എഴുതി തയാറാക്കാനായി ബി.ആർ. അംബേദ്കർ ചെയർമാനായി ഒരു ഡ്രാഫ്റ്റിങ് കമ്മിറ്റിയെ നിയമിച്ചു. നിരവധി ചർച്ചകളിലൂടെയും സംവാദങ്ങളിലൂടെയും ഭരണഘടനയ്ക്ക് രൂപം നൽകി. ഇന്ത്യൻ സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഉയർന്നു വന്ന ആശയാഭിലാഷങ്ങളുടെ പ്രതിഫലനമായിരുന്നു ഇന്ത്യയുടെ ഭരണഘടന. 1950 ജനുവരി 26 ന് സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിലവിൽ വരുകയും ഇന്ത്യയെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ചെയ്തു.

സ്വാതന്ത്ര്യാനന്തര ഇന്ത്യ നേരിട്ട മറ്റൊരു പ്രശ്നം ജനാധിപത്യ വ്യവസ്ഥയുടെ രൂപീകരണമായിരുന്നു. ഭരണഘടനാനുസൃതമായി ഇന്ത്യയിലെ ആദ്യ പൊതുതിരഞ്ഞെടുപ്പ് നടന്നത് 1951-1952 കാലയളവിലായിരുന്നു. സ്വതന്ത്രവും നിഷ്പക്ഷവുമായി നടന്ന ആദ്യ തിരഞ്ഞെടുപ്പ് ഇന്ത്യൻ ജനാധിപത്യത്തിന്റെ വിജയമായിരുന്നു. ഇന്ത്യക്കൊപ്പം സ്വാതന്ത്ര്യം നേടിയ ഏഷ്യയിലെയും ആഫ്രിക്കയിലെയും ഒട്ടുമിക്ക രാജ്യങ്ങളും ജനാധിപത്യത്തിൽ നിന്ന് വ്യതിചലിക്കുമ്പോഴും ഇന്ത്യയുടെ ജനാധിപത്യവ്യവസ്ഥ ഇന്നും ശക്തമായി നിലകൊള്ളുന്നു.



ഇന്ത്യൻ ഭരണഘടനയുടെ പുറംചട്ട

ഭരണഘടനാ രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങളേയും ബന്ധപ്പെട്ട വ്യക്തികളേയും ഉൾപ്പെടുത്തി ഒരു പ്രസന്റേഷൻ തയാറാക്കുക.





ഇന്ത്യയുടെ ജനാധിപത്യം സംരക്ഷിക്കുന്നതിൽ ഭരണഘടന വഹിക്കുപങ്ക് ചർച്ചചെയ്യുക.

## ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ രൂപീകരണം

നാട്ടുരാജ്യങ്ങളുടെ സംയോജനം നാം ചർച്ചചെയ്തല്ലോ. ഇവിടങ്ങളിലെ ജനങ്ങൾ അഭിമുഖീകരിച്ച ഒരു പ്രധാന പ്രശ്നം ഭാഷയുമായി ബന്ധപ്പെട്ടതായിരുന്നു. ഒരു നാട്ടുരാജ്യത്തു തന്നെ വ്യത്യസ്തഭാഷകൾ സംസാരിക്കുന്നവർ ഉണ്ടായിരുന്നു. അതിനാൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കണമെന്ന ആവശ്യം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉയർന്നുവന്നു. 1920

ലെ നാഗ്പൂർ കോൺഗ്രസ് സമ്മേളനത്തിൽത്തന്നെ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. സ്വാതന്ത്ര്യാനന്തരം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിക്കുക എന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് ജനകീയപ്രക്ഷോഭങ്ങൾ ആരംഭിച്ചു. തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രസംസ്ഥാനം രൂപീകരിക്കുക എന്ന ആവശ്യവുമായി സ്വാതന്ത്ര്യസമരസേനാനിയായിരുന്ന പോറ്റി ശ്രീരാമലു നിരാഹാരസമരം തുടങ്ങി. അൻപത്തിയെട്ടു ദിവസത്തെ നിരാഹാര സമരത്തെത്തുടർന്ന് അദ്ദേഹം മരണമടഞ്ഞു. ഇതു പ്രക്ഷോഭം രൂക്ഷമാക്കി. തുടർന്ന് തെലുങ്ക് സംസാരിക്കുന്നവർക്കായി ആന്ധ്രപ്രദേശ് സംസ്ഥാനം 1953ൽ രൂപീകരിച്ചു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനം വേണമെന്ന ആവശ്യം ഇതിനെത്തുടർന്ന് ശക്തമായി. ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളെ പുനസ്സംഘടിപ്പിക്കുന്നതിനായി സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ രൂപീകരിച്ചു. ഫസൽ അലിയായിരുന്നു ഈ കമ്മീഷന്റെ അധ്യക്ഷൻ. എച്ച്. എൻ. കുൻസ്രു, മലയാളിയായ കെ.എം. പണിക്കർ എന്നിവരായിരുന്നു ഇതിലെ മറ്റ് അംഗങ്ങൾ.


പോറ്റി ശ്രീരാമലു


ഫസൽ അലി


കെ.എം. പണിക്കർ


എച്ച്. എൻ. കുൻസ്രു

ഈ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1956 ൽ ഇന്ത്യൻ സംസ്ഥാന പുനസ്സംഘടനാനിയമം പാർലമെന്റ് പാസാക്കി. ഇതു പ്രകാരം പതിനാല് സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണ പ്രദേശങ്ങളും നിലവിൽ വന്നു.

പിന്നീട് പല ഘട്ടങ്ങളിലായി പുതിയ സംസ്ഥാനങ്ങൾ നിലവിൽ വന്നു. ഇപ്പോൾ ഇന്ത്യയിൽ ഇരുപത്തിയൊൻപത് സംസ്ഥാനങ്ങളും ആറ് കേന്ദ്രഭരണപ്രദേശങ്ങളും ഒരു സ്റ്റേറ്റ് ക്യാപ്പിറ്റൽ ടെറിട്ടറിയുമുണ്ട്.

*ഇന്ത്യയിലെ 29 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണ പ്രദേശങ്ങളും ഉൾപ്പെടുത്തി ഒരു പഠനവിഭവം തയാറാക്കുക.*

സ്വതന്ത്ര ഇന്ത്യ സംസ്ഥാന പുനസ്സംഘടനയ്ക്കുള്ള മാനദണ്ഡമായി ഭാഷയെ സ്വീകരിച്ചതെന്തുകൊണ്ട്?



## സാമ്പത്തികമേഖലയിലെ മുന്നേറ്റങ്ങൾ

സ്വതന്ത്ര ഇന്ത്യയുടെ സാമ്പത്തിക അടിത്തറ വളരെ പരിതാപകരമായിരുന്നു. ലോകത്ത് അന്ന് നിലനിന്നിരുന്ന മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടേയും സോഷ്യലിസ്റ്റ് സമ്പദ്‌വ്യവസ്ഥയുടേയും സമന്വയമായ മിശ്രസമ്പദ് വ്യവസ്ഥ (Mixed Economy) യാണ് ഇന്ത്യ സ്വീകരിച്ചത്. അത് പൊതുമേഖലയ്ക്കാണ് പ്രാധാന്യം നൽകിയത്.

NT-869-2-SOC. SCI.-I-10-M-VOL.2




**ആസൂത്രണ കമ്മീഷൻ**

1950 മാർച്ച് 15 ന് ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ചെയർമാനും ഗുൽസാരിലാൽ നന്ദ വൈസ് ചെയർമാനുമായിരുന്നു. ടി.ടി കൃഷ്ണമാചാരി, സി.ഡി. ദേശ്മുഖ് എന്നിവർ അംഗങ്ങളുമായിരുന്നു.

സ്വാതന്ത്ര്യാനന്തരം ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സാമ്പത്തികമുന്നേറ്റം ലക്ഷ്യമാക്കി നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കുകയുണ്ടായി. ഈ പദ്ധതികളിൽ പലതും സ്വാതന്ത്ര്യസമരകാലത്ത് പല കോൺഗ്രസ് സമ്മേളനങ്ങളിലും ചർച്ചചെയ്തിരുന്നവയാണ്. കേന്ദ്രീകൃത സാമ്പത്തികാസൂത്രണമായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. സോവിയറ്റ് യൂണിയനിൽ നിന്നാണ് ഇന്ത്യ സാമ്പത്തികാസൂത്രണം എന്ന ആശയം കൈക്കൊണ്ടത്. ഇന്ത്യയിലെ സാമ്പത്തികാസൂത്രണത്തിന്റെ ചരിത്രം മുൻ ക്ലാസുകളിൽ ചർച്ചചെയ്തത് ഓർക്കുമല്ലോ.

സ്വാതന്ത്ര്യത്തിനുശേഷം സാമ്പത്തിക ആസൂത്രണ പരിപാടികൾക്ക് ശക്തി വർധിച്ചു. 1950 ൽ ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ആസൂത്രണ കമ്മീഷൻ നിലവിൽ വന്നു. സാമ്പത്തികപുരോഗതിക്കായി ആസൂത്രണ കമ്മീഷൻ നിരവധി പദ്ധതികൾ മുന്നോട്ടുവച്ചു.



*നെഹ്റു ആസൂത്രണ കമ്മീഷൻ യോഗത്തിൽ.*

രാജ്യത്തിന്റെ സാമ്പത്തികവളർച്ച ലക്ഷ്യമിട്ട് ആസൂത്രണ കമ്മീഷൻ നടപ്പിലാക്കിയ പദ്ധതികളാണ് പഞ്ചവത്സരപദ്ധതികൾ. 1951 ൽ തുടക്കം കുറിച്ച പഞ്ചവത്സരപദ്ധതികൾ വികസനപ്രക്രിയയിൽ വളരെയധികം മുന്നോട്ടുപോകാൻ ഇന്ത്യയെ സഹായിച്ചു. കാർഷിക - വ്യാവസായിക മേഖല പുഷ്ടിപ്പെടാനും ദാരിദ്ര്യ നിർമാർജനത്തിനും ഊർജോൽപ്പാദനത്തിനും വിദ്യാഭ്യാസമേഖലയിലെ പുരോഗതിക്കും ഇത് സഹായകമായി.



*ഭക്രാനംഗൽ പദ്ധതി*

സാമ്പത്തികപുരോഗതിക്കായി വിദേശരാജ്യങ്ങളുടെ സഹായവും ഇന്ത്യക്ക് ലഭിച്ചു. വിദേശസഹായത്താൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഇരുമ്പുരുക്കു വ്യവസായശാലകൾ ആരംഭിച്ചു.

| ഇരുമ്പുരുക്കു വ്യവസായശാലകൾ | സഹായം നൽകിയ രാഷ്ട്രങ്ങൾ |
|---|---|
| • ഭിലായി | • സോവിയറ്റ് യൂണിയൻ |
| • ബൊക്കാറോ | • സോവിയറ്റ് യൂണിയൻ |
| • റൂർക്കേല | • ജർമനി |
| • ദുർഗാപ്പൂർ | • ബ്രിട്ടൺ |

ഇന്ത്യയുടെ സാമ്പത്തികമായ ആധുനികവൽക്കരണത്തിൽ വൻകിട അണക്കെട്ടുകൾ പ്രധാന പങ്കു വഹിച്ചു. കൃഷിക്കാവശ്യമായ ജലവും വ്യവസായങ്ങൾക്കാവശ്യമായ വൈദ്യുതോർജവും ഇതിൽനിന്നു ലഭിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ വിവിധോദ്ദേശ്യ നദീതടപദ്ധതിയായ ഭക്രാനംഗൽ പദ്ധതി സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ അഭിമാനമാണ്.

ജലസേചനസൗകര്യങ്ങൾ ലഭ്യമായതോടെ ഇന്ത്യയിൽ കാർഷികോൽപ്പാദനം വർധിച്ചു. കാർഷിക പുരോഗതി, കന്നുകാലി സംരക്ഷണം, ഭൗതികസാഹചര്യങ്ങളുടെ ഉന്നമനം തുടങ്ങിയ ലക്ഷ്യങ്ങളോടെ ദേശീയതലത്തിൽ അൻപത്തിയഞ്ച് പദ്ധതികൾക്ക് 1952 ഒക്ടോബർ 2 (മഹാത്മാഗാന്ധിയുടെ ജന്മദിനം) ന് തുടക്കം കുറിച്ചു.

എഞ്ചിനീയറിംഗ്, കാർഷികഗവേഷണം, ടൂറിസം, ആസൂത്രണം, തുടങ്ങിയവയുമായി ബന്ധപ്പെട്ടുള്ള തൊഴിൽ സാധ്യതകൾ വിശകനം ചെയ്യുക.

1990 കളിൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ പ്രകടമായ വ്യതിയാനമുണ്ടായി. പൊതുമേഖലയ്ക്ക് പകരം സ്വകാര്യമേഖലയ്ക്ക് പ്രാധാന്യം കൈവന്നു.

സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ സാമ്പത്തികമേഖലയിലെ പുരോഗതിയെക്കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക.




സ്വതന്ത്ര ഇന്ത്യ സാമ്പത്തികരംഗത്ത് കൈക്കൊണ്ട നടപടികളുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?



## ശാസ്ത്ര – സാങ്കേതിക നേട്ടങ്ങൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഇന്ത്യയുടെ കാർഷികപുരോഗതിയിലും വ്യവസായവൽക്കരണത്തിലും സാങ്കേതികവിദ്യക്കും സാങ്കേതികവിദഗ്ധർക്കും ഒരു പ്രധാന പങ്കുണ്ട്. ആധുനികശാസ്ത്രത്തിന്റെ ആരാധകനായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ഇന്ത്യ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചു. നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു. അവയിൽ ചിലത് താഴെപ്പറയുന്നു.



ഹോമി ജഹാംഗീർ ഭാഭ

- ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി (Council of Scientifc and Industrial Research)
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി (Indian Council for Agricultural Research)
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി (Indian Council of Medical Research)

ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയത് ഹോമി ജഹാംഗീർ ഭാഭയും എസ്.എൻ. ഭട്നാഗറുമായിരുന്നു. ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്രസ്ഥാപനങ്ങളാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജകമ്മീഷൻ എന്നിവ.



എസ്.എൻ. ഭട്നാഗർ

ലോകോത്തര നിലവാരമുള്ള നിരവധി എൻജിനീയറിങ് വിദ്യാലയങ്ങൾ അക്കാലത്ത് സ്ഥാപിതമായി. അഞ്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954 നും 1964 നും ഇടയ്ക്ക് സ്ഥാപിക്കുകയുണ്ടായി. ശാസ്ത്ര സാമഗ്രികളുടെയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ പാശ്ചാത്യരാജ്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കണം എന്ന നെഹ്റുവിന്റെ കാഴ്ചപ്പാടാണ് ഇതിന് അടിസ്ഥാനമായത്. തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ്, ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്രഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻനേട്ടം കൈവരിച്ചു.



ഐ.എസ്.ആർ.ഒ. ആസ്ഥാനം, ബാംഗളൂരു

## ഇന്ത്യയും ബഹിരാകാശഗവേഷണവും

സ്വാതന്ത്ര്യാനന്തരം ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യ നിരവധി പര്യവേക്ഷണങ്ങൾ നടത്തി. 1962 ൽ ജവഹർലാൽ നെഹ്റുവിന്റെയും ശാസ്ത്രജ്ഞനായ വിക്രംസാരാഭായിയുടെയും ശ്രമഫലമായി ഇന്ത്യൻ ദേശീയ ബഹിരാകാശ ഗവേഷണ സമിതി രൂപീകൃതമായി. അതിനെത്തുടർന്ന് 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടനയുടെ (ഐ.എസ്.ആർ.ഒ) രൂപീകരണത്തോടെ ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ നേതൃത്വം ഇതിന്റെ കീഴിലായി. തിരുവനന്തപുരത്തിനടുത്തുള്ള തുമ്പയിലാണ് ഇന്ത്യയിലെ ആദ്യത്തെ റോക്കറ്റ് വിക്ഷേപണകേന്ദ്രം ആരംഭിച്ചത്.




വി.എസ്.എസ്.സി, തുമ്പ

ഇന്ത്യൻ ബഹിരാകാശ ഗവേഷകരുടെ കൂട്ടായ പരിശ്രമഫലമായി 1975 ൽ ആര്യഭട്ട എന്ന ഉപഗ്രഹം വിജയകരമായി വിക്ഷേപിച്ചു. ഉപഗ്രഹങ്ങൾക്കു പുറമെ ബഹിരാകാശ വിക്ഷേപണവാഹനങ്ങളും ഇന്ത്യ വികസിപ്പിച്ചെടുത്തു. ഉപഗ്രഹങ്ങൾ നിർമിക്കാനും വിക്ഷേപിക്കാനും കഴിവുള്ള ഏക വികസ്വരരാഷ്ട്രമെന്ന ബഹുമതി നേടിയെടുക്കാൻ ഇന്ത്യക്ക് കഴിഞ്ഞത് നെഹ്റുവിന്റെ ദീർഘദൃഷ്ടി മൂലമാണ്. ഉപഗ്രഹങ്ങൾ വികസിപ്പിച്ചെടുക്കുന്നതിൽ ഏതാനും ഏജൻസികൾ ഇന്ന് നമുക്കുണ്ട്. അവ താഴെപ്പറയുന്നവയാണ്.

5HSLUA

- നാഷണൽ റിമോർട്ട് സെൻസിങ് ഏജൻസി
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി




ആര്യഭട്ട

മിസൈൽ സാങ്കേതികവിദ്യയിലും ഇന്ത്യ പുരോഗതി കൈവരിച്ചു. ഇന്ത്യ വികസിപ്പിച്ച മിസൈലുകളാണ് അഗ്നി, പൃഥ്വി തുടങ്ങിയവ. ഡോ. രാജാ രാമണ്ണ, ഡോ. എ.പി.ജെ. അബ്ദുൽകലാം



ഡോ. രാജാ രാമണ്ണ




## വിക്രം സാരാഭായി



ആണവശാസ്ത്ര മേഖലയിലും ബഹിരാകാശ മേഖലയിലും ഒരുപോലെ സംഭാവനകൾ നൽകിയ ശാസ്ത്രജ്ഞനാണ് വിക്രം സാരാഭായി. കേംബ്രിഡ്ജിൽ നിന്ന് ഉന്നതവിദ്യാഭ്യാസം നേടി ഇന്ത്യയിലെത്തിയ അദ്ദേഹം അഹമ്മദാബാദിലെ ഫിസിക്കൽ റിസർച്ച് ലബോറട്ടറിയിൽ ഫിസിക്സ് പ്രൊഫസറും ഡയറക്ടറുമായി. തുമ്പ ബഹിരാകാശ ഗവേഷണകേന്ദ്രം, അഹമ്മദാബാദിലെ ഉപഗ്രഹ വാർത്താവിനിമയ കേന്ദ്രം തുടങ്ങിയവയുടെ ശില്പി വിക്രം സാരാഭായിയാണ്. അദ്ദേഹത്തിന്റെ ഓർമയ്ക്കായി തുമ്പയിലെ ബഹിരാകാശ കേന്ദ്രത്തിന് 'വിക്രം സാരാഭായി സ്പേസ് സെന്റർ' (വി.എസ്.എസ്.സി) എന്ന പേരു നൽകി.



## ഡോ. എ.പി.ജെ. അബ്ദുൽകലാം



ഇന്ത്യയുടെ പതിനൊന്നാം രാഷ്ട്രപതിയായ ഡോ. എ.പി.ജെ. അബ്ദുൽകലാം ശാസ്ത്രജ്ഞനും ഗവേഷകനുമായിരുന്നു. മിസൈൽ സാങ്കേതികവിദ്യ പരിപോഷിപ്പിക്കുന്നതിൽ വിദഗ്ധനായിരുന്നു അദ്ദേഹം. ഐ.എസ്.ആർ.ഒയുടെ ചുമതല വഹിച്ച അദ്ദേഹം ബഹിരാകാശ ഉപഗ്രഹവിക്ഷേപണവാഹിനികൾ (SLV3, PSLV) വികസിപ്പിച്ചു. അദ്ദേഹത്തെ 'മിസൈൽ മാൻ ഓഫ് ഇന്ത്യ' എന്ന് വിശേഷിപ്പിക്കുന്നു.

എന്നിവർ ആണവരംഗത്ത് പരീക്ഷണങ്ങൾക്ക് നേതൃത്വം നൽകി.

ചാന്ദ്രയാൻ, മംഗൾയാൻ ദൗത്യങ്ങളോടെ ഇന്ത്യ ബഹിരാകാശ പര്യവേക്ഷണങ്ങളുടെ പുതുയുഗത്തിലേക്ക് പ്രവേശിച്ചു. ഇന്ത്യയുടെ ആദ്യത്തെ ചന്ദ്രപരീക്ഷണ ദൗത്യമായ ചന്ദ്രയാന് 2008 ഒക്ടോബറിൽ തുടക്കം കുറിച്ചു. അമേരിക്ക, റഷ്യ, യൂറോപ്യൻ സ്പേസ് ഏജൻസി, ചൈന, ജപ്പാൻ എന്നിവയ്ക്കുശേഷം ചന്ദ്രന്റെ ഭ്രമണപഥത്തിൽ സ്വന്തം പേടകമെത്തിക്കുന്ന രാജ്യമായി ഇന്ത്യ മാറി. ഇന്ത്യൻ ബഹിരാകാശ വകുപ്പിന്റെ ചൊവ്വ ദൗത്യത്തിന്റെ പേരാണ് മംഗൾയാൻ. ഭൂമിയിൽ നിന്ന് ഏറ്റവും അകലെയെത്തിയ ഇന്ത്യൻ നിർമിത പേടകമെന്ന ഖ്യാതി മംഗൾയാനാണ്. ഇതിന്റെ ചുവടുപിടിച്ചുകൊണ്ട് ബഹിരാകാശ ഗവേഷണരംഗത്ത് പുതിയ പരീക്ഷണങ്ങൾക്കൊരുങ്ങുകയാണ് ഇന്ത്യ.

സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ശാസ്ത്രസാങ്കേതികവും ബഹിരാകാശ ഗവേഷണവുമായി ബന്ധപ്പെട്ടുള്ള ഉപരിപഠനമേഖലകൾ തിരിച്ചറിയുക.

ബഹിരാകാശ രംഗത്തെ ഇന്ത്യയുടെ നേട്ടങ്ങൾ എന്ന ആശയത്തെ അടിസ്ഥാനമാക്കി ഒരു സചിത്ര ആൽബം തയാറാക്കുക.



ശാസ്ത്രരംഗത്ത് കൈവരിച്ച നേട്ടങ്ങൾ ഇന്ത്യയുടെ പുരോഗതിക്ക് സഹായകമായതെങ്ങനെ?



## വിദ്യാഭ്യാസം

*"ഇന്ത്യയുടെ ഭാവി നിർണയിക്കപ്പെടുന്നത് ഇന്ത്യയുടെ ക്ലാസ് മുറികളിലാണ്".*

***ഡോ. ഡി.എസ്. കോത്താരി***

രാഷ്ട്രപുരോഗതിയിൽ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം തിരിച്ചറിഞ്ഞ ദേശീയനേതാക്കൾ സ്വാതന്ത്ര്യാനന്തരം തദ്ദേശീയമായ വിദ്യാഭ്യാസനയം വളർത്തിയെടുക്കാൻ ശ്രമിച്ചു. ഇന്ത്യൻ വിദ്യാഭ്യാസത്തെക്കുറിച്ച് പഠിക്കുന്നതിനും ശുപാർശകൾ സമർപ്പിക്കുന്നതിനുമായി ഗവൺമെന്റ് പല ഘട്ടങ്ങളിലായി വിവിധ കമ്മീഷനുകളെ നിയമിച്ചു. താഴെ നൽകിയിട്ടുള്ള പട്ടികയിൽ നിന്ന് അവയെക്കുറിച്ച് മനസ്സിലാക്കാം.

| കമ്മീഷനുകൾ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| • ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവകലാശാലാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം | • തൊഴിലധിഷ്ഠിത വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങുക.<br>• സ്ത്രീവിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകണം.<br>• യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷൻ (യു.ജി.സി) രൂപീകരിക്കണം. |
| • ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം | • ത്രിഭാഷാ പദ്ധതി നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ വിദ്യാഭ്യാസ കമ്മീഷൻ രൂപീകരിക്കണം.<br>• വിവിധോദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കണം.<br>• അധ്യാപകപരിശീലന സമിതി രൂപീകരിക്കണം. |
| • ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ (1964) | വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃകയെപ്പറ്റിയുള്ള നിർദേശം | • 10+2+3 മാതൃകയിൽ വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കണം.<br>• മൂല്യവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം. |

1986 ൽ ദേശീയ വിദ്യാഭ്യാസ നയം (NPE - Nation Policy on Education) രൂപീകരിച്ചു. പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കിയത്. 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാന നിർദേശങ്ങൾ താഴെപ്പറയുന്നു:

- പ്രാഥമികവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.
- പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും 'ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്' പദ്ധതി നടപ്പിലാക്കണം.
- ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.
- പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.



**മൗലാനാ അബുൽ കലാം ആസാദ്**

സ്വതന്ത്ര ഇന്ത്യയുടെ ആദ്യത്തെ വിദ്യാഭ്യാസമന്ത്രിയാണ് മൗലാനാ അബുൽ കലാം ആസാദ്. സ്വതന്ത്ര ഇന്ത്യയുടെ വിദ്യാഭ്യാസനയം രൂപപ്പെടുത്തുന്നതിൽ അദ്ദേഹം സുപ്രധാന പങ്കുവഹിച്ചു. അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 11 ദേശീയ വിദ്യാഭ്യാസദിനമായി ആചരിക്കുന്നു. അദ്ദേഹം രചിച്ച ശ്രദ്ധേയമായ ഗ്രന്ഥമാണ് 'ഇന്ത്യ വിൻസ് ഫ്രീഡം'.

വിദ്യാഭ്യാസരംഗത്ത് ശ്രദ്ധേയമായ മാറ്റങ്ങൾക്കു തുടക്കം കുറിക്കാൻ പുത്തൻ വിദ്യാഭ്യാസനയത്തിന് കഴിഞ്ഞു. 2009 ൽ ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസം മൗലികാവകാശമാക്കിക്കൊണ്ട് നിയമം പാസാക്കി.

*കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള സർവശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ തുടങ്ങിയവ സംയോജിപ്പിച്ച് 2018 മുതൽ "സമഗ്രശിക്ഷാ അഭിയാൻ" പദ്ധതി രാജ്യത്ത് നടപ്പാക്കിവരുന്നു.*

സ്വാതന്ത്ര്യാനന്തര ഇന്ത്യ വിദ്യാഭ്യാസമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശകലനം ചെയ്യുക.



## സാംസ്കാരികനേട്ടങ്ങൾ

സ്വാതന്ത്ര്യാനന്തര ഇന്ത്യ സാംസ്കാരിക മേഖലയിലും വൻപുരോഗതി നേടുകയുണ്ടായി. ഇന്ത്യക്ക് തനതായ ഒരു സാംസ്കാരികപാരമ്പര്യം ഉണ്ട് എന്ന് മുൻ ക്ലാസുകളിൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇന്ത്യക്കകത്തും പുറത്തും ഇന്ത്യയുടെ സാംസ്കാരിക മുന്നേറ്റത്തിന്റെ പ്രോത്സാഹനം ലക്ഷ്യമാക്കി സ്വാതന്ത്ര്യാനന്തരം ധാരാളം സ്ഥാപനങ്ങൾ ആരംഭിച്ചു. ഇവയിൽ പ്രധാനപ്പെട്ടവ പട്ടികയിൽ നൽകിയിരിക്കുന്നു.



**സാംസ്കാരിക വിനിമയം**
**അധ്യാപകർക്കായി**

വിദ്യാഭ്യാസത്തെ സംസ്കാരവുമായി ബന്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സാംസ്കാരിക വകുപ്പ് 1979 ൽ രൂപീകരിച്ച സ്ഥാപനമാണ് സെന്റർ ഫോർ കൾച്ചറൽ റിസോഴ്സ് ആന്റ് ട്രെയിനിങ് (Centre for Cultural Resource and Training). ന്യൂഡൽഹിയാണ് ആസ്ഥാനം. അധ്യാപകർക്കും കുട്ടികൾക്കുമായി സാംസ്കാരിക വിനിമയത്തിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.



| സ്ഥാപനം | പ്രവർത്തനങ്ങൾ | ആസ്ഥാനം |
| --- | --- | --- |
| • സംഗീത നാടക അക്കാദമി | • ദി നാഷണൽ അക്കാദമി ഓഫ് ഡാൻസ്, ഡ്രാമ ആന്റ് മ്യൂസിക് എന്നാണ് ഇത് മുൻപ് അറിയപ്പെട്ടിരുന്നത്.സംഗീതത്തിന്റെയും നാടകത്തിന്റെയും പ്രോത്സാഹനമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • ലളിതകലാ അക്കാദമി | • ഇന്ത്യക്കകത്തും പുറത്തും ഇന്ത്യൻ കലകളുടെ പ്രചാരണമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • സാഹിത്യ അക്കാദമി | • ഇന്ത്യൻ ഭാഷാ സാഹിത്യത്തിന്റെ ഉന്നമനമാണ് ലക്ഷ്യം. | • ന്യൂഡൽഹി |
| • നാഷണൽ സ്കൂൾ ഓഫ് ഡ്രാമ | • സംഗീത നാടക അക്കാദമിയുടെ കീഴിൽ സ്ഥാപിതമായി. സ്കൂൾ ഓഫ് ഡ്രാമ എല്ലാ വർഷവും നാടകമേള നടത്തുന്നു | • ന്യൂഡൽഹി |
| • നാഷണൽ ബുക്ക് ട്രസ്റ്റ് ഓഫ് ഇന്ത്യ | • കുറഞ്ഞ ചെലവിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുക. വായന വളർത്തുക, ഇന്ത്യൻ പുസ്തകങ്ങൾ സ്വദേശത്തും വിദേശത്തും പ്രോത്സാഹിപ്പിക്കുക. | • ന്യൂഡൽഹി |

## വിദേശനയം

*ലോകത്തെ എല്ലാ ജനവിഭാഗത്തിന്റെയും സൗഖ്യവും സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന വലിയ ദൗത്യം ഏറ്റെടുത്തുകൊണ്ട് എല്ലാവരുമായും സൗഹൃദപരമായ സഹകരണമാണ് നമ്മുടെ ലക്ഷ്യം, ആരുമായും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് ഞങ്ങൾ തയാറല്ലെന്നാണ് ലോകരാജ്യങ്ങളോടുണർത്താനുള്ളത്.*

**ജവഹർലാൽ നെഹ്റുവിന്റെ പ്രസംഗം (1947)**

വിദേശരാജ്യങ്ങളോടുള്ള ഇന്ത്യയുടെ സമീപനം വ്യക്തമാക്കുന്നതാണ് നെഹ്റുവിന്റെ ഈ വാക്കുകൾ. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപപ്പെടുത്തിയ വിദേശനയമാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വീകരിച്ചത്. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി ജവഹർലാൽ നെഹ്റു ആണ്.

ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങളാണ് ചുവടെ തന്നിട്ടുള്ളത്:

- സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്.
- വംശീയവാദത്തോടുള്ള വിദ്വേഷം.
- ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം.
- സമാധാനപരമായ സഹവർത്തിത്വം.
- പഞ്ചശീലതത്ത്വങ്ങൾ
- വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.
- ചേരിചേരായ്മ



സ്വതന്ത്ര ഇന്ത്യയുടെ വിദേശനയത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ മൂല്യങ്ങൾ എത്രമാത്രം പ്രതിഫലിച്ചിരുന്നു? പരിശോധിക്കുക.

## പഞ്ചശീലതത്ത്വങ്ങൾ

1954 ൽ ചൈനയുമായി അതിർത്തിത്തർക്കം ഉണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ. ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയുമാണ് സംയുക്ത പ്രസ്താവനയിൽ ഒപ്പുവച്ചത്. ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലമെങ്കിലും എല്ലാ രാജ്യങ്ങളോടുമുള്ള ഇന്ത്യയുടെ സമീപനം അതു തന്നെയായിരുന്നു.

അവ താഴെ പറയുന്നു:

- രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.
- പരസ്പരം ആക്രമിക്കാതിരിക്കുക.
- ആഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.
- സമത്വവും പരസ്പരസഹായവും പുലർത്തുക.
- സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.


*സ്വാതന്ത്ര്യാനന്തര ഇന്ത്യ വിവിധ മേഖലകളിൽ കൈവരിച്ച നേട്ടങ്ങളെ ആസ്പദമാക്കി ഒരു ദൃശ്യാവിഷ്കാരം (Visual Presentation) തയാറാക്കുക.*



രണ്ടാം ലോകയുദ്ധാനന്തരം രൂപീകരിക്കപ്പെട്ട ചേരിചേരാപ്രസ്ഥാനത്തെക്കുറിച്ച് മുൻ പാഠഭാഗത്ത് ചർച്ച ചെയ്തത് ഓർക്കുമല്ലോ. അതിന്റെ രൂപീകരണത്തിന് നേതൃത്വം കൊടുത്തതിലൊരാൾ ഇന്ത്യൻ പ്രധാനമന്ത്രിയായ ജവഹർലാൽ നെഹ്റുവായിരുന്നു. അന്താരാഷ്ട്രപ്രശ്നങ്ങളിൽ സ്ഥിരമായി ഒരു ചേരിയോടൊപ്പം നിൽക്കാതെ പ്രശ്നത്തിന്റെ ശരിതെറ്റുകൾ വിലയിരുത്തി നിലപാടെടുക്കുക എന്ന സമീപനമാണ് ഇന്ത്യ സ്വീകരിച്ചത്.

ഇന്നത്തെ ഇന്ത്യയുടെ വിദേശനയം പരിശോധിച്ച് അതിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ എന്തെങ്കിലും മാറ്റമുണ്ടോയെന്ന് ചർച്ചചെയ്യുക.





## വിലയിരുത്താം

- സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യക്ക് അഭിമുഖീകരിക്കേണ്ടി വന്ന പ്രധാന പ്രശ്നങ്ങൾ എന്തെല്ലാമായിരുന്നു?
- നാട്ടുരാജ്യങ്ങളുടെ ഏകീകരണത്തെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക.
- ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാനരൂപീകരണത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ വിശകലനം ചെയ്യുക.
- ഇന്ത്യൻ ഭരണഘടനാരൂപീകരണത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. ഈ പ്രസ്താവന വിലയിരുത്തുക.
- സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ ബഹിരാകാശരംഗത്തുണ്ടായ പുരോഗതി വിശദമാക്കുക.
- 1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രത്യേകതകൾ വിശദമാക്കുക.
- ഇന്ത്യൻ വിദേശനയത്തിന്റെ പ്രധാന തത്ത്വങ്ങൾ പട്ടികപ്പെടുത്തുക.

## തുടർപ്രവർത്തനങ്ങൾ

- ലോകരാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെ അടിസ്ഥാനമാക്കി ഒരു പ്രബന്ധം തയാറാക്കുക.
- ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ പേര്, തലസ്ഥാനം, രൂപംകൊണ്ട വർഷം എന്നിവ ചേർത്ത് പട്ടിക തയാറാക്കുക.
- സ്വാതന്ത്ര്യാനന്തര ഭാരതം വിവിധ മേഖലകളിൽ കൈവരിച്ച പുരോഗതിയെ അടിസ്ഥാനമാക്കി ഒരു ഓൺലൈൻ ക്വിസ് തയാറാക്കി അവതരിപ്പിക്കുക.

അധ്യായം

08



# കേരളം ആധുനികതയിലേക്ക്

**1498**

**മെയ് 20 ഞായർ**

*'സമീപസ്ഥമായി മനോഹരമായ മലനിരകൾ ഉണ്ടായിരുന്നു. ഞങ്ങളുടെ വഴികാട്ടിക്ക് സ്ഥലം പെട്ടെന്ന് കൃത്യമായി തിരിച്ചറിയാൻ പറ്റിയില്ല. കരയോട് കുറേക്കൂടി അടുത്തപ്പോൾ അയാൾ പറഞ്ഞു, നമ്മൾ കലെക്കുറ്റിന് വടക്കായിട്ടാണെന്നും ഇതുതന്നെയാണ് നമ്മുടെ ലക്ഷ്യസ്ഥാനമെന്നും . അന്നുരാത്രി കലെക്കുറ്റ് പട്ടണത്തിന് രണ്ടുകാതം ദൂരെ ഞങ്ങൾ നങ്കൂരമിട്ടു. കാപ്പ്യ (കാപ്പാട്) എന്ന ഈ പട്ടണത്തെ ഞങ്ങളുടെ വഴികാട്ടി കലെക്കുറ്റ് എന്ന് തെറ്റിദ്ധരിച്ചതിനാലാണ് ഇപ്രകാരം ചെയ്തത്. അൽപ്പം ദൂരെയായി പന്തരിനി (പന്തലായിനി) എന്ന പട്ടണവുമുണ്ട്. നാല് വഞ്ചികളിലായി കരയിൽ നിന്നു പുറപ്പെട്ട കുറേപ്പേർ ഞങ്ങളെ സമീപിച്ചു. അവർക്ക് അറിയേണ്ടത് ഞങ്ങൾ ഏതു നാട്ടുകാർ ആണെന്നായിരുന്നു. കലെക്കുറ്റിലേക്കുള്ള വഴി അവർ ചൂണ്ടിക്കാട്ടി തന്നു.'*

*വാസ്ഗോഡഗാമയ്ക്കൊപ്പം കേരളത്തിലെത്തിയ പോർട്ടുഗീസ് നാവികൻ അൽവാരോ വെൻഹോവിന്റെ ഡയറിക്കുറിപ്പുകൾ*

മുകളിൽ കൊടുത്തിട്ടുള്ള ഡയറിക്കുറിപ്പ് എന്താണ് സൂചിപ്പിക്കുന്നത്? പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനകാലത്താണ് യൂറോപ്യർ വ്യാപാരത്തിനായി കേരളതീരത്തെത്തുന്നത്. കേരളവുമായി വ്യാപാരത്തിലേർപ്പെട്ടിരുന്നവരിൽ പ്രധാനികൾ അറബികളും ചൈനക്കാരുമായിരുന്നു. അവരുടെ വ്യാപാരക്കുത്തക അവസാനിപ്പിക്കുക എന്നതായിരുന്നു പോർട്ടുഗീസുകാരുടെ ലക്ഷ്യം. കോഴിക്കോട്ടെ ഭരണാധികാരിയായ സാമൂതിരിയോട് അറബിക്കച്ചവടക്കാരെ പുറത്താക്കണമെന്ന് പോർട്ടുഗീസുകാർ ആവശ്യപ്പെട്ടു. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ സാമൂതിരി തയാറാകാതിരുന്നത് പോർട്ടുഗീസുകാരെ കുപിതരാക്കി. കോഴിക്കോടിന്റെ ശത്രുരാജ്യമായ കൊച്ചിയിൽ താവളമുറപ്പിച്ച് കേരളത്തിൽ ആധിപത്യം നേടാൻ അവർ പരിശ്രമിച്ചു. കുഞ്ഞാലിമര

### കുഞ്ഞാലി മരക്കാർമാർ



കുഞ്ഞാലി മരക്കാർ സ്മാരകം - വടകര

കോഴിക്കോട്ട് ഭരണം നടത്തിയിരുന്ന സാമൂതിരിമാരുടെ നാവികപ്പടയുടെ തലവൻമാരായിരുന്നു കുഞ്ഞാലി മരക്കാർമാർ. കോഴിക്കോട് ജില്ലയിലെ വടകരയ്ക്കടുത്തുള്ള പുതുപ്പണത്തെ മരക്കാർ കോട്ടയായിരുന്നു ഇവരുടെ ആസ്ഥാനം. ഇവർ നാലുപേർ ഉണ്ടായിരുന്നു. പോർട്ടുഗീസുകാരുടെ കൈയിൽ നിന്നു ചാലിയം കോട്ട തിരിച്ചുപിടിക്കാൻ സാമൂതിരിയെ സഹായിച്ചത് കുഞ്ഞാലി മൂന്നാമനാണ്. ചാലിയംകോട്ടയിലെ വിജയത്തെ പ്രകീർത്തിച്ചുകൊണ്ട് ഖാസി മുഹമ്മദ് പതിനാറാം നൂറ്റാണ്ടിൽ എഴുതിയ അറബി കാവ്യമാണ് 'ഫത്ത്ഹുൽ മുബീൻ' (വ്യക്തമായ വിജയം).

*ഇസ്‌ലാം മതത്തിനും*
*ഹിന്ദുധർമത്തിനും വേണ്ടിയൊരു*
*പോലെ പോരാടിടും*
*ഹിന്ദുവായുള്ളൊരീ രാജാവിനെ*
*കണ്ടുപഠിക്കുവിൻ സുൽത്താന്മാരെ*

എന്ന വരികൾ അക്കാലത്തെ സാമുദായിക സൗഹാർദത്തെ സൂചിപ്പിക്കുന്നു.

ക്കാരുടെ നേതൃത്വത്തിലുള്ള സാമൂതിരിയുടെ നാവികപ്പട പോർട്ടുഗീസുകാർക്കെതിരെ അറബിക്കടലിൽ ശക്തമായ ചെറുത്തുനിൽപ്പുകൾ നടത്തിയെങ്കിലും വിജയിക്കാനായില്ല.

പോർട്ടുഗീസുകാരെ കൂടാതെ ഡച്ചുകാരും ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും വ്യാപാര കുത്തക നേടിയെടുക്കുന്നതിന് പരസ്പരം മത്സരിച്ചു. കുരുമുളകിനു വേണ്ടിയായിരുന്നു ഈ മൽസരങ്ങളെല്ലാം. 1663 ൽ ഡച്ചുകാർ പോർട്ടുഗീസുകാരെ കേരളത്തിൽ നിന്നു തുരത്തി. എന്നാൽ ബ്രിട്ടീഷുകാരുടെ സഹായത്തോടെ തിരുവിതാംകൂറിലെ ഭരണാധികാരിയായ മാർത്താണ്ഡവർമ 1741 ലെ കുളച്ചൽ യുദ്ധത്തിൽ ഡച്ചുകാരെ പരാജയപ്പെടുത്തിയതോടെ അവർക്ക് കേരളം വിട്ടുപോകേണ്ടി വന്നു. ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും തമ്മിൽ നടന്ന കർണാട്ടിക് യുദ്ധങ്ങളിൽ ബ്രിട്ടീഷുകാർ വിജയിച്ചതോടെ ദക്ഷിണേന്ത്യയിലെ വ്യാപാര കുത്തക ബ്രിട്ടീഷുകാരുടെ കൈയിലായി.



മാർത്താണ്ഡവർമ

കേരളത്തിലേക്കുള്ള യൂറോപ്യൻ ആഗമനത്തെയും അവരുടെ ലക്ഷ്യങ്ങളെയുംകുറിച്ച് ചർച്ച ചെയ്യുക.

### കുളച്ചൽ യുദ്ധം

'കുളച്ചൽ യുദ്ധം ഡച്ചുകാരെ സംബന്ധിച്ചിടത്തോളം അത്യന്തം വിനാശകരമായിരുന്നു. പ്ലാസിയുദ്ധത്തെപ്പോലെ ഇതും ഒരു മഹായുദ്ധമൊന്നുമായിരുന്നില്ല. പക്ഷേ, കേരളം (മലബാർ) പിടിച്ചെടുക്കാമെന്ന ഡച്ചുകാരുടെ മോഹം ഇതോടെ അസ്തമിച്ചു. ഡച്ചുകാരുടെ ആയുധബലത്തിനേറ്റ ആദ്യത്തെ ശക്തിയേറിയ പ്രഹരമായിരുന്നു കുളച്ചൽ യുദ്ധം. അതിന്റെ ആഘാതത്തിൽ നിന്നും മുക്തി നേടാൻ പിന്നീടൊരിക്കലും അവർക്ക് കഴിഞ്ഞില്ല. ഇതുതന്നെയാണ് ഈ യുദ്ധംകൊണ്ടുണ്ടായ ധാർമികനേട്ടവും".

**സർദാർ കെ.എം. പണിക്കർ,**
**ഹിസ്റ്ററി ഓഫ് കേരള**

## ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കേരളത്തിലേക്ക്

ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രതിനിധിയായി 1615 ൽ കേരളത്തിലെത്തിയ ബ്രിട്ടീഷുകാർ സാമൂതിരിയെ സന്ദർശിക്കുകയും വ്യാപാര ഉടമ്പടിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു. പിന്നീട് വിഴിഞ്ഞത്തും തലശ്ശേരിയിലും അഞ്ചുതെങ്ങിലും പാണ്ടികശാലകൾ (സംഭരണകേന്ദ്രങ്ങൾ) ആരംഭിക്കാനുള്ള അനുമതി കമ്പനി കരസ്ഥ

മാക്കി. തുടർന്ന് ആറ്റിങ്ങൽ (തിരുവനന്തപുരം) റാണിയിൽനിന്ന് അഞ്ചുതെങ്ങിൽ കോട്ടപണിയാനുള്ള അനുവാദം നേടിയെടുത്തു. പിൽക്കാലത്ത് പടിഞ്ഞാറൻ തീരത്തെ ബ്രിട്ടീഷുകാരുടെ ഏറ്റവും പ്രധാന സൈനികകേന്ദ്രമായി അഞ്ചുതെങ്ങ് മാറി. അഞ്ചുതെങ്ങിനെ ബ്രിട്ടീഷ് സൈനികകേന്ദ്രമാക്കിയതിൽ നാട്ടുകാർക്ക് ശക്തമായ പ്രതിഷേധമുണ്ടായിരുന്നു. 1721 ൽ ആറ്റിങ്ങൽ റാണിക്ക് സമ്മാനവുമായി പോകുകയായിരുന്ന നൂറ്റമ്പതോളം പേരുള്ള ഇംഗ്ലീഷ് സംഘത്തെ നാട്ടുകാർ വധിച്ചു. ഇത് ആറ്റിങ്ങൽ കലാപം എന്നറിയപ്പെടുന്നു. ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ സംഘടിത കലാപമായാണ് ആറ്റിങ്ങൽ കലാപത്തെ കണക്കാക്കുന്നത്.

മൈസൂരിലെ ഭരണാധികാരികളും ബ്രിട്ടീഷുകാരും തമ്മിൽ 1792 ൽ ഒപ്പിട്ട ശ്രീരംഗപട്ടണം സന്ധിപ്രകാരം മലബാർ ബ്രിട്ടീഷുകാർക്കുലഭിച്ചു. 1792 – ൽ കൊച്ചിരാജാവ് ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ച് കപ്പം കൊടുക്കാൻ നിർബന്ധിതനായി. 1795 ലെ ഉടമ്പടിപ്രകാരം തിരുവിതാംകൂറും ബ്രിട്ടീഷ് മേൽക്കോയ്മ അംഗീകരിച്ചു. പകരമായി ശത്രുക്കളിൽ നിന്ന് സംരക്ഷണം അവർക്ക് ബ്രിട്ടീഷുകാർ വാഗ്ദാനം ചെയ്തു. അങ്ങനെ മലബാറിൽ നേരിട്ടും കൊച്ചിയിലും തിരുവിതാംകൂറിലും സാമന്തരാജാക്കന്മാർ വഴിയും ബ്രിട്ടീഷുകാർ ഭരണം നടത്തി. ചുരുക്കത്തിൽ, പതിനെട്ടാം നൂറ്റാണ്ടോടെ കേരളം പൂർണമായി ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിലായി.

മലബാർ, തിരുവിതാംകൂർ, കൊച്ചി തുടങ്ങിയ പ്രദേശങ്ങൾ ബ്രിട്ടീഷ് നിയന്ത്രണത്തിൽ വന്നതെങ്ങനെ? കുറിപ്പ് തയാറാക്കുക.



## ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാലചെറുത്തുനിൽപ്പുകൾ

**വേലുത്തമ്പി ദളവയുടെ കുണ്ടറവിളംബരത്തിൽനിന്ന്...**

*"അന്യരുടെ രാജ്യങ്ങൾ വഞ്ചനകൊണ്ട് കൈയടക്കുന്നത് അവരുടെ വംശപാരമ്പര്യമാണ്. അങ്ങനെ ഒരു രാജ്യം അവരുടെ കൈപ്പിടിയിലമർന്നാൽ അവരുടെ പട്ടാളം അവിടത്തെ രാജധാനിയും കോട്ടയും തങ്ങളുടെ രക്ഷാശാസനത്തിൽ കൊണ്ടുവരും. രാജാവിന്റെയും അഭിജാതവർഗത്തിന്റെയും പരമ്പരാഗതമായ അന്തസ്സും പദവികളും ആചാരാനുഷ്ഠാനങ്ങളും എല്ലാം അതോടെ അവസാനിക്കും. ഉപ്പുൾപ്പെടെയുള്ള എല്ലാ വ്യാപാരങ്ങളും അവരുടെ കുത്തകയാകും. വസ്തുക്കളും വീടും വയലുകളും ഫലവൃക്ഷത്തോട്ടങ്ങളും അവരുടേതാകും. ഏറ്റവും നിസ്സാരമായ കുറ്റങ്ങൾക്കുപോലും അവരുടെ നികൃഷ്ട ജന്മാക്കളായ കിങ്കരന്മാർ കഠിനശിക്ഷ നൽകും..."*

**അവലംബം : കൃഷ്ണചൈതന്യ, കേരളം, പേജ് –51**

രാഷ്ട്രീയാധിപത്യം കൈക്കലാക്കിയ ബ്രിട്ടീഷുകാർ രാജാക്കന്മാരുടെയും നാടുവാഴികളുടെയും അധികാരത്തിൽ ഇടപെടാൻ തുടങ്ങി. നൂറ്റാണ്ടുകളായി അനുഭവിച്ചുകൊണ്ടിരുന്ന സ്വാതന്ത്ര്യത്തിന്റെയും അവകാശങ്ങളുടെയും മേലുള്ള കൈകടത്തലുകൾ അവർക്ക് ഇഷ്ടമായില്ല. ഇതിനെതിരെ മലബാറിലും കൊച്ചി

### കേരളസിംഹം

കേരളസിംഹം എന്ന പേരിൽ അറിയപ്പെട്ട പഴശ്ശിരാജായെ ബ്രിട്ടീഷ് രേഖകളിൽ 'പൈച്ചിരാജ' യെന്നും 'കൊട്ട്യോട്ട് രാജ' യെന്നുമാണ് വിശേഷിപ്പിക്കുന്നത്. പഴശ്ശി രാജാവിന്റെ ജീവിതം ഇതിവൃത്തമാക്കി സർദാർ കെ.എം. പണിക്കർ 'കേരള സിംഹം' എന്ന പേരിൽ ഒരു ചരിത്രനോവൽ എഴുതിയിട്ടുണ്ട്. ബ്രിട്ടീഷുകാർക്ക് പിടികൊടുക്കാതെ തന്റെ വജ്രമോതിരം വിഴുങ്ങി പഴശ്ശിരാജാവ് ആത്മഹത്യ ചെയ്തതായാണ് നോവലിലെ പരാമർശം.


പഴശ്ശിസ്മാരകം മാനന്തവാടി

യിലും തിരുവിതാംകൂറിലും ബ്രിട്ടീഷുകാർക്കെതിരെ ചെറുത്തുനിൽപ്പുകൾ വളർന്നുവന്നു.

## പഴശ്ശിക്കലാപങ്ങൾ

ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ മലബാറിൽ നടന്ന ശക്തമായ ചെറുത്തു നിൽപ്പിന് നേതൃത്വം നൽകിയത് മലബാറിലെ കോട്ടയം രാജകുടുംബത്തിലെ കേരളവർമ പഴശ്ശിരാജയാണ്. മൈസൂരിലെ ഭരണാധികാരികൾക്കെതിരെ ബ്രിട്ടീഷുകാരെ സഹായിച്ചതിനു പകരമായി കോട്ടയം പ്രദേശത്തെ നികുതി പിരിക്കാനുള്ള അധികാരം ബ്രിട്ടീഷുകാർ പഴശ്ശിരാജയ്ക്ക് വാഗ്ദാനം ചെയ്തിരുന്നു. എന്നാൽ വിജയിച്ചശേഷം വാഗ്ദാനം നിറവേറ്റാൻ ബ്രിട്ടീഷുകാർ തയാറായില്ല. മാത്രവുമല്ല, വയനാടിന് മേൽ ബ്രിട്ടീഷുകാർ അവകാശവാദം ഉന്നയിക്കുകയും ചെയ്തു. ഇതിനെതിരെ പഴശ്ശിരാജാ ജനങ്ങളെ സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പോരാടി. ചെമ്പൻപോക്കർ, കൈതേരി അമ്പുനായർ, എടച്ചേന കുങ്കൻനായർ, വയനാട്ടിലെ കുറിച്യനേതാവായ തലക്കൽ ചന്തു എന്നിവരുടെ സഹായത്താൽ പഴശ്ശി ശക്തമായ ഒളിപ്പോർ നടത്തി. പോരാട്ടത്തിനിടയിൽ 1805 നവംബർ 30 ന് പഴശ്ശിരാജാ വധിക്കപ്പെട്ടു.

## വേലുത്തമ്പിയും പാലിയത്തച്ചനും


മണ്ണടിയിലെ വേലുത്തമ്പി ദളവയുടെ പ്രതിമയും സ്മാരകവും

തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും ആഭ്യന്തരകാര്യങ്ങളിൽ ബ്രിട്ടീഷുകാർ അനിയന്ത്രിതമായി ഇടപെട്ടതിനെതിരായാണ് ദിവാൻമാരായ വേലുത്തമ്പിയും പാലിയത്തച്ചനും പ്രതിഷേധിച്ചത്. 1809 ജനുവരി 11 ന് പുറത്തിറക്കിയ കുണ്ടറവിളംബരത്തിലൂടെ വേലുത്തമ്പി ബ്രിട്ടീഷുകാർക്കെതിരെ ആയുധമെടുത്തു പോരാടാൻ ജനങ്ങളോട് ആഹ്വാനം ചെയ്തു. തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും സംയുക്തസൈന്യം ബ്രിട്ടീഷ് റസിഡന്റ് മെക്കാളെയുടെ ഔദ്യോഗികവസതി ആക്രമിച്ചു. പക്ഷേ, ബ്രിട്ടീഷ് സൈന്യത്തിനു മുൻപിൽ പിടിച്ചുനിൽക്കാൻ ഇവർക്കായില്ല. പിടിക്കപ്പെടുമെന്നുറപ്പായപ്പോൾ വേലുത്തമ്പിദളവ മണ്ണടിയിലെ ക്ഷേത്രത്തിൽ വച്ച് ആത്മഹത്യ ചെയ്തു. അരിശം തീരാത്ത ബ്രിട്ടീഷുകാർ

വേലുത്തമ്പിദളവയുടെ മൃതശരീരം തിരുവനന്തപുരത്തെ കണ്ണമ്മൂലയിൽ കെട്ടിത്തൂക്കി. പാലിയത്തച്ചനെ മദ്രാസിലേക്കു നാടുകടത്തി.

പഴശ്ശിരാജ, വേലുത്തമ്പി, പാലിയത്തച്ചൻ എന്നിവരുടെ പരാജയത്തോടെ ബ്രിട്ടീഷുകാരോടുള്ള നാടുവാഴികളുടെ എതിർപ്പ് അവസാനിച്ചു. എന്നാൽ ജനകീയ ചെറുത്തുനിൽപ്പുകൾ തുടർന്നു.



പാലിയത്തച്ചൻ



- ബ്രിട്ടീഷുകാർക്കെതിരെ കേരളത്തിൽ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകൾ, ഇവ നടന്ന പ്രദേശങ്ങൾ, കാരണങ്ങൾ എന്നിവ ഉൾപ്പെടുത്തി പട്ടിക തയാറാക്കുക.

## കേരളം ലോകകമ്പോളത്തിന്റെ ഭാഗമാകുന്നു

ഭരണനിയന്ത്രണം ഏറ്റെടുത്തതോടെ ബ്രിട്ടീഷുകാർ ഇവിടത്തെ ഉൽപ്പന്നങ്ങൾ ചുരുങ്ങിയ വിലയ്ക്ക് കൈക്കലാക്കുകയും അവരുടെ നാട്ടിലുണ്ടാക്കുന്ന വ്യാവസായിക ഉൽപ്പന്നങ്ങൾ ഉയർന്ന വിലയ്ക്ക് ഇവിടെ വിറ്റഴിക്കുകയും ചെയ്തു. ഇതോടെ സ്വയംപര്യാപ്തമായിരുന്ന നമ്മുടെ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ തകർന്നു. അങ്ങനെ ബ്രിട്ടീഷ് ഭരണത്തിനുകീഴിൽ വിദേശവ്യാപാരം വൻതോതിൽ വർധിച്ചു. കേരളം ലോകകമ്പോളത്തിന്റെ ഭാഗമായി മാറി.

| കയറ്റുമതി | ഇറക്കുമതി |
|---|---|
| • നാളികേരം<br>• ശർക്കര<br>• കശുവണ്ടി<br>• കുരുമുളക്<br>• അടക്ക<br>• ഇരുമ്പയിര് | • തുണിത്തരങ്ങൾ<br>• മണ്ണെണ്ണ<br>• പുകയില<br>• പഞ്ചസാര<br>• ലോഹഉൽപ്പന്നങ്ങൾ |

മുകളിൽ നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് കേരളത്തിലെ വിദേശവ്യാപാരത്തെക്കുറിച്ച് എന്തെല്ലാം നിഗമനങ്ങളിൽ എത്തിച്ചേരാൻ കഴിയും?

- 
- 
- 
- 



വ്യാപാരം സുഗമമാക്കാൻ മലബാറിലും കൊച്ചിയിലും തിരുവിതാംകൂറിലും നിലനിന്നിരുന്ന വ്യാപാരനിയമങ്ങൾ തങ്ങൾക്കനുകൂലമായി ബ്രിട്ടീഷുകാർ ഭേദഗതിചെയ്തു. ഏകീകരിച്ച നാണയവ്യവസ്ഥയും അളവുതൂക്കസമ്പ്രദായവും നടപ്പിലാക്കി. വ്യാപാരത്തിനായി ഗതാ



**റെയിൽപ്പാത**

കേരളത്തിലെ ആദ്യത്തെ റെയിൽപ്പാത നിർമിച്ചത് ബ്രിട്ടീഷുകാരാണ്. ബേപ്പൂർ മുതൽ തിരൂർ വരെ നീണ്ടുകിടക്കുന്ന ഈ റെയിൽപ്പാത 1861 ലാണ് നിർമിച്ചത്. അസംസ്കൃതവസ്തുക്കൾ കൊണ്ടുപോകുന്നതിനും വ്യവസായ ഉൽപ്പന്നങ്ങൾ വിദൂരഗ്രാമങ്ങളിൽപ്പോലും എത്തിക്കുന്നതിനും റെയിൽവേയെ ബ്രിട്ടീഷുകാർ ഉപയോഗപ്പെടുത്തി.

ഗതസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ റോഡുകളും പാലങ്ങളും റെയിൽപ്പാളങ്ങളും പണിതു. ചരക്കുഗതാഗതം സുഗമമാക്കാൻ കൊച്ചി, കോഴിക്കോട്, ആലപ്പുഴ തുറമുഖങ്ങൾ വികസിപ്പിച്ചു.



വ്യാപാരം മെച്ചപ്പെടുത്താൻ ബ്രിട്ടീഷുകാർ സ്വീകരിച്ച നടപടികളുടെ ഫലങ്ങൾ വിശദമാക്കുക.

## ഭൂബന്ധങ്ങളിലുണ്ടായ മാറ്റങ്ങൾ

ബ്രിട്ടീഷ് ഭരണം ഭൂമിയുടെ മേൽ വിവിധ ജനവിഭാഗങ്ങൾക്കുണ്ടായിരുന്ന അവകാശങ്ങളിൽ വലിയ മാറ്റം വരുത്തി. പ്രാദേശിക നാടുവാഴികളെയും ജന്മിമാരെയും ഭൂവുടമകളായി കണക്കാക്കുകയും അവർ ബ്രിട്ടീഷുകാർക്ക് കൊടുക്കേണ്ട നികുതി മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ജന്മിമാരും നാടുവാഴികളും കുടിയാൻമാരുടെ മേൽ നികുതിഭാരം അടിച്ചേൽപ്പിക്കുകയും കൃഷിക്കാരെ കുടിയൊഴിപ്പിക്കുകയും ചെയ്തു. ഇതോടെ മലബാറിലെ കൃഷിക്കാരുടെ ജീവിതം കൂടുതൽ പരിതാപകരമായി. ഇതിനെതിരെ നടന്ന കലാപങ്ങളെപ്പറ്റി മുൻ അധ്യായത്തിൽ പരാമർശിച്ചത് ഓർക്കുമല്ലോ. മാപ്പിള കലാപങ്ങളെക്കുറിച്ചന്വേഷിക്കാൻ നിയമിച്ച ലോഗൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 1929 ൽ മലബാർ കുടിയായ്മനിയമം നടപ്പിലാക്കിയതോടെ കർഷകർക്ക് ഭൂമിയുടെ മേൽ നാമമാത്രമായെങ്കിലും അവകാശം ലഭിച്ചു.

തിരുവിതാംകൂറിൽ മാർത്താണ്ഡവർമയുടെ കാലംമുതൽതന്നെ ഭൂവുടമാ ബന്ധങ്ങളിൽ മാറ്റം വരുത്തിയിരുന്നു. മാടമ്പിമാരുടെ ഭൂമിയെല്ലാം പണ്ടാരംവക (സർക്കാർവക) ഭൂമിയായി മാറി. ഈ പണ്ടാരംവക ഭൂമിയിലെ കുടിയാൻമാർക്ക് അവർ കൃഷിചെയ്യുന്ന ഭൂമി സ്വന്തമായി നൽകിക്കൊണ്ടുള്ള സുപ്രധാന വിളംബരം 1865 ൽ തിരുവിതാംകൂർ സർക്കാർ പുറപ്പെടുവിച്ചു. ഇത് പണ്ടാരപ്പാട്ട വിളംബരമെന്ന് അറിയപ്പെടുന്നു. 1896 ൽ പാസാക്കിയ ജന്മി-കുടിയാൻ നിയമപ്രകാരവും തിരുവിതാംകൂറിൽ കുടിയാന് ഭൂമിയുടെ മേൽ ഉടമാവകാശം ലഭിച്ചു. അങ്ങനെ ഭൂരിഭാഗം കുടിയാന്മാരും തിരുവിതാംകൂറിൽ നാമമാത്രമായ ഭൂവുടമകളായി മാറി. ഇതിനുപകരമായി അവർ സർക്കാരിലേക്ക് വലിയ നികുതി അടയ്ക്കേണ്ടിയിരുന്നു. ചുരുക്കത്തിൽ, തിരുവിതാംകൂറിലെ കർഷകരും നികുതിഭാരം കൊണ്ട് പൊറുതിമുട്ടി. 1914 ലാണ് കൊച്ചിയിൽ കുടിയായ്മനിയമം നിലവിൽ വന്നത്.

| | | |
|---|---|---|
| • തിരുവിതാംകൂർ | 1865 | • പണ്ടാരപാട്ട വിളംബരം |
| • കൊച്ചി | 1914 | • കുടിയായ്മ നിയമം |
| • മലബാർ | 1929 | • മലബാർ കുടിയായ്മ നിയമം |

## കാർഷികമേഖലയിലെ വാണിജ്യവൽക്കരണം

ബ്രിട്ടീഷ് ആധിപത്യം കേരളത്തിലെ കാർഷിക രീതിയിൽ വലിയ മാറ്റങ്ങൾക്ക് വഴിതെളിയിച്ചു. കേരളീയ ഉൽപ്പന്നങ്ങൾക്ക് വിദേശ കമ്പോളങ്ങളിൽ ധാരാളം ആവശ്യക്കാരുണ്ടായിരുന്നു. മലയോര പ്രദേശങ്ങളിൽ കാപ്പി, തേയില, ഏലം, റബ്ബർ എന്നിവ വൻകിട തോട്ടങ്ങളിലായി കൃഷി ചെയ്യാൻ തുടങ്ങി. മറ്റു വിളകൾ കൃഷിചെയ്തതോടെ നെല്ലിന്റെ ഉൽപ്പാദനം കുറയുകയും പല പ്രദേശങ്ങളിലും ഭക്ഷ്യക്ഷാമം പടർന്നുപിടിക്കുകയും ചെയ്തു. ഇതിന് പരിഹാരമായി മരച്ചീനി കൃഷി വ്യാപിപിച്ചു.


നിലമ്പൂരിലെ തേക്കുതോട്ടം

ഇതേ കാലത്തുതന്നെയാണ് ബ്രിട്ടീഷുകാരനായ കോനോലിയുടെ നേതൃത്വത്തിൽ നിലമ്പൂരിൽ തേക്കുതോട്ടം ആരംഭിക്കുന്നത്. ഈ തോട്ടങ്ങൾ ഭൂരിഭാഗവും ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായിരുന്നു. വനഭൂമി വൻതോതിൽ ബ്രിട്ടീഷുകാർക്ക് പതിച്ചു നൽകിയും തോട്ടങ്ങളിലേക്ക് ഗതാഗതസൗകര്യമേർപ്പെടുത്തിയും തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ തോട്ടകൃഷി പ്രോത്സാഹിപ്പിച്ചു. അങ്ങനെ കേരളം വാണിജ്യവിളകൾ കൃഷി ചെയ്യുന്ന പ്രദേശമായി മാറി.

### കോനോലി പ്ലോട്ട്

വ്യാപാരാവശ്യത്തിനുള്ള കപ്പലുകൾ നിർമിക്കുന്നതിന് വൻതോതിൽ തേക്കുമരങ്ങൾ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് ആവശ്യമായി വന്നു. തേക്കിനു പറ്റിയ മലബാറിലെ വളക്കൂറുള്ള മണ്ണിൽ തേക്കുമരങ്ങൾ വച്ചുപിടിപ്പിക്കാൻ കലക്ടറായ ഹെൻറി വാലന്റൈൻ കോനോലിയെ കമ്പനി ചുമതലപ്പെടുത്തി. നിലമ്പൂർ മേഖലയിലെ 1500 ഏക്കറിലും കോനോലി (1823 – 38) തേക്ക് വച്ചു പിടിപ്പിച്ചു. ഇതു പിന്നീട് കോനോലി പ്ലോട്ട് എന്നറിയപ്പെട്ടു.

വാണിജ്യവൽക്കരണം കേരളത്തിലെ കാർഷികമേഖലയിൽ വരുത്തിയ മാറ്റങ്ങൾ വിശകലനം ചെയ്യുക.

## തോട്ടവ്യവസായത്തിന്റെയും പരമ്പരാഗത വ്യവസായത്തിന്റെയും വളർച്ച

തോട്ടവിളകൾ സംസ്കരിക്കുന്നതിനും കയറ്റി അയക്കുന്നതിനുമായി ബ്രിട്ടീഷുകാർ കേരളത്തിൽ ഫാക്ടറികൾ ആരംഭിച്ചു. തേയില, കാപ്പി, റബ്ബർ എന്നിവ തോട്ടമേഖലകളിൽ വളർന്നുവന്ന വ്യവസായങ്ങളാണ്. ഇതോടൊപ്പം നാളികേരം, കയർ, കശുവണ്ടി, കൈത്തറി, ബീഡി തുടങ്ങിയവയുമായി ബന്ധപ്പെട്ട പരമ്പരാഗത വ്യവസായങ്ങളും ശക്തിയാർജിച്ചു. എണ്ണയാട്ടു മില്ലുകൾ കേരളത്തിൽ വ്യാപകമായി. ആലപ്പുഴയായിരുന്നു വെളിച്ചെണ്ണ വ്യവസായ

NT-869-3-SOC. SCI.-I-10-M-VOL.2


ഫറോക്കിലെ ഓട്ടുകമ്പനി


ആലപ്പുഴയിലെ കയർ ഫാക്ടറി

ത്തിന്റെ കേന്ദ്രം. 1859-ൽ ആദ്യത്തെ കയർ ഫാക്ടറി ആലപ്പുഴയിൽ സ്ഥാപിതമായി. കശുവണ്ടി ഫാക്ടറികൾ കൊല്ലം കേന്ദ്രമായി വളർന്നുവന്നു. ഫറോക്ക്, കൊല്ലം, ഒല്ലൂർ (തൃശ്ശൂർ)തുടങ്ങിയ പ്രദേശങ്ങളിൽ ഓട്ടുകമ്പനികളും കണ്ണൂരും കോഴിക്കോട്ടും കൈത്തറി നിർമാണശാലകളും ആരംഭിച്ചു. ബീഡി വ്യവസായം കണ്ണൂർ കേന്ദ്രമായി വളർന്നുവന്നു.



ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ തോട്ടവ്യവസായത്തിലും പരമ്പരാഗതവ്യവസായങ്ങളിലുമുണ്ടായ മാറ്റങ്ങൾ സംബന്ധിച്ച് കുറിപ്പ് തയാറാക്കുക.

കേരളത്തിലെ തോട്ടമേഖലയിലും പരമ്പരാഗത വ്യവസായമേഖലയിലും നിങ്ങളുടെ പ്രദേശത്ത് ലഭ്യമായ തൊഴിലുകളുമായി ബന്ധപ്പെട്ട് തൊഴിലാളികൾക്ക് ഉണ്ടായിരിക്കേണ്ട ശേഷികൾ എന്തൊക്കെ?

## ആധുനിക വ്യവസായങ്ങളുടെ ഉദയം


പള്ളിവാസൽ വൈദ്യുതിനിലയം

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയോടെയാണ് ആധുനിക വ്യവസായശാലകൾ കേരളത്തിൽ സ്ഥാപിക്കപ്പെടുന്നത്. അവയിൽ ഭൂരിഭാഗവും തിരുവിതാംകൂറിലും കൊച്ചിയിലുമായിരുന്നു. ബ്രിട്ടീഷുകാർ വ്യവസായങ്ങൾക്കാവശ്യമായ സാങ്കേതിക - സാമ്പത്തിക സഹായങ്ങൾ നൽകി. പള്ളിവാസൽ വൈദ്യുതിനിലയം സ്ഥാപിക്കപ്പെട്ടത് ആധുനിക വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തി. അക്കാലത്ത് സ്ഥാപിക്കപ്പെട്ട മറ്റ് വ്യവസായശാലകളാണ് ചുവടെ തന്നിട്ടുള്ളത്.


ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിൽ വളർന്നു വന്ന വ്യവസായ ശാലകളെകുറിച്ച് ഡിജിറ്റൽ പ്രസന്റേഷൻ തയാറാക്കുക




- പുനലൂർ പേപ്പർമിൽ - കൊല്ലം
- കളമശ്ശേരിയിലെ ഫാക്ട് (FACT)- എറണാകുളം
- കുണ്ടറ സിറാമിക്സ് - കൊല്ലം
- റബ്ബർവർക്സ് - തിരുവനന്തപുരം
- ടാറ്റാ ഓയിൽ മിൽസ് - കൊച്ചി
- അളഗപ്പ തുണിമിൽ - കൊച്ചി

മൂലധനം സ്വരൂപിക്കുന്നതിനുള്ള പണമിടപാട് സ്ഥാപനങ്ങളായി ബാങ്കുകൾ ഇക്കാലത്ത് കേരളത്തിൽ വളർന്നുവന്നു. ആദ്യമായി രൂപംകൊണ്ട സ്വകാര്യ ബാങ്ക് നെടുങ്ങാടി ബാങ്ക് ആയിരുന്നു. തുടർന്ന് ഇംപീരിയൽ ബാങ്ക്, ഇന്ത്യൻ നാഷണൽ ബാങ്ക്, ചാർട്ടേഡ് ബാങ്ക് എന്നിവ നിലവിൽ വന്നു.

ബ്രിട്ടീഷ് ഭരണകാലത്ത് കേരളത്തിലുണ്ടായ വ്യാവസായിക പുരോഗതി സൂചിപ്പിക്കുന്ന ചാർട്ട് തയാറാക്കുക.



## സാംസ്കാരികമേഖലയിലെ ബ്രിട്ടീഷ് സ്വാധീനം



ഹെർമൻ ഗുണ്ടർട്ട്

യൂറോപ്യരുടെ വരവോടെയാണ് കേരളത്തിൽ അച്ചടി ആരംഭിച്ചത്. മലയാളത്തിൽ വ്യാകരണഗ്രന്ഥങ്ങളും നിഘണ്ടുവും തയാറാക്കുന്നതിൽ കൂടുതൽ താൽപ്പര്യം പ്രകടിപ്പിച്ചിരുന്നത് ജെസ്യൂട്ട് മിഷനറിമാരാണ്. ഡോ. ആഞ്ചലോസ് ഫ്രാൻസിസ് ആണ് മലയാളത്തിലെ ആദ്യത്തെ വ്യാകരണഗ്രന്ഥം തയാറാക്കിയത്. മലയാളഭാഷയിലെ ആദ്യ നിഘണ്ടു രൂപപ്പെടുത്തിയത് അർണോസ് പാതിരിയാണ്. മലയാളഭാഷയിൽ അച്ചടിച്ച ആദ്യത്തെ സമ്പൂർണ ഗ്രന്ഥമാണ് 'സംക്ഷേപവേദാർഥം.' മിഷനറിയായ ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലീഷ്-മലയാളം നിഘണ്ടുവും ഡോ. ഹെർമൻ ഗുണ്ടർട്ട് മലയാളം-ഇംഗ്ലീഷ് നിഘണ്ടുവും പ്രസിദ്ധപ്പെടുത്തി. ഡോ. ഹെർമൻ ഗുണ്ടർട്ട് തലശ്ശേരിയിൽനിന്നു പ്രസിദ്ധപ്പെടുത്തിയ രാജ്യസമാചാരം, പശ്ചിമോദയം എന്നിവ മലയാളത്തിലെ ആദ്യത്തെ പത്രങ്ങളാണ്.

| മിഷനറിസംഘം | പ്രവർത്തനമേഖല |
|---|---|
| ലണ്ടൻ മിഷൻ സൊസൈറ്റി (എൽ.എം.എസ്.) | തിരുവിതാംകൂർ |
| ചർച്ച് മിഷൻ സൊസൈറ്റി (സി.എം.എസ്.) | കൊച്ചി, തിരുവിതാംകൂർ |
| ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (ബി.ഇ.എം.) | മലബാർ |



ഗൗരി പാർവതി ഭായി

ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം എന്ന ആശയത്തിന് കേരളത്തിൽ തുടക്കം കുറിക്കുന്നത് മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരംഭിക്കാൻ തിരുവിതാംകൂറിലെയും കൊച്ചിയിലെയും ഭരണാധികാരികൾ മിഷനറിസംഘങ്ങൾക്ക് ഭൂമി ദാനമായി നൽകി.

തിരുവിതാംകൂറിലെയും കൊച്ചിയിലെയും നാട്ടുരാജാക്കന്മാരും വിദ്യാഭ്യാസരംഗത്ത് ഇടപെടുകയും സ്കൂളുകളും കോളേജുകളും സ്ഥാപിക്കുകയും ചെയ്തു. തിരുവിതാംകൂറിലെ ഭരണാധികാരിയായിരുന്ന ഗൗരി പാർവതി ഭായി 1817 ൽ പ്രൈമറി വിദ്യാഭ്യാസം സൗജന്യമാക്കിക്കൊണ്ട് പുറപ്പെടുവിച്ച വിളംബരം ശ്രദ്ധേയമാണ്.

കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് ആദ്യകാല മിഷണറിമാരുടെ പങ്ക് വ്യക്തമാക്കുക..



ബ്രിട്ടീഷുകാരുടെ വരവിനു മുമ്പ് കേരളത്തിൽ നിലനിന്നിരുന്ന ശിക്ഷാവിധികളെക്കുറിച്ച് മുൻ ക്ലാസുകളിൽ ചർച്ചചെയ്തിട്ടുണ്ടല്ലോ. അക്കാലത്ത് കുറ്റാരോപിതന്റെ ജാതിയെ അടിസ്ഥാനമാക്കിയാണ് വിചാരണയും ശിക്ഷയും നടപ്പാക്കിയിരുന്നത്. ഈ നീതിന്യായവ്യവസ്ഥയെ ബ്രിട്ടീഷുകാർ പരിഷ്കരിച്ചു. കുറ്റവാളിയുടെ വാദം കേട്ടശേഷം കുറ്റത്തിന്റെ സ്വഭാവത്തിനനുസരിച്ച് ഏകീകൃതമായ ശിക്ഷാവിധികൾ നടപ്പിലാക്കാൻ തുടങ്ങി. ഇതോടെ ജാതിക്കതീതമായി നിയമത്തിനുമുന്നിൽ എല്ലാവരും തുല്യരായി. കേസുകളുടെ വിചാരണയ്ക്കായി വിവിധ സ്ഥലങ്ങളിൽ കോടതികൾ സ്ഥാപിച്ചു.

ബ്രിട്ടീഷ് ഭരണത്തോടെ കേരളത്തിലെ പരമ്പരാഗത ആയുർവേദ ചികിത്സാ രീതിയേക്കാൾ ആധുനിക വൈദ്യശാസ്ത്രത്തിന് പ്രാധാന്യം ലഭിച്ചു. വസൂരി തടയാനുള്ള കുത്തിവയ്പ് ആദ്യമായി നടത്തിയത് മലബാറിലാണ്. ഇക്കാലത്ത് തിരുവിതാംകൂറിലേക്ക് ഇംഗ്ലണ്ടിൽനിന്നു മരുന്നു വരുത്താൻ ഒരു കമ്പനിയെത്തന്നെ രാജാവ് നിയമിച്ചു. മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ സർക്കാർ ആശുപത്രികൾ ആരംഭിച്ചു.

കേരളത്തിലെ ചില സമുദായങ്ങളിൽ നിലനിന്നിരുന്ന പിന്തുടർച്ചക്രമം മാതാവ് വഴിയുള്ള മരുമക്കത്തായമായിരുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം സിദ്ധിച്ച യുവാക്കൾ ഇതിനെതിരെ ശക്തമായി പ്രതികരിക്കുകയും കോടതികളിൽ വ്യവഹാരങ്ങൾ ഫയൽ ചെയ്യുകയും ചെയ്തു. അങ്ങനെ തിരുവിതാംകൂറിലും മലബാറിലും കൊച്ചിയിലും മരുമക്കത്തായത്തിനെതിരായ നിയമങ്ങൾ നിലവിൽവന്നു. മക്കത്തായസമ്പ്രദായത്തിനാണ് ഈ നിയമങ്ങൾ ഊന്നൽ നൽകിയത്. ഇതു പ്രകാരം തറവാട്ടിലെ എല്ലാ അംഗങ്ങൾക്കും സ്വത്തിനു മേൽ അവകാശം ലഭിച്ചു. ഇത് തറവാട്, കൂട്ടുകുടുംബം എന്നിവയുടെ തകർച്ചയ്ക്കു കാരണമായി.

കേരളത്തിലെ വിഭവങ്ങൾ ചൂഷണം ചെയ്യാനും ഭരണം സുഗമമാക്കാനുമുള്ള നടപടികളുടെ ഭാഗമായിരുന്നു ഈ പരിഷ്കാരങ്ങൾ എങ്കിലും കേരളീയ സമൂഹത്തിന്റെ ആധുനീകരണത്തിന് ഇവ സഹായകമായി.



ബ്രിട്ടീഷുകാരുടെ വരവോടെ കേരളത്തിന്റെ നിയമരംഗത്തും ആരോഗ്യരംഗത്തും ഉണ്ടായ മാറ്റങ്ങൾ ചർച്ചചെയ്യുക.

## പരിഷ്കരണപ്രസ്ഥാനങ്ങളും സാമൂഹികമാറ്റങ്ങളും



### കേരളം ഒരു ഭ്രാന്താലയം

*"മലബാറിൽ (കേരളം) ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനുമുമ്പ് എവിടെയും കണ്ടിട്ടില്ല. സവർണർ നടക്കുന്ന വഴിയിൽക്കൂടി അവർണന് നടന്നുകൂടാ... ഈ മലബാറുകാരെല്ലാം ഭ്രാന്തന്മാരാണ്... അവരുടെ വീടുകൾ അത്രയും ഭ്രാന്താലയങ്ങൾ....*

*(സ്വാമി വിവേകാനന്ദൻ – 1897, മദിരാശി)*

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളത്തിന്റെ സാമൂഹികാവസ്ഥ വിശദമാക്കുന്ന സ്വാമി വിവേകാനന്ദന്റെ പരാമർശം ശ്രദ്ധിച്ചല്ലോ.

ജാതിവ്യവസ്ഥയുടെ കാർക്കശ്യം അക്കാലത്ത് കേരളത്തിൽ ശക്തമായിരുന്നു. താഴ്ന്ന ജാതിക്കാരെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായാണ് കണക്കാക്കിയിരുന്നത്. ഒരു വ്യക്തിയുടെ സമൂഹത്തിലെ പദവി തീരുമാനിച്ചിരുന്നത് ജനിച്ച ജാതിയെ അടിസ്ഥാനമാക്കിയായിരുന്നു. ഓരോ ജാതിയിലും ധാരാളം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിലനിന്നിരുന്നു. ആധുനികവിദ്യാഭ്യാസത്തിന്റെ പ്രചാരവും പാശ്ചാത്യ ആശയങ്ങളോടുള്ള സമ്പർക്കവും മൂലം ജാതിവ്യവസ്ഥിതിയുടെയും അന്ധവിശ്വാസങ്ങളുടെയും യുക്തിരാഹിത്യം കേരളീയർക്ക് ബോധ്യമായി. സമൂഹത്തിലെ അസമത്വങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുന്നതിനുവേണ്ടി പരിഷ്കരണപ്രസ്ഥാനങ്ങൾ രൂപംകൊണ്ടു.

*കേരളത്തിലെ സാമൂഹിക പരിഷ്കർത്താക്കളുടെ ചിത്രങ്ങളും ജീവചരിത്ര ക്കുറിപ്പുകളും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസീൻ തയാറാക്കുക*



5NBDXK


**കേരളത്തിലെ സാമൂഹികപരിഷ്കർത്താക്കളുടെ ആശയങ്ങൾ വർത്തമാനകാല കേരള സമൂഹത്തിൽ എത്രമാത്രം പ്രസക്തമാണ്? ചർച്ച ചെയ്യുക.**



| സാമൂഹികപരിഷ്കർത്താക്കൾ | പ്രസ്ഥാനങ്ങൾ/ പ്രവർത്തനങ്ങൾ |
|---|---|
| • വൈകുണ്ഠസ്വാമികൾ | • സമത്വസമാജം |
| • ചട്ടമ്പിസ്വാമികൾ | • കൂട്ടുകുടുംബവ്യവസ്ഥ, സംബന്ധം, മരുമക്കത്തായം എന്നിവയ്ക്കെതിരെ പോരാടി. |
| • ശ്രീനാരായണഗുരു | • ശ്രീനാരായണധർമപരിപാലനയോഗം |
| • കുര്യാക്കോസ് ഏലിയാസ് ചാവറ | • അനാഥാലയങ്ങളും വിദ്യാലയങ്ങളും സ്ഥാപിച്ചു. |
| • അയ്യങ്കാളി | • സാധുജനപരിപാലനസംഘം |
| • വക്കം അബ്ദുൽഖാദർ മൗലവി | • തിരുവിതാംകൂർ മുസ്‌ലിം മഹാജനസഭ |
| • വാഗ്ഭടാനന്ദൻ | • ആത്മവിദ്യാസംഘം |
| • സഹോദരൻ അയ്യപ്പൻ | • സഹോദരപ്രസ്ഥാനം |
| • പണ്ഡിറ്റ് കെ.പി. കറുപ്പൻ | • അരയസമാജം |
| • മന്നത്ത് പത്മനാഭൻ | • നായർ സർവീസ് സൊസൈറ്റി |
| • വി.ടി. ഭട്ടതിരിപ്പാട് | • യോഗക്ഷേമസഭ |
| • കുമാരഗുരു ദേവൻ | • പ്രത്യക്ഷരക്ഷാദൈവസഭ |



### ദൈവദശകവും ആത്മോപദേശശതകവും




*ആഴമേറും നിൻ മഹസ്സാ-*
*മാഴിയിൽ ഞങ്ങളാകവേ*
*ആഴണം വാഴണം നിത്യം*
*വാഴണം വാഴണം സുഖം.*
(ശ്രീനാരായണഗുരു നൂറു വർഷം മുമ്പ് രചിച്ച പ്രാർഥനാഗീതമായ ദൈവദശകത്തിൽ നിന്നുള്ള വരികൾ).

*അവനിവനെന്നറിയുന്നതൊക്കെയോർത്താ-*
*ലവനിയിലാദിമമായൊരാത്മരൂപം*
*അവനവനാത്മസുഖത്തിനാചരിക്കു-*
*ന്നവയപരന്നു സുഖത്തിനായ് വരേണം.*
(ആത്മോപദേശശതകം 24-ാം ശ്ലോകം)

സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ സാമൂഹികമാറ്റത്തിനായുള്ള സമരങ്ങൾക്ക് പ്രചോദനമേകി. മാറുമറയ്ക്കാനുള്ള അവകാശത്തിനായി തെക്കൻ തിരുവിതാംകൂറിലെ ചാന്നാർ സ്ത്രീകൾ പോരാട്ടം നടത്തി. ഇതിനെത്തുടർന്ന് 1859 ൽ ജാക്കറ്റും മേൽമുണ്ടും ധരിക്കാനുള്ള അവകാശം ചാന്നാർ സ്ത്രീകൾക്ക് അനുവദിക്കാൻ ഉത്രംതിരുനാൾ മഹാരാജാവ് നിർബന്ധിതനായി.

1888 ൽ ശ്രീനാരായണഗുരു അരുവിപ്പുറത്ത് നടത്തിയ ശിവപ്രതിഷ്ഠ സാമൂഹികരംഗത്ത് പുതുചലനങ്ങൾ സൃഷ്ടിച്ചു. ക്ഷേത്രകർമവും പൂജകളും ചെയ്യാനുള്ള അവകാശം അവർണസമുദായത്തിൽപ്പെട്ടവർക്കുകൂടി നേടിയെടുക്കാൻ ഇതിലൂടെ കഴിഞ്ഞു. “ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്” എന്ന് അരുവിപ്പുറത്ത് ക്ഷേത്രത്തിനുമുന്നിൽ ശ്രീനാരായണഗുരു രേഖപ്പെടുത്തി. വിജ്ഞാനത്തിന് പ്രാധാന്യം നൽകിയിരുന്ന ഗുരു ക്ഷേത്രങ്ങളോടനുബന്ധിച്ച് വിദ്യാലയങ്ങളും വായനശാലകളും സ്ഥാപിച്ചു. വിദ്യകൊണ്ട് പ്രബുദ്ധരാവാനും സംഘടനകൊണ്ട് ശക്തരാകാനും അദ്ദേഹം ഉദ്ബോധിപ്പിച്ചു. ‘വാദിക്കാനും ജയിക്കാനുമല്ല, അറിയാനും അറിയിക്കാനുമാണ്’ എന്ന പ്രഖ്യാപനത്തോടെ ആലുവയിൽ സർവമത സമ്മേളനം വിളിച്ചുകൂട്ടി. ഉദാത്തമായ മനുഷ്യസ്നേഹത്തിലും സർവമതസാഹോദര്യത്തിലും അധിഷ്ഠിതമായിരുന്നു ശ്രീനാരായണഗുരുവിന്റെ സന്ദേശങ്ങളും പ്രവർത്തനങ്ങളും.


ടി.കെ. മാധവൻ


മന്നത്ത് പത്മനാഭൻ


കെ. കേളപ്പൻ


എ.കെ. ഗോപാലൻ


പി. കൃഷ്ണപിള്ള

സഞ്ചാരസ്വാതന്ത്ര്യത്തിനായി കേരളത്തിൽ നടന്ന പ്രക്ഷോഭങ്ങളിൽ പ്രധാനപ്പെട്ടതാണ് വൈക്കം സത്യഗ്രഹം (1924). ടി.കെ. മാധവന്റെ നേതൃത്വത്തിൽ നടന്ന ഈ സമരത്തോട് അനുഭാവം പ്രകടിപ്പിച്ച് മന്നത്ത് പത്മനാഭന്റെ നേതൃത്വത്തിൽ സവർണജാഥ സംഘടിപ്പിച്ചു. ഈ സമരങ്ങളെത്തുടർന്നാണ് വൈക്കം ക്ഷേത്രത്തിനു ചുറ്റുമുള്ള പൊതുനിരത്തിലൂടെ യാത്ര ചെയ്യാൻ അവർണജാതിക്കാർക്ക് അനുവാദം ലഭിച്ചത്. ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ജാതിയിലുംപെട്ട ഹിന്ദുക്കൾക്ക് പ്രവേശനം അനുവദിക്കണമെന്നാവശ്യപ്പെട്ട് കെ. കേളപ്പന്റെ നേതൃത്വത്തിൽ ഗുരുവായൂർ സത്യഗ്രഹം നടന്നു (1931). എ.കെ. ഗോപാലനായിരുന്നു സമരത്തിന്റെ വളണ്ടിയർ ക്യാപ്റ്റൻ. ഈ സത്യഗ്രഹത്തിൽ പി. കൃഷ്ണപിള്ളക്ക് ക്രൂരമായ മർദനമേറ്റു. ഈ ജനകീയസമരങ്ങളുടെയെല്ലാം ഫലമായാണ് 1936 നവംബർ 12 ന് തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിച്ചത്. തുടർന്ന് മദിരാശി ക്ഷേത്രപ്രവേശനവിളംബരപ്രകാരം മലബാറിലും കൊച്ചിരാജാവിന്റെ വിളംബരപ്രകാരം കൊച്ചിയിലും എല്ലാ വിഭാഗക്കാർക്കും ആരാധനാസ്വാതന്ത്ര്യം ലഭിച്ചു.

കേരളത്തിലെ സാമൂഹികമാറ്റത്തിന് ചാന്നാർകലാപം, വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം എന്നിവ വഹിച്ച പങ്കു വിലയിരുത്തുക.



## ദേശീയപ്രസ്ഥാനം കേരളത്തിൽ

ഭരണപരമായി ഏകീകരിക്കപ്പെടാതിരുന്നതിനാൽ കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഒരു ഏകീകൃതരൂപം കൈവന്നിരുന്നില്ല. മലബാറിൽ ബ്രിട്ടീഷുകാർ നേരിട്ട് ഭരണം നടത്തിയപ്പോൾ കൊച്ചിയിലും തിരുവിതാംകൂറിലും റസിഡന്റ്മാരിലൂടെ പരോക്ഷമായാണ് ഭരണം നടത്തിയിരുന്നത്. അതിനാൽ മലബാറിലെപ്പോലെ രാഷ്ട്രീയസമരങ്ങൾ കൊച്ചിയിലും തിരുവിതാംകൂറിലും ശക്തമായിരുന്നില്ല.


കെ.പി. കേശവ മേനോൻ

### മലബാർ

ഒന്നാം ലോകയുദ്ധ കാലഘട്ടത്തിലാണ് മലബാർ പ്രദേശത്ത് രാഷ്ട്രീയപ്രവർത്തനങ്ങൾ സജീവമായത്. മലബാർ ജില്ലാ കോൺഗ്രസ്സിന്റെ പ്രഥമസമ്മേളനം 1916 ൽ ആനിബസന്റിന്റെ അധ്യക്ഷതയിൽ പാലക്കാട്ടു വച്ച് നടന്നു. കെ.പി. കേശവമേനോൻ, കെ.പി. രാമൻമേനോൻ, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ്, കെ. മാധവൻനായർ, ഇ. മൊയ്തു മൗലവി, എം. പി നാരായണമേനോൻ എന്നിവരായിരുന്നു ഇക്കാലത്ത് കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് മലബാറിൽ നേതൃത്വം നൽകിയത്. 1920 ൽ മഞ്ചേരിയിൽ നടന്ന അവസാനത്തെ മലബാർ രാഷ്ട്രീയസമ്മേളനത്തിൽ ഭരണപരിഷ്കരണം, കുടിയാൻ പ്രശ്നം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്തു.


ഇ. മൊയ്തു മൗലവി




1920 ൽ ഗാന്ധിജിയും ഷൗക്കത്തലിയും കോഴിക്കോട്ടെത്തി ഖിലാഫത്ത് പ്രസ്ഥാനത്തിന് പിന്തുണ പ്രഖ്യാപിച്ചു. കട്ടിലശ്ശേരി മുഹമ്മദ് മൗലവി പ്രസിഡന്റായും മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് സെക്രട്ടറിയായും ഖിലാഫത്ത് കമ്മിറ്റി രൂപീകരിച്ചു. ഖിലാഫത്ത് പ്രസ്ഥാനം മലബാറിൽ ശക്തിപ്പെട്ടു. അതേത്തുടർന്ന് മലബാറിൽ പലേടത്തും ബ്രിട്ടീഷുകാരുമായി നേരിട്ടുള്ള ഏറ്റുമുട്ടലുകൾ ഉണ്ടായി. ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലായി മലബാറിലെ കർഷകരായ മാപ്പിളമാർ ശക്തമായ പോരാട്ടങ്ങൾക്കു നേതൃത്വം നൽകി. ഈ സമരങ്ങളെ പൊതുവെ മലബാർ കലാപം (1921) എന്നാണു വിശേഷിപ്പിക്കുന്നത്.


മുഹമ്മദ് അബ്ദുറഹിമാൻ

1930 കളിൽ നിയമലംഘനപ്രസ്ഥാനം മലബാറിൽ ശക്തമായി. കെ. കേളപ്പന്റെ നേതൃത്വത്തിൽ പയ്യന്നൂരിലും മുഹമ്മദ് അബ്ദുറഹിമാന്റെ നേതൃത്വത്തിൽ കോഴിക്കോട്ടും ഉപ്പുനിയമം ലംഘിച്ച് ഉപ്പുണ്ടാക്കി. ഉപ്പുനിയമം ലംഘിച്ച സത്യഗ്രഹികളെ

### പൂക്കോട്ടൂർ യുദ്ധം

നിസ്സഹകരണവും ഖിലാഫത്തും ശക്തമായ മലബാറിൽ 1921 ലെ മലബാർ കലാപത്തിന്റെ ഭാഗമായി നടന്ന പ്രധാന സംഭവമാണ് പൂക്കോട്ടൂർ യുദ്ധം. പൂക്കോട്ടൂരിലെ ഖിലാഫത്ത് കമ്മിറ്റിയുടെ സെക്രട്ടറിയായ വടക്കേ വീട്ടിൽ മുഹമ്മദിനെ മോഷണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്യാൻ ബ്രിട്ടീഷ് പോലീസ് ശ്രമിച്ചതോടെയാണ് കലാപം ആരംഭിച്ചത്. മൂവായിരത്തിലധികം ആളുകൾ പങ്കെടുത്ത കലാപം അമർച്ചചെയ്യാൻ ബ്രിട്ടീഷ് ഗവൺമെന്റ് ഏറെ പ്രയാസപ്പെട്ടു. യുദ്ധത്തിൽ നൂറുകണക്കിനു പേർ കൊല്ലപ്പെട്ടു.

### ചേറ്റൂർ ശങ്കരൻനായർ

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അധ്യക്ഷപദവിയിലിരുന്ന ഒരേ ഒരു മലയാളിയാണ് പാലക്കാട്ടുകാരനായ ചേറ്റൂർ ശങ്കരൻനായർ. 1897 ലെ അമരാവതി സമ്മേളനത്തിലാണ് അദ്ദേഹം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്. ജാലിയൻവാലാബാഗ് കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് അദ്ദേഹം വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽ അംഗത്വം രാജിവച്ചു. ഗാന്ധിയൻ സമരമാർഗങ്ങളോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ച അദ്ദേഹം 'ഗാന്ധിയും അരാജകത്വവും' (Gandhi and Anarchy) എന്ന ഗ്രന്ഥം രചിച്ചു.

ബ്രിട്ടീഷ് പട്ടാളം ക്രൂരമായി മർദ്ദിക്കുകയും സമരക്കാരെ അറസ്റ്റു ചെയ്ത് ജയിലിലടച്ചു. വിദേശവസ്തു ബഹിഷ്കരണവും മദ്യഷാപ്പ് പിക്കറ്റിങ്ങുകളും ഖാദി പ്രചാരണവും നിയമലംഘനത്തിന്റെ ഭാഗമായി നടന്നു. 1934 ൽ ഗാന്ധിജി നിയമലംഘനപ്രസ്ഥാനം പിൻവലിച്ചതിൽ പ്രതിഷേധിച്ച് കേരളത്തിലെ കോൺഗ്രസ് പ്രവർത്തകരിൽ ഒരു വിഭാഗം സോഷ്യലിസ്റ്റ് പാർട്ടിക്കാരായി മാറി. 1939 ൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി കമ്മ്യൂണിസ്റ്റ് പാർട്ടിയായി രൂപപ്പെട്ടു. ഇ.എം.എസ്, എ.കെ. ഗോപാലൻ, പി. കൃഷ്ണപിള്ള എന്നിവരായിരുന്നു പ്രമുഖ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർ. അവർ കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിച്ച് ജന്മിത്തത്തിനും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമെതിരെ സമരസജ്ജരാക്കി. കയ്യൂർ, മൊറാഴ, കരിവെള്ളൂർ എന്നിവിടങ്ങളിൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ സമരങ്ങൾ നടന്നു. ക്വിറ്റ് ഇന്ത്യാ സമരകാലത്ത് സർക്കാർകെട്ടിടങ്ങൾ നശിപ്പിക്കുക, പാലങ്ങൾ തകർക്കുക, ടെലഗ്രാഫ് കമ്പികൾ മുറിച്ചിടുക തുടങ്ങിയ പ്രവർത്തനങ്ങൾ മലബാറിലുണ്ടായി. ഇതിൽ പ്രധാനപ്പെട്ടതാണ് കീഴരിയൂർ ബോംബ് കേസ്. ഫറോക്ക് പാലം തകർക്കാൻ കെ.ബി. മേനോൻ, കുഞ്ഞിരാമകിടാവ് എന്നിവരുടെ നേതൃത്വത്തിൽ ഗൂഢാലോചന നടന്നു എന്നാരോപിച്ച് 27 പേരെ പ്രതിചേർത്ത് കേസ് ഫയൽ ചെയ്തു.

### മലബാർ കലാപത്തെക്കുറിച്ചുള്ള പടപ്പാട്ട്

"അന്നിരുപത്തൊന്നിൽ നമ്മള് ഇമ്മലയാളത്തില്
ഒന്നുചേർന്നു വെള്ളയോടെതിർത്ത് നല്ലെ മട്ടില്
ഏറനാട്ടിൽ ധീരമക്കൾ ചോര ചിന്തിയ നാടിതിൽ
ചീറിടും പീരങ്കികൾക്ക് മാറുകാട്ടിയ നാടിതിൽ
വാരിയംകുന്നത്ത് വീര കുഞ്ഞഹമ്മതാജിയും
വാശിമൂത്തെ മൂപ്പരുടെ കൂടെ കൂട്ടമായിട്ടും.

* * * *

നമ്മളുണ്ടാക്കുന്ന നെല്ല് ജന്മിമാരെ തീറ്റുവാൻ
സമ്മതിക്കില്ലെന്നതാണ് ഹേതു ഏറ്റ് മുട്ടുവാൻ
നമ്മളുടെ കാശ് വാങ്ങി ഇംഗ്ലണ്ടിലേക്കയക്കുവാൻ
സമ്മതിക്കില്ലെന്നതാണ ഹേതു ഏറ്റ് മുട്ടുവാൻ

* * * *

നമ്മളുടെ നെഞ്ചിലാണാ കല്ല് കേറ്റി വെച്ചത്
നമ്മളുടെ കൂട്ടാരെയാണാ സുബറ് കൊന്നത്
മഞ്ചേരിനിന്നഞ്ചാറ് മൈല് ദൂരവേ മോങ്ങത്തില്
സഞ്ചരിക്കുന്നോർക്ക് കാണാറാകുമാ നിരത്തില്
ചത്തുപോയ ഹിച്ച് കോക്ക് സാഹിബിന്റെ സ്മാരകം
ചാത്തനെ കുടിവെച്ചപോലെ
ആ ബലാലിൻ സ്മാരകം.

* * * *

രാജ്യസ്നേഹം വീറ് കൊണ്ടെ, ധീരരുണ്ടീ നാട്ടില്,
രക്ഷ വേണങ്കില് മണ്ടിക്കോട്ടവർ ഇംഗ്ലണ്ടില്."

(മലബാർ കലാപത്തെ അടിച്ചമർത്തിയ ജില്ലാ പോലീസ് മേധാവി ഹിച്ച്കോക്കിനെ കലാപകാരികൾ കൊലപ്പെടുത്തി. ബ്രിട്ടീഷ് ഗവൺമെന്റ് അദ്ദേഹത്തിന് ഒരു സ്മാരകം നിർമിച്ചു. ഇത് പൊളിച്ചുമാറ്റണമെന്നാവശ്യപ്പെട്ട് സമരത്തിൽ പങ്കെടുത്ത കമ്പളത്ത് ഗോവിന്ദൻനായർ എഴുതിയ പാട്ട്.)

## തിരുവിതാംകൂർ

തിരുവിതാംകൂറിൽ രാഷ്ട്രീയപ്രക്ഷോഭത്തിന്റെ ആരംഭം കുറിക്കുന്നത് 1891 ലെ മലയാളി മെമ്മോറിയലോടുകൂടിയാണ്. സർക്കാർജോലികളിൽ തിരുവിതാംകൂർകാർക്ക് മതിയായ പ്രാതിനിധ്യം ആവശ്യപ്പെട്ട് ബാരിസ്റ്റർ ജി.പി. പിള്ളയുടെ നേതൃത്വത്തിൽ പതിനായിരത്തിലധികം പേർ ഒപ്പിട്ട മെമ്മോറാണ്ടം മഹാരാജാവിന് സമർപ്പിച്ചു. ഇത് മലയാളി മെമ്മോറിയൽ എന്നറിയപ്പെടുന്നു. 1896 ൽ ഡോ. പൽപ്പു ഈഴവർ അനുഭവിക്കുന്ന പ്രയാസങ്ങൾ ചൂണ്ടിക്കാണിച്ച് ഈഴവ മെമ്മോറിയലും മഹാരാജാവിന് സമർപ്പിച്ചു. തിരുവിതാംകൂർ ദിവാനെ വിമർശിച്ചതിന്റെ പേരിൽ 'സ്വദേശാഭിമാനി' പത്രത്തിന്റെ പത്രാധിപരായ രാമകൃഷ്ണപിള്ളയെ നാടുകടത്തിയത് വലിയ രാഷ്ട്രീയചലനങ്ങൾ സൃഷ്ടിച്ചു. തിരുവിതാംകൂറിലുടനീളം വിദ്യാർഥി പ്രക്ഷോഭങ്ങൾ വളർന്നുവന്നു. സർക്കാർ ഉദ്യോഗങ്ങളിലും നിയമസഭയിലും ജനസംഖ്യാനുപാതികമായി സംവരണം വേണമെന്നാവശ്യപ്പെട്ട് ക്രിസ്ത്യൻ - മുസ്ലിം - ഈഴവ സമുദായക്കാർ 1932 ൽ നിവർത്തന പ്രക്ഷോഭം ആരംഭിച്ചു. എൻ.വി. ജോസഫ്, പി.കെ. കുഞ്ഞ്, സി. കേശവൻ എന്നിവരുടെ നേതൃത്വത്തിലാണ് ഉത്തരവാദഭരണത്തിനായുള്ള ഈ സമരം നടന്നത്. 1938 ൽ പട്ടം താണുപിള്ള പ്രസിഡന്റായി തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് രൂപംകൊണ്ടതോടെ തിരുവിതാംകൂറിൽ രാഷ്ട്രീയ പ്രവർത്തനങ്ങൾ സജീവമാകാൻ തുടങ്ങി. ദിവാൻ സർ സി.പി. രാമസ്വാമി അയ്യരുടെ ഭരണപരിഷ്കാരങ്ങൾക്കെതിരെ 1946-ൽ നടന്ന പുന്നപ്ര-വയലാർ സമരത്തോടെ തൊഴിലാളികളും രാഷ്ട്രീയരംഗത്തേക്കു വന്നു.

**പുന്നപ്ര – വയലാർ**


"തിരുവിതാംകൂർ പൗരസ്വാതന്ത്ര്യം കൈവരിക്കുന്നതിനുള്ള സമരം തുടങ്ങിയിട്ട് കാലം കുറേയായി. പുന്നപ്രയിലും വയലാറിലും തൊഴിലാളികൾ നടത്തിയ സമരം പൗരസ്വാതന്ത്ര്യത്തിനും ജനകീയഭരണത്തിനും വേണ്ടിയുള്ളതായിരുന്നു. 1938 ൽ കടയ്ക്കലും പാങ്ങോടും ആലപ്പുഴയിലും കൊല്ലത്തും നടന്ന സമരങ്ങൾ സ്വാതന്ത്ര്യസമരത്തെ സഹായിച്ചതുപോലെ പുന്നപ്രയിലെയും വയലാറിലെയും കൂട്ടക്കൊലകളും സ്വാതന്ത്ര്യത്തിന്റെ വേഗം കൂട്ടുകയാണ് ചെയ്തത്."

**സി. കേശവൻ (അവലംബം : സി.കേശവന്റെ പ്രസംഗങ്ങൾ)**



പട്ടം എ. താണുപിള്ള


എന്റെ ദൈവം കല്ലും മരവുമല്ലാ;
എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ലാ.
എന്നെ നാടുകടത്തുന്ന രാജസേവകന്മാരുടെ പേരിൽ
ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാനിയമം
ആ സേവകന്മാരുടെ മനോരാജ്യത്തിൽ
നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം;
തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാനിയമപ്രകാരമായിരിക്കയില്ല.
അല്ലെങ്കിൽ തന്നെ, നാടുകടത്തൽ, കാരാഗൃഹം മുതലായ
ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല.
ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല.
ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ
കൊലപാതകം ചെയ്തും, സാധുജനങ്ങളുടെ
ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും
ഈശ്വര സങ്കൽപ്പത്തിന്നു വിരുദ്ധമായ മറ്റു അകൃത്യങ്ങൾ
പ്രവർത്തിച്ചും പാപക്കുണ്ടിൽ പതിച്ചിരിക്കുന്നവരാണ്




K. Ramakrishna Pillai

കെ. രാമകൃഷ്ണപിള്ള

## കൊച്ചി


ഇ. ഇക്കണ്ടവാര്യർ

ദിവാനായ ഷൺമുഖം ചെട്ടി വൈദ്യുതിവിതരണം സ്വകാര്യകമ്പനിയെ ഏൽപ്പിച്ചതിനെതിരെ നടന്ന ഇലക്ട്രിസിറ്റി സമരത്തോടെയാണ് (1936) കൊച്ചിയിൽ ഉത്തരവാദഭരണത്തിനായുള്ള പ്രക്ഷോഭങ്ങൾ ആരംഭിക്കുന്നത്. എന്നാൽ തിരുവിതാംകൂറിലെപ്പോലെ കൊച്ചിയിൽ പ്രക്ഷോഭങ്ങൾ ശക്തമായിരുന്നില്ല. 1941 ൽ എസ്. നീലകണ്ഠഅയ്യർ, വി.ആർ.കൃഷ്ണനെഴുത്തച്ചൻ എന്നിവരുടെ നേതൃത്വത്തിൽ കൊച്ചി രാജ്യ പ്രജാമണ്ഡലം രൂപീകൃതമായശേഷം രാഷ്ട്രീയസമരങ്ങൾ ശക്തിപ്പെട്ടുവന്നു. ഇ. ഇക്കണ്ടവാര്യർ, പനമ്പിള്ളി ഗോവിന്ദമേനോൻ, കെ. അയ്യപ്പൻ തുടങ്ങിയവരായിരുന്നു കൊച്ചി രാജ്യ പ്രജാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.



മലബാർ, തിരുവിതാംകൂർ, കൊച്ചി എന്നിവിടങ്ങളിൽ നടന്ന പ്രധാന രാഷ്ട്രീയ പ്രക്ഷോഭങ്ങൾ ഉൾപ്പെടുത്തി ചാർട്ട് തയാറാക്കുക.

*നമ്മുടെ നാട്ടിലെ സാമ്പത്തികവ്യവസ്ഥ ഏറ്റവും അതൃപ്തികരമായ ഒന്നാണ്. ഒരു വശത്ത് കുബേരൻമാർ സുഖിക്കുകയും മറുവശത്ത് 80% ആളുകളും ദുരിതം അനുഭവിക്കുകയുമാണ് ചെയ്യുന്നത്. ഈ സാമ്പത്തികവ്യവസ്ഥകൊണ്ട് പട്ടിണിയും പരിവട്ടവും ആയിട്ടാണ് നമ്മുടെ ആളുകൾ കഴിയുന്നത്. ഈ സാമ്പത്തികവ്യവസ്ഥ മാറാതെ തിരുവിതാംകൂറിൽ ഒരു ഭരണകൂടത്തിന് ജീവിക്കുവാൻ സാധ്യമല്ല. ഒരു സ്ഥിതി സമീകരണംകൊണ്ടു മാത്രമേ സാമ്പത്തികവ്യവസ്ഥ മാറുകയുള്ളൂ. ഭാവി തിരുവിതാംകൂർ ഒരു സോഷ്യലിസ്റ്റ് തിരുവിതാംകൂർ ആയാൽ മാത്രമേ തിരുവിതാംകൂറിന് നിലനിൽക്കുവാൻ സാധ്യമുള്ളൂ. അത് മാറുന്നത് ഒരു രക്തച്ചൊരിച്ചിൽ കൊണ്ടു മാത്രമേ സാധ്യമാകൂ എന്ന് ഞാൻ വിചാരിക്കുന്നില്ല. ഏതു സാമ്പത്തിക നീതിയും സമാധാനപരമായിരിക്കണം.*

അവലംബം : വർക്കല ക്ഷേത്രമൈതാനത്തു വച്ചു കൂടിയ സ്റ്റേറ്റ് കോൺഗ്രസ് യോഗത്തിൽ മിസ് ആനിമസ്ക്രീൻ ചെയ്ത പ്രസംഗം (സ്വാതന്ത്ര്യസമരസേനാനികളുടെ തിരഞ്ഞെടുത്ത പ്രസംഗങ്ങൾ, സംസ്ഥാന പുരാരേഖാ വകുപ്പ്)

## ദേശീയപ്രസ്ഥാനവും സ്ത്രീകളും


എ.വി. കുട്ടിമാളു അമ്മ

മുകളിൽ നൽകിയിരിക്കുന്ന പ്രസംഗത്തിന്റെ ഭാഗം ശ്രദ്ധിച്ചല്ലോ. സ്ത്രീകളും കേരളമൊട്ടാകെ രാഷ്ട്രീയപ്രക്ഷോഭങ്ങളിൽ സജീവമായി പങ്കെടുക്കുകയും അവരുടെ രാഷ്ട്രീയബോധം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. വിദേശവസ്ത്ര ബഹിഷ്കരണം, മദ്യഷാപ്പ് പിക്കറ്റിങ്, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം, ഖാദിപ്രചാരണം എന്നിവ സ്ത്രീപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു. 1931 ൽ കോൺഗ്രസ്സിന്റെ വടകരസമ്മേള


അക്കമ്മ ചെറിയാൻ


ആനി മസ്ക്രീൻ

നത്തിന്റെ ഭാഗമായി മഹിളാസമ്മേളനം ചേർന്നു. അത് കേരളത്തിലെ ആദ്യത്തെ മഹിളാ സമ്മേളനമായാണ് അറിയപ്പെടുന്നത്. മലബാറിൽ എ.വി. കുട്ടിമാളു അമ്മയും തിരുവിതാംകൂറിൽ അക്കമ്മ ചെറിയാൻ, ആനി മസ്ക്രീൻ തുടങ്ങിയവരും ദേശീയപ്രക്ഷോഭത്തിന് നേതൃത്വം നൽകിയവരാണ്.



### കൗമുദിയെപ്പറ്റി ഗാന്ധിജി



“ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി ഞാൻ വടകരയിൽ സംസാരിക്കുമ്പോൾ ആഭരണങ്ങൾ സംഭാവനയായി നൽകണമെന്ന് സ്ത്രീജനങ്ങളോട് ആവശ്യപ്പെട്ടിരുന്നു. പ്രസംഗം നിർത്തിയ ഉടനെ പതിനാറുകാരിയായ കൗമുദി എന്ന പെൺകുട്ടി പ്ലാറ്റ്ഫോമിലേക്ക് കയറിവന്നു. അവൾ കൈയിലെ വള അഴിച്ചു തന്നുകൊണ്ട് എന്നോട് ഓട്ടോഗ്രാഫ് ആവശ്യപ്പെട്ടു. ഞാനത് നൽകാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ അവൾ മറ്റേ വളയും അഴിച്ചുതന്നു. ഞാൻ പറഞ്ഞു, നീ രണ്ടു വളകളും എനിക്ക് തരണമെന്നില്ല. സ്വർണ നെക്‌ലേസ് ഊരിത്തന്നുകൊണ്ടാണ് അവൾ അതിനു മറുപടി പറഞ്ഞത്. അവൾ ആളുകളുടെ ആഹ്ലാദാരവങ്ങൾക്കിടെ തന്റെ കർണാഭരണങ്ങൾകൂടി അഴിച്ചുതന്നു. ഈ ആഭരണങ്ങൾക്കു പകരം ആഭരണങ്ങൾ വാങ്ങി അണിയേണ്ടതില്ലെന്ന് ഞാൻ കൗമുദിയെ ഓർമിപ്പിച്ചു. നിന്റെ ത്യാഗം നീ ഉപേക്ഷിച്ച ആഭരണങ്ങളേക്കാൾ സത്യസന്ധമായ ആഭരണമാണ്.”

## ഐക്യകേരളത്തിലേക്ക്



ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഒരേ ഭാഷ സംസാരിച്ചിരുന്നവരെങ്കിലും മലയാളികൾ മൂന്നു വ്യത്യസ്ത ഭരണമേഖലകളിലായി ഭിന്നിച്ചു കിടക്കുകയായിരുന്നു. 1920 ൽ നാഗ്പൂരിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന കോൺഗ്രസ് കമ്മിറ്റികൾ രൂപീകരിക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1921 ഏപ്രിൽ 23 മുതൽ 26 വരെ ഒറ്റപ്പാലത്തുവച്ച് ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം നടന്നു. ആന്ധ്ര കേസരി എന്നറിയപ്പെടുന്ന ബാരിസ്റ്റർ ടി. പ്രകാശമായിരുന്നു ഈ സമ്മേളനത്തിന്റെ അധ്യക്ഷൻ. തുടർന്ന് തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളപ്രദേശ് കോൺഗ്രസ് കമ്മിറ്റി നിലവിൽ വന്നു.

ജവഹർലാൽ നെഹ്റുവിന്റെ അധ്യക്ഷതയിൽ ചേർന്ന പയ്യന്നൂർ കോൺഗ്രസ് സമ്മേളനത്തിൽ സ്വാതന്ത്ര്യത്തിനുശേഷം കേരളത്തെ ഒരു പ്രത്യേക സംസ്ഥാനമായി പുനസ്സംഘടിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു. 1947 ൽ കേളപ്പന്റെ അധ്യക്ഷതയിൽ തൃശൂരിൽ ചേർന്ന ഐക്യകേരള കൺവെൻ ഷനിലും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആലുവയിൽ വച്ച് ചേർന്ന ഐക്യകേരള സമ്മേളനത്തിലും ഐക്യകേരളപ്രമേയം പാസാക്കി. ഇതേത്തുടർന്ന് 1949 ജൂലൈ ഒന്നിന് തിരുവിതാംകൂറിനെയും കൊച്ചിയെയും സംയോജിപ്പിച്ച് തിരു-കൊച്ചി സംസ്ഥാനം രൂപീകരിച്ചു. മലയാളം സംസാരിക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി കേരളം രൂപീകരിക്കണമെന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് ‘ഒന്നേകാൽ കോടി മലയാളികൾ’ എന്ന ഗ്രന്ഥത്തിൽ സൂചിപ്പിക്കുകയുണ്ടായി. ഭാഷാടി




സ്ഥാനത്തിൽ സംസ്ഥാനരൂപീകരണത്തിനായി പ്രക്ഷോഭങ്ങൾ ശക്തമായതിനെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് സംസ്ഥാന പുനസ്സംഘടനാ കമ്മീഷൻ രൂപീകരിച്ചു. കമ്മീഷന്റെ ശുപാർശ പ്രകാരം മലബാർ, തിരുവിതാംകൂർ, കൊച്ചി പ്രദേശങ്ങൾ ഉൾപ്പെടുത്തി 1956 നവംബർ 1 ന് കേരളസംസ്ഥാനം രൂപീകൃതമായി.

തിരുവിതാംകൂറിന്റെ ഭാഗമായിരുന്ന തോവാള, അഗസ്തീശ്വരം, കൽക്കുളം, വിളവൻകോട് എന്നീ താലൂക്കുകൾ മദിരാശി സംസ്ഥാനത്തിനു വിട്ടുകൊടുത്തു. തെക്കൻ കർണാടകത്തിന്റെ ഭാഗമായിരുന്ന കാസറഗോഡ്, ഹോസ്ദുർഗ് താലൂക്കുകൾ കേരളത്തോട് കൂട്ടിച്ചേർക്കപ്പെട്ടു.

*സംസ്ഥാനരൂപീകരണത്തിലേക്ക് നയിച്ച വിവിധ സംഭവവികാസങ്ങൾ ഉൾപ്പെടുത്തി ഡിജിറ്റൽ അസൈൻമെന്റ് തയാറാക്കുക.*

**ഐക്യകേരള പ്രതിജ്ഞ**

മൂന്നായ് മുറിഞ്ഞു കിടക്കുമീ കേരളം
ഒന്നാക്കുമെന്നായ് പ്രതിജ്ഞചെയ്യുന്നു നാം
നൂറ്റിരുപത്തഞ്ചു ലക്ഷം കരൾകളിൽ
ഒത്തു തുടിപ്പതീ സത്യാക്ഷരങ്ങളാം
രണ്ടരക്കോടി ബലിഷ്ഠഹസ്തങ്ങളീ
സംഗരത്തിങ്കലുണ്ടായുധമേന്തുവാൻ
ധൈര്യമുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ദൈവാധികാരവും സന്ധിപ്പഴമയും!
ശക്തിയുണ്ടെങ്കിലെതിർത്തിനി നിൽക്കട്ടെ
ധിക്കാരകാപട്യമർദനശക്തികൾ!
സ്വേച്ഛാധിപത്യം തകർത്തു, ബഹുജന-
സ്വാച്ഛന്ദ്യവാഴ്ച നടപ്പാക്കുമിങ്ങുനാം
ഒറ്റ ജനസഭ, ഒറ്റനീതിന്യായം
ഒറ്റ സർക്കാരിനിക്കേരളഭൂമിയിൽ!

*എൻ.വി. കൃഷ്ണവാരിയർ*

ഐക്യകേരളത്തിന്റെ രൂപീകരണത്തിലേക്കു നയിച്ച സാഹചര്യം വിശകലനം ചെയ്യുക.

ഭൂപരിഷ്കരണം, പൊതുജനാരോഗ്യം, വിദ്യാഭ്യാസം, വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയ മേഖലകളിൽ കേരളം ഇന്നുവരെ കൈവരിച്ച നേട്ടങ്ങൾ വിവിധ സ്രോതസുകളുടെ സഹായത്താൽ കണ്ടെത്തി പതിപ്പ് തയാറാക്കുക.

## കേരളം ആധുനികതയിലേക്ക്

| യൂറോപ്യരുടെ വരവ് | ആദ്യകാല ചെറുത്തുനിൽപ്പുകൾ | സാമ്പത്തിക മാറ്റങ്ങൾ | സാംസ്കാരിക - സാമൂഹിക രംഗങ്ങളിലെ മാറ്റങ്ങൾ | ദേശീയ പ്രസ്ഥാനം |
|---|---|---|---|---|
| പോർട്ടുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ | പഴശ്ശിരാജാ, വേലുത്തമ്പി, പാലിയത്തച്ചൻ | ലോകകമ്പോളത്തിന്റെ ഭാഗമായി, ഭൂബന്ധങ്ങളിലെ മാറ്റങ്ങൾ, കൃഷിയുടെ വാണിജ്യവൽക്കരണം, വ്യവസായങ്ങളുടെ വളർച്ച | വിദ്യാഭ്യാസം, നിയമം, ആരോഗ്യം, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, വൈക്കം സത്യഗ്രഹം, ഗുരുവായൂർ സത്യഗ്രഹം, ക്ഷേത്രപ്രവേശന വിളംബരം | നിസ്സഹകരണ സമരം, നിയമലംഘന സമരം, ക്വിറ്റ് ഇന്ത്യാ സമരം, ഐക്യകേരളം |



## വിലയിരുത്താം

- കോളം എ യിൽ തന്നിട്ടുള്ളവയ്ക്ക് യോജിക്കുന്നവ കോളം ബി യിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| പോർട്ടുഗീസ് | ആറ്റിങ്ങൽ കലാപം |
| ഡച്ച് | കർണാട്ടിക് യുദ്ധങ്ങൾ |
| ഫ്രഞ്ച് | കുളച്ചൽ യുദ്ധം |
| ബ്രിട്ടീഷ് | കുഞ്ഞാലി മരക്കാർമാരുടെ പോരാട്ടങ്ങൾ |

- ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി കേരളത്തിൽ ആധിപത്യം സ്ഥാപിച്ചതെങ്ങനെ?
- ബ്രിട്ടീഷ് ഭരണത്തിൽ കേരളത്തിലെ വ്യാപാരം, വ്യവസായം, കൃഷി തുടങ്ങിയ മേഖലകളിലുണ്ടായ പ്രത്യാഘാതങ്ങൾ വിശകലനം ചെയ്യുക.
- താഴെ കൊടുത്തിട്ടുള്ള സംഭവങ്ങളുമായി ബന്ധപ്പെട്ട വ്യക്തികളെ ബ്രാക്കറ്റിൽനിന്നു കണ്ടെത്തി പട്ടിക പൂർത്തിയാക്കുക.
  - കുണ്ടറവിളംബരം .......................................

- വൈക്കംസത്യഗ്രഹം .......................................
- ഗുരുവായൂർസത്യഗ്രഹം .......................................
- കീഴരിയൂർ ബോംബ് കേസ് .......................................
- മലയാളി മെമ്മോറിയൽ .......................................

(ഡോ. പൽപ്പു, ജി.പി. പിള്ള, പഴശ്ശിരാജാ, കെ. കേളപ്പൻ, കെ.ബി. മേനോൻ, ശ്രീനാരായണഗുരു, വേലുത്തമ്പി ദളവ, ടി.കെ. മാധവൻ)

- കേരളത്തിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വങ്ങളും അനാചാരങ്ങളും ഇല്ലാതാക്കാൻ വളർന്നുവന്ന പരിഷ്കരണപ്രസ്ഥാനങ്ങളും സമരങ്ങളും ഏതെല്ലാമായിരുന്നു? പട്ടികപ്പെടുത്തുക.
- കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് ഐകരൂപ്യമുണ്ടായിരുന്നില്ല. കാരണങ്ങൾ എന്തെല്ലാമായിരുന്നു?
- ഐക്യകേരളത്തിലേക്കു നയിച്ച സംഭവങ്ങൾ വിശദമാക്കുക.




## തുടർപ്രവർത്തനങ്ങൾ

- കേരളത്തിൽ ബ്രിട്ടീഷുകാർക്കെതിരെ നടന്ന ആദ്യകാല ചെറുത്തുനിൽപ്പുകളായ ആറ്റിങ്ങൽ കലാപം, പഴശ്ശിക്കലാപങ്ങൾ, വേലുത്തമ്പിയുടെയും പാലിയത്തച്ചന്റെയും പോരാട്ടങ്ങൾ എന്നിവയെ ആസ്പദമാക്കി ഒരു നാടകം തയാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.
- കേരളത്തിലെ സാംസ്കാരികരംഗത്ത് ബ്രിട്ടീഷ് ഭരണകാലത്തുണ്ടായ മാറ്റങ്ങളെക്കുറിച്ച് സെമിനാർ പ്രബന്ധം തയാറാക്കുക.
  ഉൾപ്പെടുത്തേണ്ട മേഖലകൾ:
  - അച്ചടിയും വിദ്യാഭ്യാസവും
  - ആരോഗ്യം
  - നിയമവും നീതിന്യായവും
  - പിന്തുടർച്ചക്രമം
- കേരളത്തിലുണ്ടായ സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളെക്കുറിച്ചും സാമൂഹികമാറ്റത്തിനായി നടന്ന സമരങ്ങളെക്കുറിച്ചും ഐ.സി.ടി. സഹായത്തോടെ വിവരങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയാറാക്കുക.

അധ്യായം


09



# രാഷ്ട്രവും രാഷ്ട്രതന്ത്രശാസ്ത്രവും

*ഇത് ഞങ്ങളുടെ രണ്ടാം ജന്മമാണ്. ജീവനോടെ നാട്ടിലേക്കു തിരിച്ചു വരാൻ കഴിയുമെന്ന് യാതൊരു പ്രതീക്ഷയും ഉണ്ടായിരുന്നില്ല. ഞങ്ങളെ മോചിപ്പിക്കുന്നതിനായി പ്രവർത്തിച്ച ഇന്ത്യാ ഗവൺമെന്റിനോടും മറ്റെല്ലാവരോടും ഞങ്ങൾ നന്ദി രേഖപ്പെടുത്തുന്നു. ഇന്ത്യൻ പൗരനായതിൽ അഭിമാനം തോന്നുന്ന നിമിഷമാണിത്.*

സിറിയയിലെ ആഭ്യന്തരകലാപത്തിൽപ്പെട്ട് നാട്ടിലേക്കു തിരിച്ചുവരാൻ കഴിയാതിരുന്ന ഇന്ത്യൻ നഴ്സുമാരെ സർക്കാർ തിരികെയെത്തിച്ചപ്പോഴുള്ള അവരുടെ പ്രതികരണമാണ് മുകളിൽ നൽകിയിരിക്കുന്നത്. സമാനമായ സംഭവങ്ങളെക്കുറിച്ച് നിങ്ങൾക്കും അറിവുണ്ടാകുമല്ലോ? ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കാനും ജനക്ഷേമപ്രവർത്തനങ്ങൾ നടപ്പാക്കാനും പ്രതിസന്ധിഘട്ടങ്ങളിൽ ഫലപ്രദമായി പ്രവർത്തിക്കാനും കഴിയുന്ന ഏക സ്ഥാപനം രാഷ്ട്രം മാത്രമാണ്. അതിനാൽ നാം രൂപീകരിച്ചിട്ടുള്ള സാമൂഹിക-രാഷ്ട്രീയ സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് രാഷ്ട്രം.


നിക്കോളോ മാക്യവല്ലി

സാർവത്രികവും ശക്തവും ഒഴിച്ചുകൂടാൻ സാധിക്കാത്തതുമായ ഒരു സ്ഥാപനമാണ് രാഷ്ട്രം. മനുഷ്യൻ സ്ഥിരവാസം ആരംഭിച്ചതിനെത്തുടർന്നാണ് രാഷ്ട്രം രൂപീകൃതമായത്. വ്യത്യസ്ത രൂപത്തിലും ഘടനയിലുമായിരുന്നു എങ്കിലും രാഷ്ട്രം എല്ലാ കാലത്തും നിലനിന്നിരുന്നതായി ചരിത്രത്തിൽ നിന്നു നമുക്ക് മനസ്സിലാക്കാം. രാഷ്ട്രം എന്ന പദം ആദ്യമായി ഉപയോഗിച്ചത് പാശ്ചാത്യചിന്തകനായ നിക്കോളോ മാക്യവല്ലിയാണ്.

## എന്താണ് രാഷ്ട്രം?

5NK9Z8

ഒരു നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരമായി അധിവസിക്കുന്നവരും പരമാധികാരമുള്ള ഗവൺമെന്റോടുകൂടിയതുമായ ഒരു ജനതയാണ് രാഷ്ട്രം.

മുകളിൽ നൽകിയിരിക്കുന്ന നിർവചനത്തിൽനിന്ന് ഒരു രാഷ്ട്രത്തിനുണ്ടായിരിക്കേണ്ട അടിസ്ഥാന ഘടകങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താൻ ശ്രമിക്കൂ.

- ജനങ്ങൾ
- 
- 
- 

## ജനങ്ങൾ (Population)

രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനങ്ങൾ. പരസ്പരധാരണ, പരസ്പരാശ്രയത്വം, പൊതുതാൽപ്പര്യം എന്നിവയെ അടിസ്ഥാനമാക്കി ജനങ്ങൾ ഒത്തൊരുമയോടെ പ്രവർത്തിക്കേണ്ടത് രാഷ്ട്രത്തിന്റെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. ജനങ്ങളില്ലാതെ രാഷ്ട്രമില്ല. എന്നാൽ ഒരു രാജ്യത്ത് ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ജനസംഖ്യയെത്രയെന്നോ പരമാവധി എത്ര ജനങ്ങൾ ഉണ്ടാകണമെന്നോ നിശ്ചയിക്കപ്പെട്ടിട്ടില്ല. അമിതമായ ജനസംഖ്യയും കുറഞ്ഞ ജനസംഖ്യയും രാഷ്ട്രത്തിന് ഗുണകരമല്ല. ഇത് രാഷ്ട്രത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. ജനസംഖ്യ കുറവായ കാനഡ കുടിയേറ്റത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. മനുഷ്യവിഭവശേഷിയുടെ ലഭ്യതക്കുറവാണ് ഇതിനു കാരണം. എന്നാൽ അമിതജനസംഖ്യ തൊഴിലില്ലായ്മയ്ക്കും ദാരിദ്ര്യത്തിനും കാരണമാകുന്നു.



ജനസംഖ്യയിലെ ഏറ്റകുറച്ചിലുകൾ രാഷ്ട്രത്തെ എങ്ങനെ സ്വാധീനിക്കുന്നു. വിലയിരുത്തുക.

ഒരു രാജ്യത്തെ ജനങ്ങൾ ഒരു മതവിഭാഗത്തിൽപ്പെട്ടവരോ ഒരേ ഭാഷയോ സംസ്കാരമോ ഉള്ളവരോ ആവണമെന്നില്ല. എന്നാൽ പൊതുവായ ദേശീയതയെ അടിസ്ഥാനമാക്കി ഒത്തൊരുമയോടെ ജീവിക്കുന്നവരായിരിക്കണം. ദേശീയത എന്താണെന്നും അത് ഏതു രീതിയിൽ രാഷ്ട്രത്തെ സ്വാധീനിക്കുന്നു എന്നും മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തിട്ടുണ്ടല്ലോ.

## ഭൂപ്രദേശം (Territory)

ഭൂപടവും ചുവടെ നൽകിയ വിവരങ്ങളും പരിശോധിക്കൂ. ഇന്ത്യയുടെ ഭൂപ്രദേശം, അതിർത്തികൾ എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങളാണ് ഭൂപടത്തിനൊപ്പം നൽകിയിരിക്കുന്നത്. രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഒരു ഘടകമാണ് ഭൂപ്രദേശം.

കൃത്യമായ അതിർത്തികളോടുകൂടിയ ഒരു ഭൂപ്രദേശം രാഷ്ട്രത്തിനുണ്ടാവണം. ജനങ്ങൾ നിശ്ചിത ഭൂപ്രദേശത്ത് സ്ഥിരതാമസമാക്കുമ്പോഴാണ് രാഷ്ട്രം രൂപീകരിക്കപ്പെടുക. ഭൂപ്രദേശമേഖലയിൽ രാഷ്ട്രത്തിന് പൂർണമായ നിയന്ത്രണം ഉണ്ടായിരിക്കണം.

ഭൂപ്രദേശം എന്നാൽ കരയും ജലമേഖലയും വായുമേഖലയും തീരപ്രദേശവും ചേർന്നതാണ്.




അറ്റ്ലസിന്റെ സഹയാത്തോടെ ലോക രാഷ്ട്രീയ ഭൂപടം നിരീക്ഷിക്കൂ. വലുപ്പം കൂടിയ റഷ്യ, കാനഡ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളും വലുപ്പം കുറഞ്ഞ

സാൻമെരീനോ, വത്തിക്കാൻ സിറ്റി തുടങ്ങിയ രാജ്യങ്ങളും നിങ്ങൾക്ക് കാണാൻ കഴിയും. ഭൂപ്രദേശ വലുപ്പം രാഷ്ട്രരൂപീകരണത്തെ ബാധിക്കുന്നില്ല; അതിർത്തികളോടുകൂടിയ ഭൂപ്രദേശം ഉണ്ടായാൽ മതി.

**ടെറിടോറിയൽ വാട്ടേഴ്സ്**

സമുദ്രസാമീപ്യമുള്ള രാജ്യങ്ങളുടെ തീര പ്രദേശത്തുനിന്നു 12 നോട്ടിക്കൽ മൈൽ (22 കിലോമീറ്റർ) കടലും ഭൂപ്രദേശത്തിന്റെ ഭാഗമായി കണക്കാക്കും. ഈ മേഖല ടെറിടോറിയൽ വാട്ടേഴ്സ് എന്നറിയപ്പെടുന്നു. അനുമതിയില്ലാതെ ഈ മേഖലയിൽ പ്രവേശിക്കുന്ന മറ്റു രാജ്യങ്ങളിലെ കപ്പലുകളും ബോട്ടുകളും തീരദേശസേന പിടിച്ചെടുക്കാറുണ്ട്.

## ഗവൺമെന്റ്

രാഷ്ട്രത്തിനനിവാര്യമായ ഘടകമാണ് ഗവൺമെന്റ്. രാഷ്ട്രത്തിനുവേണ്ടി നിയമങ്ങൾ നിർമിക്കുകയും നടപ്പാക്കുകയും നീതി ഉറപ്പാക്കുകയും ചെയ്യുന്നത് ഗവൺമെന്റാണ്.

ജനങ്ങൾക്ക് സുരക്ഷ ഉറപ്പാക്കുന്നതും വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതും ഗവൺമെന്റാണ്. രാഷ്ട്രത്തിനുവേണ്ടി ഗവൺമെന്റുകൾ നിർവഹിക്കുന്ന ഏതാനും ചുമതലകൾ ചുവടെ നൽകിയിരിക്കുന്നു. കൂടുതൽ എഴുതി പട്ടിക വിപുലീകരിക്കുക.

- ക്രമസമാധാനം ഉറപ്പുവരുത്തുക.
- തൊഴിലവസരങ്ങൾ വർധിപ്പിക്കുക.
- വികസനപദ്ധതികൾ നടപ്പാക്കുക.
- 
- 

ഗവൺമെന്റുകൾ നിർവഹിക്കുന്ന ഇത്തരം ചുമതലകളിലൂടെയാണ് രാഷ്ട്രം ജനങ്ങളിലേക്കെത്തുന്നത്. വിവിധ രാജ്യങ്ങളിൽ വ്യത്യസ്തതരം ഗവൺമെന്റുകളാണ് നിലനിൽക്കുന്നത്. രാജഭരണം, സൈനികഭരണം, ജനാധിപത്യഭരണം എന്നിങ്ങനെ വിവിധ തരം ഗവൺമെന്റുകളുണ്ട്. ഏതുതരം ഗവൺമെന്റായാലും എല്ലാ രാഷ്ട്രങ്ങളിലും ഗവൺമെന്റ് ഉണ്ടാവണം. ഗവൺമെന്റുകൾ കാലാനുസൃതമായ മാറ്റങ്ങൾക്കു വിധേയമാണ്. എന്നാൽ രാഷ്ട്രം സ്ഥിരമാണ്.

**കേരളം ഒരു രാഷ്ട്രമല്ല**

കൃത്യമായ ഭൂപ്രദേശവും ജനങ്ങളും ഗവൺമെന്റും കേരളത്തിനുണ്ട്. എന്നാൽ ആഭ്യന്തരവും വൈദേശികവുമായ എല്ലാ വിഷയങ്ങളിലും തീരുമാനമെടുക്കാനുള്ള അധികാരം ഇല്ല. അതുകൊണ്ടു തന്നെ കേരളത്തെ രാഷ്ട്രമായി കണക്കാക്കാൻ കഴിയില്ല.

## പരമാധികാരം (Sovereignty)

ഇതൊടൊപ്പം നൽകിയിരിക്കുന്ന വാർത്താ തലക്കെട്ടുകൾ നിരീക്ഷിക്കൂ. ദേശീയവിഷയങ്ങളിലും അന്തർദേശീയ വിഷയങ്ങളിലും ഇന്ത്യാ ഗവൺമെന്റെടുത്ത തീരുമാനങ്ങളോ നിലപാടുകളോ ആണ് ഇവിടെ പരാമർശിക്കുന്നത്. ബാഹ്യ നിയന്ത്രണമില്ലാതെ ആഭ്യന്തരവിഷയങ്ങളിൽ തീരുമാനമെടുക്കാനും അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ നിലപാടെടുക്കാനുമുള്ള പൂർണമായ അധികാരം




രാഷ്ട്രത്തിനുണ്ട്. രാഷ്ട്രത്തിന്റെ ഈ അധികാരം പരമാധികാരം എന്നറിയപ്പെടുന്നു. രാഷ്ട്രത്തെ മറ്റു സ്ഥാപനങ്ങളിൽനിന്നു വ്യത്യസ്തമാക്കുന്നത് പരമാധികാരമാണ്.

ജനങ്ങളും ഭൂപ്രദേശവും ഗവൺമെന്റും ഉണ്ടായാലും രാഷ്ട്രം രൂപീകരിക്കപ്പെടുകയില്ല. പരമാധികാരം ഉണ്ടെങ്കിൽ മാത്രമേ രാഷ്ട്രം നിലവിൽ വരുകയുള്ളൂ. രാഷ്ട്രത്തിന്റെ സമ്പൂർണവും അപരിമിതവും അവിഭാജ്യവുമായ അധികാരമാണത്. പരമാധികാരം വിഭജിക്കപ്പെട്ടാൽ പുതിയ രാഷ്ട്രം രൂപീകരിക്കപ്പെടും. പരമാധികാരത്തിന് പ്രധാനമായും രണ്ടു തലങ്ങളുണ്ട്. അവ ഏതെല്ലാമാണെന്ന് നിരീക്ഷിക്കൂ.

**ദക്ഷിണസുഡാൻ**



സുഡാൻ വിഭജിച്ച് 2011 ൽ രൂപീകൃതമായ രാഷ്ട്രമാണ് ദക്ഷിണസുഡാൻ. ഒരു രാഷ്ട്രത്തിന്റെ പരമാധികാര വിഭജനം പുതിയ രാഷ്ട്രരൂപീകരണത്തിലേക്ക് നയിക്കുമെന്നതിന് ഏറ്റവും പുതിയ ഉദാഹരണമാണ് ഐക്യരാഷ്ട്രസഭയിലെ 193-ാമത് അംഗരാജ്യമായ ദക്ഷിണ സുഡാൻ.

**പരമാധികാരം**

**ആഭ്യന്തരതലം** : ഭൂപ്രദേശപരിധിക്കുള്ളിൽ എല്ലാ വിഷയത്തിലും തീരുമാനമെടുക്കാനുള്ള അധികാരം.

**ബാഹ്യതലം**: അന്തർദേശീയ വിഷയങ്ങളിൽ സ്വന്തമായ തീരുമാനമെടുക്കാനുള്ള അധികാരം.

രാഷ്ട്രരൂപീകരണത്തിന് അനിവാര്യമായ ഘടകങ്ങൾ ഉൾപ്പെടുത്തി ഒരു സെമിനാർ പേപ്പർ തയാറാക്കുക.



## രാഷ്ട്രത്തിന്റെ ചുമതലകൾ

രാഷ്ട്രത്തിന്റെ ചുമതല സംബന്ധിച്ച പ്രമുഖ പാശ്ചാത്യചിന്തകനായ ജെർമി ബെന്താമിന്റെ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. പൊതുനന്മ അഥവാ ജനക്ഷേമം എല്ലാ രാഷ്ട്രങ്ങളുടെയും ചുമതലയാണ്. ഗ്രീക്ക് ചിന്തകരായ പ്ലേറ്റോയും അരിസ്റ്റോട്ടിലും രാഷ്ട്രത്തിന്റെ പ്രധാന ചുമതലയായി കണക്കാക്കിയത് പൗരന് മെച്ചപ്പെട്ട ജീവിതം നൽകുക എന്നതാണ്.

ആധുനികകാലത്ത് അതിവിപുലമായ ചുമതലകളാണ് രാഷ്ട്രത്തിനുള്ളത്.


*രാഷ്ട്രത്തിന്റെ ലക്ഷ്യം ഏറ്റവും കൂടുതൽ പേർക്ക് ഏറ്റവും കൂടുതൽ നന്മ ചെയ്യലാണ്.*

**ജെർമി ബന്താം**

ക്ഷേമരാഷ്ട്രം (Welfare State) എന്ന ആശയം നിലവിൽവന്നതോടെ ചുമതലകളും ഗണ്യമായി വർധിച്ചു. രാഷ്ട്രത്തിന്റെ ചുമതലകൾ സൂചിപ്പിക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.




രാഷ്ട്രം എല്ലാ കാലത്തും നിർബന്ധമായും നിർവഹിക്കേണ്ട ചുമതലകളാണ് നിർബന്ധിത ചുമതലകൾ. നിർബന്ധിത ചുമതലകൾ നിർവഹിക്കുന്നതിൽ നിന്നും രാഷ്ട്രങ്ങൾക്ക് മാറിനിൽക്കുക സാധ്യമല്ല. ഈ ചുമതലകൾ നിർവഹിക്കാത്തപക്ഷം ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉണ്ടാവുകയില്ല.



നിർബന്ധിത ചുമതലകൾ നിർവഹിക്കുന്നതിനായി ഇന്ത്യയിൽ രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം? കണ്ടെത്തി പട്ടികപ്പെടുത്തുക.

*രാഷ്ട്രത്തിന്റെ വ്യത്യസ്ത ചുമതലകളുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ഷോർട്ട്ഫിലിം തയാറാക്കുക.*



നിർബന്ധിത ചുമതലയിൽ നിന്നു വിവേചനപരമായ ചുമതലകൾക്കുള്ള വ്യത്യാസമെന്താണ്? രാഷ്ട്രത്തിന്റെ സാമ്പത്തികസ്ഥിതിക്കനുസരിച്ച് നിർവഹിക്കേണ്ട ചുമതലകളാണ് വിവേചനപരമായ ചുമതല. വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം തുടങ്ങി ഇത്തരം ചുമതലകളുടെ നിർവഹണം, ജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട ജീവിതം സാധ്യമാക്കും. പുരോഗമനപരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്ന രാഷ്ട്രത്തെ നാം ക്ഷേമരാഷ്ട്രം എന്നു വിളിക്കുന്നു. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകളുടെ പരിധി നിശ്ചയിക്കുക സാധ്യമല്ല. സാങ്കേതികവിദ്യയുടെ വളർച്ചയും മനുഷ്യന്റെ ആവശ്യങ്ങളിലുണ്ടാകുന്ന വർധനവും ഈ മേഖലയെ വിപുലപ്പെടുത്തുന്നു.



രാഷ്ട്രം നിർവഹിക്കുന്ന നിർബന്ധിതവും വിവേചനപരവുമായ ചുമതലകളുടെ പ്രാധാന്യം ചർച്ചചെയ്യൂ.

## രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ

രാഷ്ട്രം എങ്ങനെ നിലവിൽവന്നു എന്ന് വിശദമാക്കുന്ന ചില സിദ്ധാന്തങ്ങൾ നിരീക്ഷിക്കൂ.

**രാഷ്ട്രരൂപീകരണ സിദ്ധാന്തങ്ങൾ**

**ദൈവദത്ത സിദ്ധാന്തം**

രാഷ്ട്രം ദൈവസൃഷ്ടിയാണ്. രാജാവ് ദൈവത്തിന്റെ പ്രതിപുരുഷനാണ്. ദൈവത്തോട് മാത്രമേ രാജാവിന് കടപ്പാടുള്ളൂ.

**പരിണാമസിദ്ധാന്തം**

രാഷ്ട്രം ചരിത്രസൃഷ്ടിയാണ്. സാമൂഹിക പരിണാമ പ്രക്രിയയുടെ ഫലമായി രൂപംകൊണ്ടു.

**സാമൂഹിക ഉടമ്പടി സിദ്ധാന്തം**

ജനങ്ങൾ രൂപംനൽകിയ ഒരു കരാറിലൂടെ രാഷ്ട്രം നിലവിൽവന്നു.

മനുഷ്യന്റെ ആവശ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനുവേണ്ടി അവർ രാഷ്ട്രത്തിന് രൂപം നൽകി.

**ശക്തിസിദ്ധാന്തം**

ശക്തരായവർ ദുർബലരുടെ മേൽ ആധിപത്യം സ്ഥാപിച്ചതിലൂടെ രാഷ്ട്രം രൂപീകരിക്കപ്പെട്ടു.

മുകളിൽ നൽകിയിരിക്കുന്നവയിൽ ഏറ്റവും സ്വീകാര്യമായത് പരിണാമ സിദ്ധാന്തമാണ്. വിവിധ സാഹചര്യങ്ങളുടെ സ്വാധീന ഫലമായി രാഷ്ട്രം രൂപംകൊള്ളുകയും വിവിധ വികാസപരിണാമങ്ങളിലൂടെ ഇന്നത്തെ രൂപത്തിൽ എത്തുകയും ചെയ്തു എന്ന് ഈ സിദ്ധാന്തം വ്യക്തമാക്കുന്നു. ഗോത്രം, ഗോത്രഭരണം എന്നിവയിൽ തുടങ്ങി നഗരരാഷ്ട്രം, സാമ്രാജ്യത്വരാഷ്ട്രങ്ങൾ, ഫ്യൂഡൽ രാഷ്ട്രം എന്നിങ്ങനെ വ്യത്യസ്ത രൂപത്തിൽ രാഷ്ട്രം നിലനിന്നിരുന്നു. ഇന്ന് രാഷ്ട്രങ്ങൾ പൊതുവെ ദേശരാഷ്ട്രം (Nation State) എന്നാണ് അറിയപ്പെടുന്നത്. പൊതുവായ ദേശീയകാഴ്ചപ്പാടിനെ അടിസ്ഥാനമാക്കി രൂപംകൊള്ളുന്നതിനാലാണ് ഇവയെ ദേശരാഷ്ട്രം എന്നു വിളിക്കുന്നത്.


## രാഷ്ട്രവും പൗരനും

രാഷ്ട്രരൂപീകരണത്തിന് ജനങ്ങൾ അനിവാര്യമാണെന്ന് മുമ്പു നമ്മൾ ചർച്ചചെയ്തല്ലോ. ഇന്ത്യൻ പൗരന് രാജ്യത്തിനു പുറത്തേക്ക് സഞ്ചരിക്കാൻ അനിവാര്യമായ പാസ്പോർട്ടിന്റെ ചിത്രം നൽകിയിരിക്കുന്നു. പാസ്പോർട്ട്, ജനനസർട്ടിഫിക്കറ്റ് തുടങ്ങിയവയിൽ ദേശീയത രേഖപ്പെടുത്താറുണ്ട്. ഒരു വ്യക്തിയുടെ പൗരത്വം ഏതാണെന്ന് ഇതു വ്യക്തമാക്കുന്നു.



## പൗരത്വം

> ഒരു രാഷ്ട്രത്തിന്റെ നിയമനിർമാണ നടപടികളിലും നീതിനിർവഹണത്തിലും പങ്കെടുക്കാൻ അധികാരമുള്ള ഏതു വ്യക്തിയെയും ആ രാഷ്ട്രത്തിലെ പൗരൻ എന്ന് വിളിക്കാം. **അരിസ്റ്റോട്ടിൽ**




ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലിന്റെ പൗരത്വ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. രാഷ്ട്രവും പൗരനും തമ്മിലുള്ള ബന്ധം ഇതിലൂടെ വ്യക്തമാകുന്നു. ഒരു രാജ്യത്തെ പൂർണവും തുല്യവുമായ അംഗത്വമാണ് പൗരത്വം. പൗരത്വം ഒരു വ്യക്തിയെ രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും അനുഭവിക്കാൻ പ്രാപ്തനാക്കുന്നു. രാഷ്ട്രവും പൗരനും തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കുന്ന ചാർട്ട് നിരീക്ഷിക്കൂ.

രാഷ്ട്രം പൗരന് അവകാശങ്ങൾ ഉറപ്പു നൽകുമ്പോൾതന്നെ പൗരന് രാഷ്ട്രത്തോട് കടമകൾ ഉണ്ടെന്നും ഇതു വ്യക്തമാക്കുന്നു.


ജനാധിപത്യവ്യവസ്ഥ നിലവിൽ വന്നതോടെയാണ് പൗരത്വം എന്ന ആശയത്തിന് പ്രാധാന്യം ലഭിച്ചത്. ജനാധിപത്യവ്യവസ്ഥ ഭരണനിർവഹണത്തിൽ പൗരന്റെ പങ്കാളിത്തം രാഷ്ട്രീയാവകാശങ്ങളിലൂടെ ഉറപ്പുവരുത്തുന്നു. പൗരന് മാത്രമാണ് രാഷ്ട്രീയാവകാശങ്ങൾ ലഭിക്കുക.

ഒരു രാജ്യത്ത് താമസിക്കുന്ന എല്ലാവരും ആ രാജ്യത്തെ പൗരന്മാരാണോ? പൗരന്മാരെ കൂടാതെ വിദേശികളും ഒരു രാജ്യത്തുണ്ടാവും. ധാരാളം ഇന്ത്യൻ പൗരന്മാർ വിദേശരാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. പൗരന് ലഭിക്കുന്ന എല്ലാ അവകാശങ്ങളും വിദേശികൾക്കു ലഭിക്കില്ല. ഇന്ത്യയിൽ പൗരന് മാത്രം ലഭിക്കുന്ന ഏതാനും അവകാശങ്ങൾ നൽകിയിരിക്കുന്നു. കൂടുതൽ അവകാശങ്ങൾ എഴുതി പട്ടിക വിപുലീകരിക്കുക.

### രാഷ്ട്രീയ അവകാശങ്ങൾ

വോട്ടുചെയ്യാനുള്ള അവകാശം, തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം, സംഘടനകൾ രൂപീകരിക്കാനുള്ള അവകാശം, ഗവൺമെന്റിനെ വിമർശിക്കാനുള്ള അവകാശം, ഔദ്യോഗിക സ്ഥാനങ്ങൾ വഹിക്കാനുള്ള അവകാശം തുടങ്ങിയവയാണ് രാഷ്ട്രീയാവകാശങ്ങൾ.

### ലാറി ബേക്കർ



1917 ൽ ബ്രിട്ടണിലെ ബെർമിങ്ഹാമിൽ ജനിച്ചു. 1945 ൽ ലെപ്രസി മിഷന്റെ ഭാഗമായി ഇന്ത്യയിലെത്തി. ഗാന്ധിയൻ ആശയങ്ങൾ അദ്ദേഹത്തെ വളരെയധികം സ്വാധീനിച്ചു. കേരളത്തിൽ ചെലവു കുറഞ്ഞ പാർപ്പിടനിർമാണരീതി അവതരിപ്പിച്ചു. വാസ്തുവിദ്യാമേഖലയിലെ ഗാന്ധിജി എന്നറിയപ്പെടുന്നു. 1989 ൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച ലാറി ബേക്കർ 2007 ൽ അന്തരിച്ചു. ആർജിതപൗരത്വത്തിലൂടെ ബേക്കർ ഇന്ത്യൻ പൗരനായി.

- തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം.
-
-

പൗരത്വം എങ്ങനെയെല്ലാം ലഭിക്കുന്നു. പൗരത്വം പൊതുവെ രണ്ടുതരമുണ്ട്. ചാർട്ട് നിരീക്ഷിക്കൂ.





ജന്മനാ ലഭിക്കുന്ന പൗരത്വമാണ് സ്വാഭാവികപൗരത്വം. ഒരു രാജ്യത്തു നിലവിലുള്ള നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ഒരാൾ നേടുന്ന പൗരത്വമാണ് ആർജിത പൗരത്വം. പൗരത്വ നിയമങ്ങൾ മുന്നോട്ടുവയ്ക്കുന്ന യോഗ്യതകൾ ഉണ്ടെങ്കിൽ മാത്രമേ പൗരത്വം നേടിയെടുക്കാൻ കഴിയൂ.

## രാഷ്ട്രതന്ത്രശാസ്ത്രം

രാഷ്ട്രവുമായി ബന്ധപ്പെട്ട വിവിധ ആശയങ്ങളാണ് നാം ഇതുവരെ ചർച്ച ചെയ്തത്. രാഷ്ട്രം, ഗവൺമെന്റ് എന്നിവയെക്കുറിച്ചുള്ള പഠനം പുരാതന കാലം മുതൽതന്നെ ആരംഭിച്ചിരുന്നു. മനുഷ്യന്റെ നിത്യജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്നതിനാൽ രാഷ്ട്രീയവിഷയങ്ങളെ കൂടുതൽ സമഗ്രമായ വിശകലനത്തിനും പഠനത്തിനും വിധേയമാക്കേണ്ടതുണ്ട്. രാഷ്ട്രവുമായി ബന്ധപ്പെട്ട ഒരു പഠനമേഖല എന്ന നിലയിലാണ് രാഷ്ട്രതന്ത്രശാസ്ത്രം നിലവിൽവന്നത്. പുരാതന ഗ്രീക്ക്ചിന്തകനായ അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന് നൽകിയിരിക്കുന്ന നിർവചനം വിശകലനം ചെയ്യൂ.

> രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെക്കുറിച്ചുമുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം.
>
> അരിസ്റ്റോട്ടിൽ

അരിസ്റ്റോട്ടിലിന്റെ നിർവചനമനുസരിച്ച് രാഷ്ട്രം, ഗവൺമെന്റ് എന്നീ സ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനമാണ് രാഷ്ട്രതന്ത്രശാസ്ത്രം. രാഷ്ട്രീയവിഷയങ്ങൾ ചർച്ചചെയ്യുന്ന തന്റെ കൃതിക്ക് അരിസ്റ്റോട്ടിൽ 'പൊളിറ്റിക്സ്' എന്ന പേരു നൽകി. രാഷ്ട്രത്തെ സമഗ്രമായി വിശകലനം ചെയ്ത ആദ്യകൃതിയാണത്. അതുകൊണ്ടുതന്നെ അരിസ്റ്റോട്ടിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു. സോക്രട്ടീസ്, പ്ലേറ്റോ തുടങ്ങിയവരുടെ സംഭാവനകളും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ആവിർഭാവത്തെ സഹായിച്ചു. നഗരരാഷ്ട്രം




എന്നർഥം വരുന്ന ഗ്രീക്ക് പദമായ പോളിസ് എന്ന വാക്കിൽനിന്നാണ് 'പൊളിറ്റിക്സ്' എന്ന പദം രൂപം കൊണ്ടത്.

രാഷ്ട്രതന്ത്രപഠനം തുടക്കത്തിൽ രാഷ്ട്രം, ഗവൺമെന്റ് തുടങ്ങിയ സ്ഥാപനങ്ങളെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളെപ്പറ്റിയുമാണ് പഠനം നടത്തിയത്. ജനാധിപത്യ വ്യവസ്ഥ നിലവിൽവന്നതോടെ രാഷ്ട്രീയപങ്കാളിത്തം എന്ന ആശയത്തിനും പ്രാധാന്യം ലഭിച്ചു. ഇതിന്റെ പരിണതഫലമായി രാഷ്ട്രീയസ്ഥാപനങ്ങളെക്കുറിച്ചുള്ള പഠനത്തോടൊപ്പം രാഷ്ട്രീയപ്രക്രിയയും രാഷ്ട്രതന്ത്രപഠനത്തിന്റെ ഭാഗമായി. രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പഠനമേഖല നിരന്തരം വിപുലമായിക്കൊണ്ടിരിക്കുന്നു. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ പ്രധാന പഠനമേഖലകൾ ചിത്രത്തിൽ നിരീക്ഷിക്കൂ.

രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പ്രധാന പഠനമേഖലകൾ പരിചയപ്പെട്ടല്ലോ. ഈ നാലു മേഖലകൾ കൂടാതെ രാഷ്ട്രീയപ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ ആശയങ്ങളും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി ചർച്ചചെയ്യുന്നു.

## രാഷ്ട്രതന്ത്രശാസ്ത്രപഠനം എന്തിന്?


രാഷ്ട്രതന്ത്രശാസ്ത്രപഠനവും രാഷ്ട്രീയവും അകറ്റിനിർത്തേണ്ടവയാണോ? രാഷ്ട്രീയത്തിൽ നാം സജീവമായി ഇടപെടേണ്ടതുണ്ടോ? പ്ലേറ്റോയുടെ ഇതു സംബന്ധിച്ച കാഴ്ചപ്പാട് നിരീക്ഷിക്കൂ.

> *നിങ്ങൾ രാഷ്ട്രീയത്തിൽ സജീവമായി ഇടപെടാതിരിക്കുന്നതിന്റെ പരിണിത ഫലം നിങ്ങളേക്കാൾ മോശമായവർ നിങ്ങളെ ഭരിക്കും എന്നതാണ്.*
>
> **പ്ലേറ്റോ**

*രാഷ്ട്രതന്ത്ര ചിന്തകരുടെ ചിത്രങ്ങളും സംഭാവനകളും ഉൾപ്പെടുത്തി പവർപോയിന്റ് പ്രസന്റേഷൻ തയാറാക്കി അവതരിപ്പിക്കുക.*



ജനാധിപത്യസമൂഹത്തിൽ പ്ലേറ്റോയുടെ ഈ കാഴ്ചപ്പാടിന് വലിയ പ്രാധാന്യമുണ്ട്. നാം പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെ മേന്മയും മികവും നമ്മൾ എങ്ങനെ ആ സമൂഹത്തിലെ രാഷ്ട്രീയപ്രക്രിയയിൽ ഇടപെടുന്നു എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കും. പൊതുവായ ഏതു വിഷയത്തെയും യുക്തിപൂർവം വിശകലനം ചെയ്യുകയും ക്രിയാത്മകമായി ഇടപെടുകയും വേണം. ഇതിന് രാഷ്ട്രതന്ത്രപഠനം നിങ്ങളെ സഹായിക്കും.




## വിലയിരുത്താം

- രാഷ്ട്രം എന്നാൽ എന്ത്? രാഷ്ട്രത്തിന്റെ അവശ്യഘടകങ്ങൾ എന്തെല്ലാം?
- പരമാധികാരത്തിന്റെ ആഭ്യന്തര-ബാഹ്യതലങ്ങൾ വിശദമാക്കുക.
- രാഷ്ട്രത്തിന് നിർബന്ധിതവും വിവേചനപരവുമായ ചുമതലകളുണ്ട്. അവ ഏതെല്ലാം?
- രാഷ്ട്രരൂപീകരണവുമായി ബന്ധപ്പെട്ട വിവിധ സിദ്ധാന്തങ്ങൾ എന്തെല്ലാം?
- പൗരത്വം എന്നാലെന്ത്? പൗരനും വിദേശിയും തമ്മിലുള്ള വ്യത്യാസം പ്രസ്താവിക്കുക.
- ആർജിതപൗരത്വവും സ്വാഭാവികപൗരത്വവും വിശദമാക്കുക.
- രാഷ്ട്രതന്ത്രശാസ്ത്രം എന്നാൽ എന്ത്?
- താഴെ തന്നിരിക്കുന്നവരിൽ രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നതാര്?

  എ) അരിസ്റ്റോട്ടിൽ    ബി) പ്ലേറ്റോ

  സി) സോക്രട്ടീസ്    ഡി) കൗടില്യൻ

## തുടർപ്രവർത്തനങ്ങൾ

- പ്രധാന രാഷ്ട്രീയചിന്തകരുടെ ചിത്രങ്ങൾ ശേഖരിച്ച് അടിക്കുറിപ്പോടെ ആൽബം തയാറാക്കുക.
- പ്രമുഖ ചിന്തകരുടെ കൃതികളും അവർ മുന്നോട്ടുവച്ച ചിന്തകളും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.
- ഇന്ത്യ ഗവൺമെന്റ് നടപ്പാക്കുന്ന ജനക്ഷേമപദ്ധതികൾ പട്ടികപ്പെടുത്തി അവയുടെ പ്രാധാന്യം വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.



അധ്യായം

10

# പൗരബോധം





**ഹജ്ജബ്ബ**

മംഗലാപുരത്തിനടുത്തുള്ള ന്യൂപദപ്പ ഗ്രാമത്തിൽ പഞ്ചായത്ത് സ്കൂൾ സ്ഥാപിച്ച് ആയിരക്കണക്കിന് കുട്ടികൾക്ക് വിദ്യാഭ്യാസാവസരം നൽകുന്നു. തെരുവിൽ ഓറഞ്ച് കച്ചവടം നടത്തുന്ന നിരക്ഷരനാണ് അദ്ദേഹം. തനിക്ക് ലഭിക്കാതെപോയ വിദ്യാഭ്യാസം സമൂഹത്തിനാകെ ലഭിക്കാൻ അവസരമൊരുക്കിയ മാതൃകാ വ്യക്തിയാണ് ഹജ്ജബ്ബ.

**കല്ലേൻ പൊക്കുടൻ**

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി ഗ്രാമത്തിൽ ജനിച്ച കല്ലേൻ പൊക്കുടൻ പ്രശസ്ത പരിസ്ഥിതി സംരക്ഷക നായിരുന്നു. രണ്ടാം ക്ലാസ് വിദ്യാഭ്യാസം മാത്രമുള്ള പൊക്കുടൻ കണ്ടൽക്കാടുക ളുടെ സംരക്ഷണത്തിന് സ്വജീവിതം നീക്കിവച്ചു.
ആയിരക്കണക്കിന് കണ്ടൽച്ചെടികൾ വച്ചുപിടിപ്പിച്ച കല്ലേൻ പൊക്കുടൻ സമൂഹത്തിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിന് ഉത്തമമാതൃകയായി.

ഹജ്ജബ്ബയും കല്ലേൻ പൊക്കുടനും സമൂഹനന്മയ്ക്കുവേണ്ടി സ്വയം തിര ഞ്ഞെടുത്ത മേഖലകളിൽ വലിയ സംഭാവനകൾ നൽകിയവരാണ്.

ഇവരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ച് സഹപാഠികളുമായി ചർച്ച ചെയ്യാൻ ശ്രമിക്കൂ.

സാധാരണ വ്യക്തികൾക്കുപോലും വളരെ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയുമെന്ന സന്ദേശമാണ് ഇവരുടെ ജീവിതം. വ്യത്യസ്തമായ ചിന്തയും നിസ്വാർഥമായ പ്രവർത്തനവും സമൂഹത്തിന്റെയും സഹജീവികളുടെയും പ്രശ്നങ്ങളെക്കുറിച്ചുള്ള അവബോധവും സേവനസന്നദ്ധതയുമാണ് ഇവരെ മുന്നോട്ടു നയിക്കുന്നത്.



സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്ന വ്യക്തികളെകുറിച്ച് വിവരശേഖരം നടത്തി ഇവരുടെ പ്രവർത്തനങ്ങളിൽ കാണുന്ന സവിശേഷതകൾ പട്ടികപ്പെടുത്തുക.

ഉത്തമമായ സമൂഹസൃഷ്ടിക്ക് എല്ലാവരിലും ക്രിയാത്മകമായ മനോഭാവങ്ങളും മൂല്യങ്ങളും ഉണ്ടാവേണ്ടത് അനിവാര്യമാണ്. ആധുനികസമൂഹത്തിലെ ഓരോ അംഗവും പൗരൻ എന്നറിയപ്പെടുന്നു. ഓരോ പൗരനും സമൂഹത്തിന് വേണ്ടിയുള്ളതാണെന്നും സമൂഹത്തിന്റെ ഉത്തമതാൽപ്പര്യങ്ങളാണ് പൗരന്റേതെന്നുമുള്ള തിരിച്ചറിവാണ് പൗരബോധം. പൗരബോധമുള്ളവർ അവനവനോടും സമൂഹത്തോടും മാനവികതയോടും കൂറും ഉത്തരവാദിത്തവുമുള്ളവരായിരിക്കും.

## പൗരബോധത്തിന്റെ പ്രാധാന്യം

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുരോഗതിയെ പൗരബോധം വളരെയധികം സ്വാധീനിക്കുന്നു. പൗരബോധമില്ലെങ്കിൽ മനുഷ്യൻ സ്വാർഥനാവുകയും എല്ലാ പ്രവർത്തനങ്ങളും സ്വന്തം നേട്ടങ്ങൾക്കു വേണ്ടി മാത്രമാവുകയും ചെയ്യും. ഇത് സാമൂഹികജീവിതത്തെ പ്രതികൂലമായി ബാധിക്കും. ഇത്തരമൊരു സമൂഹത്തിൽ സമാധാനവും സുരക്ഷിതത്വവും ഉണ്ടാവുകയില്ല. .

നൽകിയിരിക്കുന്ന വാർത്താ തലക്കെട്ടുകൾ നിരീക്ഷിക്കൂ. നമ്മുടെ പൊതുസമൂഹം അഭിമുഖീകരിക്കുന്ന ചില പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ രാഷ്ട്രത്തിനു മാത്രമായി കഴിയുമോ? ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളും സഹകരണവും ഇതിന് അനിവാര്യമാണ്.




പൊതുസമൂഹം നേരിടുന്ന ചില പ്രശ്നങ്ങളും അവയ്ക്കുള്ള ഏതാനും പരിഹാരമാർഗങ്ങളും നൽകിയിരിക്കുന്നു. കൂടുതൽ പരിഹാരങ്ങൾ എഴുതി പട്ടിക വിപുലീകരിക്കുക.

| പ്രശ്നങ്ങൾ | നമുക്ക് എന്തെല്ലാം ചെയ്യാം? |
|---|---|
| • ജലക്ഷാമം | • ജലത്തിന്റെ കാര്യക്ഷമതയോടെയുള്ള ഉപയോഗം<br>•<br>• |
| • മാലിന്യം | • ഉറവിട മാലിന്യസംസ്കരണം<br>•<br>• |
| • പ്രളയം | • സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറി താമസിക്കുക.<br>•<br>• |
| • അഴിമതി | • അഴിമതിക്കെതിരായ ബോധവൽക്കരണം<br>•<br>• |

പൊതുസമൂഹം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പരിഹാരം കാണാൻ പൗരബോധം സഹായിക്കുന്നുവെന്ന് ഇതിൽനിന്നു മനസ്സിലാക്കാം.

ഒരു ക്ഷേമരാഷ്ട്ര രൂപീകരണത്തിൽ പൗരബോധം സുപ്രധാന പങ്ക് വഹിക്കുന്നു. പ്രതിസന്ധിഘട്ടങ്ങളിൽ സമൂഹത്തിന്റെ പുനർനിർമാണത്തിനും അരക്ഷിതാവസ്ഥയിൽ നിന്നുള്ള മോചനത്തിനും ഇത് സമൂഹത്തെ സഹായിക്കുന്നു. കേരള ജനതയെ ദുരിതത്തിലാഴ്ത്തിയ 2018 ആഗസ്റ്റിലെ മഹാപ്രളയത്തെ അതിജീവിക്കാനായത് വ്യത്യസ്ത ജനവിഭാഗങ്ങൾ ഒത്തൊരുമയോടെ നടത്തിയ രക്ഷാപ്രവർത്തനങ്ങളാണ്. പൗരബോധത്തിന്റെ ഉത്തമ ഉദാഹരണമായി ഇതിനെ പരിഗണിക്കാവുന്നതാണ്.

*പരിസ്ഥിതി സംരക്ഷണം, അഴിമതിക്കെതിരായ ബോധവൽക്കരണം എന്നീ മേഖലകൾ ഉൾപ്പെടുത്തി ലഘുചിത്രം തയാറാക്കി അവതരിപ്പിക്കുക.*



ഓരോരുത്തരുടെയും പ്രവർത്തനങ്ങൾ സമൂഹനന്മയ്ക്ക് വേണ്ടിയാകുമ്പോൾ സമൂഹത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന തിരിച്ചറിവാണ് പൗരബോധത്തിന്റെ അടിസ്ഥാനം.

## പൗരബോധത്തെ നിർണയിക്കുന്ന ഘടകങ്ങൾ

പൗരബോധ രൂപീകരണത്തെ ജീവിതസാഹചര്യങ്ങളും അനുഭവങ്ങളും സ്വാധീനിക്കുന്നു. ഓരോ വ്യക്തിക്കും ജീവിതസാഹചര്യങ്ങൾ വ്യത്യസ്ത അനുഭവങ്ങൾ നൽകുന്നതിനാൽ പൗരബോധത്തിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ താഴെ പറയുന്നു.

- കുടുംബം
- വിദ്യാഭ്യാസം
- സാമൂഹികവ്യവസ്ഥ
- സംഘടനകൾ
- രാഷ്ട്രീയവ്യവസ്ഥ

മുകളിൽ നൽകിയിട്ടുള്ള ഓരോ ഘടകവും വ്യക്തിത്വരൂപീകരണത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. അവ മനുഷ്യന്റെ ചിന്തയെയും പ്രവർത്തനത്തെയും രൂപപ്പെടുത്തുന്നു. അനുകൂലമായ സാഹചര്യങ്ങൾ മാത്രമല്ല, പ്രതികൂലവും വെല്ലുവിളി ഉയർത്തുന്നതുമായ സാഹചര്യങ്ങളും ഒരു വ്യക്തിയിൽ ശക്തമായ പൗരബോധം രൂപപ്പെടുത്തുന്നതിന് സഹായകമാകും.



വ്യത്യസ്ത ജീവിതസാഹചര്യങ്ങൾ എങ്ങനെയെല്ലാമാണ് പൗരബോധം രൂപപ്പെടുത്താൻ സഹായിക്കുന്നതെന്ന് ചർച്ചചെയ്യുക. അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങളുടെ സ്വാധീനഫലമായി പൗരബോധം രൂപപ്പെട്ട വ്യക്തിത്വങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുക.

## പൗരബോധം എങ്ങനെ വളർത്തിയെടുക്കാം?

പൗരബോധം വളർത്തിയെടുക്കുകയും നിലനിർത്തുകയും ചെയ്യേണ്ടത് അനിവാര്യമാണ്. പൗരബോധം വളർത്തിയെടുക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങൾ ആവശ്യമാണ്. ഏതു സമൂഹവും പൗരബോധം വളർത്തുന്നതിന് ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളാറുണ്ട്.

സാമൂഹികനന്മ പൂർണമായും ഉൾക്കൊണ്ടുകൊണ്ട് നടത്തുന്ന ക്രിയാത്മക ഇടപെടലിലൂടെ മാത്രമേ എല്ലാവരിലും പൗരബോധം വളർത്തിയെടുക്കാൻ കഴിയുകയുള്ളൂ. ഏതാനും മാർഗങ്ങൾ താഴെക്കൊടുക്കുന്നു.

### കുടുംബം

മുതിർന്നവരെ ബഹുമാനിക്കാനും സമൂഹസേവനത്തിലേർപ്പെടാനും നാം പഠിക്കുന്നത് പ്രാഥമികസ്ഥാപനമായ കുടുംബത്തിൽ നിന്നാണ്. അംഗങ്ങളിൽ കർത്തവ്യബോധം വളർത്തുന്നതിലും നിലനിർത്തുന്നതിലും കുടുംബം വലിയ പങ്കു വഹിക്കുന്നുണ്ട്. കുടുംബത്തിൽനിന്നുള്ള പ്രചോദനവും പ്രോത്സാഹനവും പലപ്പോഴും ഉന്നതമായ പൗരബോധം വളർത്തും. ഓരോ വ്യക്തിയും കുടുംബത്തിനുവേണ്ടിയും കുടുംബം സമൂഹത്തിനുവേണ്ടിയുമാണെന്ന ബോധ്യം കുടുംബാന്തരീക്ഷത്തിൽ വളർത്തിയെടുക്കാൻ കഴിയണം.



കുടുംബം പൗരബോധരൂപീകരണത്തെ ഏതു രീതിയിൽ സ്വാധീനിക്കുന്നു? ചർച്ച ചെയ്യുക.

### വിദ്യാഭ്യാസം

*നിങ്ങളുടെ സ്കൂൾ നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ബ്ലോഗ് തയാറാക്കുക.*



വിവിധ വിഷയങ്ങളുടെ പഠനത്തിലൂടെ ലഭിക്കുന്ന അറിവുകൾ സമൂഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗിക്കാൻ വ്യക്തിയെ പ്രാപ്തനാക്കുകയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. മൂല്യബോധം, സഹിഷ്ണുത, നേതൃത്വഗുണം, പരിസ്ഥിതിബോധം, ശാസ്ത്രാവബോധം തുടങ്ങിയവ വളർത്തിയെടുക്കാൻ വിദ്യാഭ്യാസം സഹായിക്കും. ശാസ്ത്രവും സാങ്കേതികവിദ്യയും സമൂ

ഹത്തിന് പ്രയോജനകരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ വിദ്യാഭ്യാസ ത്തിലൂടെ സാധിക്കണം. മൂല്യാധിഷ്ഠിത വിദ്യാഭ്യാസസമീപനത്തിലൂടെ പൗരബോധം ജനങ്ങളിലെത്തിക്കാൻ കഴിയും. ഗവൺമെന്റുകൾ വിദ്യാഭ്യാസ നയങ്ങൾക്ക് രൂപം നൽകുന്നത് ഈ ലക്ഷ്യത്തോടെയാണ്.

പൗരബോധ രൂപീകരണത്തിനുതകുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ സ്കൂളിന് ഏറ്റെടുക്കാൻ കഴിയും. വാർഷിക കലണ്ടർ തയാറാക്കി നടപ്പാക്കുക.



## സംഘടനകൾ

രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ നിര വധി സംഘടനകൾ നമ്മുടെ സമൂഹത്തിലുണ്ട് എന്ന് നിങ്ങൾക്കറിയാമല്ലോ. സേവനസന്നദ്ധതയോടെ പ്രവർത്തിക്കാൻ ഒരു വ്യക്തിയെ പ്രാപ്തനാക്കു ന്നത് പലപ്പോഴും ഇത്തരം സംഘടനകളാണ്.

പരിസ്ഥിതിസംരക്ഷണം, മനുഷ്യാവകാശസംരക്ഷണം, ജീവകാരുണ്യപ്ര വർത്തനം തുടങ്ങിയ മേഖലകളിൽ നിരവധി സന്നദ്ധസംഘടനകൾ പ്രവർത്തി ക്കുന്നുണ്ട്. പാരിസ്ഥിതിക അവബോധവും മനുഷ്യാവകാശബോധവും വ്യക്തി കളിൽ സൃഷ്ടിക്കാൻ ഇത്തരം സംഘടനകൾക്കു സാധിക്കും.

## മാധ്യമങ്ങൾ

പൗരബോധരൂപീകരണത്തിൽ മാധ്യമങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. അച്ചടിമാധ്യമങ്ങളും ഇലക്ട്രോണിക് മാധ്യമങ്ങളും സമൂഹത്തെ വളരെയധികം സ്വാധീനിക്കുന്നുണ്ട്. വാർത്തകളും വിവരങ്ങളും ജനങ്ങളിൽ എത്തിക്കുന്നത് മാധ്യമങ്ങളാണ്. ശരിയായതും വസ്തുനിഷ്ഠവുമായ വിവരങ്ങൾ ക്രിയാത്മ കമായ ആശയരൂപീകരണത്തിലേക്കു നയിക്കും. മാധ്യമങ്ങൾ നിഷ്പക്ഷവും സ്വതന്ത്രവുമായിരിക്കണം. മാധ്യമങ്ങളിൽനിന്നു ലഭിക്കുന്ന അറിവുകൾ വിമർശ നാത്മകമായി വിലയിരുത്തണം.

പൗരബോധം പ്രതിഫലിപ്പിക്കുന്ന വാർത്തകളും ചിത്രങ്ങളും ഉൾപ്പെടുത്തി ആൽബം തയാറാക്കുക.



## ജനാധിപത്യവ്യവസ്ഥ

പൗരബോധത്തിന് അനിവാര്യമായ ഒരു ഘടകമാണ് ജനാധിപത്യം. പൗര ബോധം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്ന എല്ലാ ഘടകങ്ങളുടെയും അടിസ്ഥാനം ജനാധിപത്യമാണ്. ജനാധിപത്യം ഒരു ഭരണക്രമം എന്നതിലു പരി ജീവിതശൈലിയാണ്. നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും ജനാധിപത്യ സമീപനം ഉണ്ടായിരിക്കണം. ജനങ്ങൾ പരസ്പരസഹകരണത്തോടെ ജീവി ക്കേണ്ടത് ജനാധിപത്യ സമൂഹത്തിന് അനിവാര്യമാണ്. മറ്റുള്ളവരിൽ നിന്നും സ്വീകരിക്കുന്ന സഹകരണവും പിന്തുണയും തിരികെ നൽകുകയെന്നത്

ഉയർന്ന ജനാധിപത്യ ബോധത്തിന്റെ അടയാളമാണ്. ജനാധിപത്യം സഹജീവികളെക്കുറിച്ച് ചിന്തിക്കാനും അവരുടെ സ്വാതന്ത്ര്യം, സമത്വം, അവകാശങ്ങൾ എന്നിവ സംരക്ഷിക്കുന്നതിന് വേണ്ടി പ്രവർത്തിക്കാനും വ്യക്തികളെ പ്രേരിപ്പിക്കും. ജനാധിപത്യം നിയമവാഴ്ചയിൽ വിശ്വസിക്കുന്നു. എല്ലാവരും നിയമവിധേയരാണ് എന്നതാണ് ഇതിന്റെ അടിസ്ഥാനം.

## ഉത്തമമാതൃകകൾ പരിചയപ്പെടൽ


എ.പി.ജെ. അബ്ദുൽ കലാം


മദർ തെരേസ


മയിലമ്മ


ദശരഥ് മാഞ്ചി

ചിത്രങ്ങൾ നിരീക്ഷിക്കൂ. ഇവരൊക്കെ സമൂഹത്തിന് വലിയ സംഭാവനകൾ നൽകിയ ഉത്തമപൗരബോധമുള്ള വ്യക്തിത്വങ്ങളിൽ ചിലരാണ്. ഇവരുടെ പ്രവർത്തനമേഖലയും സംഭാവനയും കണ്ടെത്തൂ.

വിവിധ മേഖലകളിൽ പ്രവർത്തിക്കുമ്പോഴും മാനുഷികതയും സഹജീവിസ്നേഹവും കർത്തവ്യബോധവും ഇവർ പ്രകടിപ്പിക്കുകയുണ്ടായി. സ്വന്തം പ്രവർത്തനമേഖലയിൽ നിസ്വാർഥമായും അർപ്പണമനോഭാവത്തോടെയും എല്ലാവരും പ്രവർത്തിക്കണം. ഓരോ വ്യക്തിയെയും ഇത്തരത്തിൽ ചിന്തിപ്പിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുമ്പോഴാണ് സമൂഹപുരോഗതി സാധ്യമാകുന്നത്. ജൈവകൃഷി, ട്രാഫിക് ബോധവൽക്കരണം, ലഹരിവിരുദ്ധപ്രവർത്തനം, ജീവകാരുണ്യപ്രവർത്തനങ്ങൾ, ദുരിതാശ്വാസപ്രവർത്തനങ്ങൾ എന്നിവയിൽ നിങ്ങളും പങ്കാളികളാകാറുണ്ടല്ലോ. നിങ്ങളിലെ പൗരബോധമാണ് ഇതു വ്യക്തമാക്കുന്നത്.



പൗരബോധം രൂപപ്പെടുന്നതിന് വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് പട്ടികപ്പെടുത്തുക.

## പൗരബോധവും ധാർമികതയും

മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഉണ്ടാവേണ്ട ധാർമികതയെ സംബന്ധിച്ച ഗാന്ധിജിയുടെ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. എല്ലാ പ്രവർത്തനങ്ങളുടെയും അടിത്തറ ധാർമികതയാണ്. എന്താണ് ധാർമികത? നന്മതിന്മകൾ തിരിച്ചറിഞ്ഞ് നന്മയെ സ്വീകരിക്കുകയും കടമകൾ ഉത്തരവാദിത്വത്തോടെ നിർവഹിക്കുകയുമാണ് ധാർമികത എന്നതുകൊണ്ടർഥമാക്കുന്നത്.

സമൂഹത്തോടും രാജ്യത്തോടുമുള്ള കടമ നിറവേറ്റുക ഓരോ വ്യക്തിയുടെയും ധർമമാണ്.

**ധാർമികത ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ**



- ആദർശമില്ലാത്ത രാഷ്ട്രീയം
- അധ്വാനമില്ലാത്ത സമ്പത്ത്
- മനുഷ്യത്വമില്ലാത്ത ശാസ്ത്രം
- ധാർമികതയില്ലാത്ത വാണിജ്യം
- സ്വഭാവമഹിമയില്ലാത്ത വിദ്യാഭ്യാസം
- ത്യാഗമില്ലാത്ത ആരാധന
- മനസ്സാക്ഷിയില്ലാത്ത സന്തോഷം

ഇവ അത്യന്തം അപകടമാണ്.

നമ്മുടെ ചിന്തയെയും പ്രവൃത്തികളെയും വിലയിരുത്തി നോക്കൂ. അവയിൽ സ്വീകാര്യവും അസ്വീകാര്യവുമായ പ്രവർത്തനങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.



ധാർമികത പൗരബോധത്തെ സഹായിക്കുന്നു. എന്നാൽ അധാർമികത പൗരബോധം ഇല്ലാതാക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ധാർമിക ബോധം സൃഷ്ടിക്കലാണ് പൗരബോധം വളർത്തിയെടുക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗം. പൗരബോധം ക്രിയാത്മകമായൊരു മാനസികാവസ്ഥയാണ്.

പൗരബോധമുള്ളതും പൗരബോധമില്ലാത്തതുമായ ചില പ്രവർത്തനങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയിൽ പൗരബോധത്തിനു നേരെ (☑) അടയാളവും പൗരബോധമില്ലായ്മയ്ക്കുനേരെ (☒) അടയാളവും രേഖപ്പെടുത്തുക.

5NU61V

| പ്രസ്താവന | പൗരബോധം | പൗരബോധമില്ലായ്മ |
|---|---|---|
| • എത്ര തിരക്കുണ്ടെങ്കിലും വാഹനമോടിക്കുമ്പോൾ ട്രാഫിക് നിയമങ്ങൾ പാലിക്കണം. | | |
| • വീട്ടിലെ മാലിന്യങ്ങൾ പൊതുവഴിയിൽ നിക്ഷേപിക്കുന്നതിൽ തെറ്റില്ല. | | |
| • ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുകയെന്നത് എന്റെയും കടമയാണ്. | | |
| • പ്രകൃതിയെ സംരക്ഷിക്കേണ്ടത് എന്റെ കടമയാണ്. | | |
| • അനീതിക്കെതിരെ പരാതിപ്പെടാൻ പാടില്ല. | | |
| • അത്യാവശ്യ സന്ദർഭങ്ങളിൽ അഴിമതി നടത്താം. | | |
| • വൃദ്ധരെ ബഹുമാനിക്കുകയും സംരക്ഷിക്കുകയും വേണം. | | |

## പൗരബോധം വെല്ലുവിളികൾ

പൊതുതാൽപ്പര്യങ്ങളെ അവഗണിച്ച് സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി എന്തും ചെയ്യാൻ തയാറാവുന്നതാണ് പൗരബോധം നേരിടുന്ന പ്രധാന വെല്ലുവിളി. എങ്ങനെ ഈ വെല്ലുവിളികളെ മറികടക്കാം?



### നമുക്കും പ്രവർത്തനങ്ങൾ ഏറ്റെടുക്കാം...

പൗരബോധമുള്ള വിദ്യാർഥികൾ സമൂഹത്തിന് മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുക്കും. ചിലതു താഴെ കൊടുക്കുന്നു. കൂടുതൽ പ്രവർത്തനങ്ങൾ കണ്ടെത്തുമല്ലോ.

- അവയദാനസമ്മതപത്രം നൽകൽ.
- രക്തദാനത്തിന് തയാറാകൽ.
- എസ്.പി.സി, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, മറ്റ് ക്ലബ്ബുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ പങ്കാളിയാകൽ.
- പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കൽ.
- അപകടത്തിൽപ്പെട്ടവർക്കു പ്രഥമ ശുശ്രൂഷ നൽകൽ.
- ഭിന്നശേഷിയുള്ളവരെയും വൃദ്ധരെയും സഹായിക്കൽ.
- 
- 

- ഓരോരുത്തരും അവരവരുടെ പ്രവർത്തനങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.
- പൊതുതാൽപ്പര്യങ്ങൾ ഹനിക്കാതെ സ്വന്തം താൽപ്പര്യങ്ങൾക്കുവേണ്ടി പരിശ്രമിക്കുക.
- മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ നമ്മിൽനിന്നു തുടങ്ങുക.
- ജനാധിപത്യത്തിലും സഹിഷ്ണുതയിലും അധിഷ്ഠിതമായി പ്രവർത്തിക്കുക.
- അവകാശങ്ങൾക്കൊപ്പം ചുമതലകൾക്കും തുല്യപരിഗണന നൽകുക.

ഇത്തരത്തിലുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നത് പൗരബോധത്തിന്റെ വെല്ലുവിളികൾ മറികടക്കാൻ സഹായിക്കും.

## സാമൂഹ്യശാസ്ത്രപഠനവും പൗരബോധവും

സാമൂഹ്യശാസ്ത്ര പഠനത്തിന് പൗരബോധ രൂപീകരണത്തിൽ പ്രധാന പങ്കുവഹിക്കാൻ കഴിയും. മനുഷ്യനും സമൂഹവുമായി ചേർന്നു നിൽക്കുന്ന പഠനമേഖല എന്ന നിലയിൽ സാമൂഹ്യശാസ്ത്ര പഠനം ഓരോ വ്യക്തിയിലും സമഗ്രമായ മാറ്റം വിഭാവനം ചെയ്യുന്നു. പൗരബോധ രൂപീകരണത്തിന് സാമൂഹ്യശാസ്ത്ര പഠനത്തെ എങ്ങനെ പ്രയോജനപ്പെടുത്താം എന്ന് പരിശോധിക്കാം.

- വൈവിധ്യങ്ങളെ ബഹുമാനിക്കാനും സഹിഷ്ണുതയോടെ പെരുമാറാനും വ്യക്തികളെ പ്രാപ്തരാക്കുന്നു.
- രാഷ്ട്രീയ-സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതികപ്രശ്നങ്ങളുടെ വിവിധ പശ്ചാത്തലങ്ങൾ മനസ്സിലാക്കാൻ സഹായിക്കുന്നു.
- വിവിധ പ്രശ്നങ്ങൾക്ക് സമഗ്രമായ പരിഹാരം നിർദേശിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുന്നു.
- സമാധാനത്തിന്റെയും സഹവർത്തിത്വത്തിന്റെയും സന്ദേശം ജനങ്ങളിലെത്തിക്കുന്നു.

- പൗരബോധത്തിന്റെ ഉത്തമമാതൃകകളും പ്രവർത്തനങ്ങളും പരിചയപ്പെടുത്തി വ്യക്തികളെ പൗരബോധമുള്ളവരാക്കുകയും കർമനിരതരാക്കുകയും ചെയ്യുന്നു.

ഒരു സമൂഹത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും സുസ്ഥിരമായ നിലനിൽപ്പിനും പൗരബോധം അത്യാവശ്യമാണെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. പക്ഷേ, എല്ലാ വ്യക്തികളിലും പൗരബോധം സൃഷ്ടിക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യം തന്നെയാണ്. എന്നാൽ മഹത്തായ ഈ ദൗത്യം നിർവഹിക്കുന്നതിനുള്ള എളുപ്പവഴി നമ്മൾ ഓരോരുത്തരും പൗരബോധമുള്ളവരായിത്തീരുക എന്നുള്ളതാണ്.

**പൗരബോധം**

- പ്രാധാന്യം
- നിർണയിക്കുന്ന ഘടകങ്ങൾ
- പൗരബോധം വളർത്തിയെടുക്കുന്നതിനുള്ള മാർഗങ്ങൾ
- പൗരബോധവും ധാർമികതയും
- പൗരബോധവും വെല്ലുവിളിയും
- സാമൂഹ്യശാസ്ത്ര പഠനവും പൗരബോധവും

## വിലയിരുത്താം

- പൗരബോധം എന്നാലെന്ത്? പൗരബോധം രൂപപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ ഏതെല്ലാം?
- പൗരബോധമുള്ള വ്യക്തികളിൽ കാണുന്ന സവിശേഷതകൾ പട്ടികപ്പെടുത്തുക.
- ധാർമികത പൗരബോധം വളർത്തിയെടുക്കുന്നതിൽ വഹിക്കുന്ന പങ്ക് വിശദമാക്കുക.
- പൊതുസമൂഹം നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിന് പൗരബോധം എങ്ങനെ സഹായിക്കുന്നു? ഉദാഹരണങ്ങൾ സമർഥിക്കുക.
- ഉയർന്ന പൗരബോധം പ്രകടിപ്പിച്ച ഉത്തമമാതൃകകൾക്ക് ചില ഉദാഹരണങ്ങൾ നൽകുക.
- പൗരബോധം വളർത്തിയെടുക്കുന്നതിൽ കുടുംബം, വിദ്യാഭ്യാസം, മാധ്യമങ്ങൾ എന്നിവ വഹിക്കുന്ന പങ്ക് വിശദമാക്കുക.
- പൗരബോധം നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാനുള്ള മാർഗങ്ങൾ നിർദേശിക്കുക.
- 'സാമൂഹ്യശാസ്ത്രപഠനവും പൗരബോധവും' എന്ന വിഷയത്തിൽ ഒരു കുറിപ്പ് തയാറാക്കുക.

## തുടർപ്രവർത്തനങ്ങൾ

- ഉയർന്ന പൗരബോധം പ്രകടിപ്പിച്ച് ഉത്തമമാതൃകകളായിത്തീർന്ന മഹത്വ്യക്തിത്വങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തി ആൽബം തയാറാക്കുക.
- പൗരബോധം പ്രകടിപ്പിക്കുന്നതിന് വിവിധ മേഖലകളിൽ വിദ്യാർഥികൾക്ക് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ കണ്ടെത്തി പട്ടിക തയാറാക്കുക.
- പൗരബോധമില്ലാത്ത സമൂഹം നേരിടുന്ന ഭീഷണികൾ കണ്ടെത്തി റിപ്പോർട്ട് തയാറാക്കുക.

അധ്യായം

11



# സമൂഹശാസ്ത്രം : എന്ത്? എന്തിന്?

*പതിവിലും വൈകിയാണ് അപ്പുണ്ണി സ്കൂളിലേക്ക് പുറപ്പെട്ടത്. രാവിലെ കഞ്ഞി കിട്ടാൻ വൈകി. കുറച്ചു ദിവസമായി നേരത്തു ഭക്ഷണമില്ല. വിത്തു മുഴുവൻ എടുത്ത് ചെലവാക്കിക്കഴിഞ്ഞു. പത്തായത്തിലെ നെല്ലു വലിയമ്മാമ വണ്ടിക്കാർക്കു വിറ്റു. നെല്ല് ചോദിക്കാൻ ചെന്നാൽ അമ്മാമ കൊടുക്കുന്നത് കേട്ടാൽ അറയ്ക്കുന്ന ചീത്തവാക്കുകളാണ്. ചുരുക്കം ദിവസങ്ങളിലേ വലിയമ്മാമ വീട്ടിലുണ്ടാകാറുള്ളൂ. പൂന്തോട്ടത്തിലേക്ക് പോയാൽ തിരിച്ചുവരുന്നത് എട്ടോ പത്തോ ദിവസം കഴിഞ്ഞാണ്. അടയ്ക്കപറിയും നാളികേരമിടലും കഴിഞ്ഞാൽ പോകും. വീട്ടിലെ ചെലവ് നടത്തേണ്ടതു തന്റെ ഉത്തരവാദിത്വമല്ല എന്ന ഭാവമാണ്. വീട്ടിലെ ഭക്ഷണക്കാര്യത്തിൽ കുട്ടമ്മാമയ്ക്കും ശ്രദ്ധയില്ല. നേരത്തിനു വരുമ്പോൾ ഭക്ഷണമില്ലെങ്കിൽ മീനാക്ഷിയേടത്തിയെയാണ് ചീത്ത പറയുക.*

*അടുത്ത വീടുകളിൽ നിന്നു നെല്ലും അരിയും കടം വാങ്ങാൻ പോകുന്നത് അവരാണ്. ഇടയ്ക്കിടെ അവർ പറയും; 'ഒക്കെന്റെ യോഗം."*

*നാലുകെട്ട് -*

*എം.ടി. വാസുദേവൻനായർ*

പ്രശസ്ത സാഹിത്യകാരനായ എം.ടി. വാസുദേവൻനായരുടെ 'നാലുകെട്ട്' എന്ന നോവലിലെ ഒരു ഭാഗമാണിത്. കേരളത്തിലെ ചില സമുദായങ്ങളിൽ നിലനിന്നിരുന്ന കൂട്ടുകുടുംബ സമ്പ്രദായത്തിലെ മാറ്റങ്ങൾ ഒരു കുട്ടിയുടെ കാഴ്ചപ്പാടിലൂടെ 'നാലുകെട്ടി'ൽ അവതരിപ്പിക്കുന്നു.

ഇതേ കാര്യത്തെക്കുറിച്ച് സാമൂഹികശാസ്ത്രജ്ഞനായ റോബിൻ ജെഫ്രിയുടെ കണ്ടെത്തൽ പരിശോധിക്കാം.

*സാമ്പത്തികഞെരുക്കം താങ്ങാൻ തറവാടുകൾ കൂടുതൽ കൂടുതൽ ശേഷിയില്ലാത്തവയാകുകയായിരുന്നു. വളരെ വലിയ കൂട്ടുകുടുംബങ്ങൾ അവരുടെ മിച്ച നെല്ലിന്റെ വിലയേറ്റം മൂലം ലാഭം നേടിയിരിക്കാം. എന്നാൽ അതുതന്നെ തറവാട്ടിൽ തമ്മിൽ തല്ലിനും അഭിപ്രായവ്യത്യാസത്തിനും വഴിയൊരുക്കുകയും ചെയ്തിരുന്നു. ചെറുകിട തറവാടുകളെ സംബന്ധിച്ചാണെങ്കിൽ അടിമസമ്പ്രദായം നിർത്തലാക്കിയതും തൊഴിലാളികളുടെ കൂലി കൂട്ടിയതും നെല്ല് വില വർധിച്ചതും ധനവിഭവത്തെ ശോഷിപ്പിച്ചു. അതിനും പുറമെ, തറവാട്ടിലെ അംഗങ്ങൾ കൂട്ടുകുടുംബ താൽപര്യങ്ങളെക്കാളും സ്വന്തം താൽപര്യങ്ങൾക്കു കൂടുതൽ പരിഗണന പ്രകടിപ്പിക്കുകയും ചെയ്തു.*

*റോബിൻ ജെഫ്രി*

*(നായർ മേധാവിത്വത്തിന്റെ പതനം)*

എം.ടിയും ജെഫ്രിയും പ്രതിപാദിക്കുന്ന വിഷയം ഒന്നാണെങ്കിലും അവരുടെ നിരീക്ഷണങ്ങൾ വ്യത്യസ്തങ്ങളാണ്. എം.ടിയുടെ വ്യക്തിപരമായ അനുഭവവും ഭാവനയുമാണ് 'നാലുകെട്ടി'ലെ നിഗമനത്തിന്റെ അടിസ്ഥാനം. എന്നാൽ ശാസ്ത്രീയരീതികളിലൂടെ ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്താണ് ജെഫ്രി തന്റെ നിഗമനത്തിൽ എത്തിച്ചേർന്നത്. ഇരുവരും സ്വീകരിച്ച രീതികളിലെ വ്യത്യാസം പരിശോധിക്കാം.

| നാലുകെട്ട് | നായർ മേധാവിത്വത്തിന്റെ പതനം |
|---|---|
| • നോവൽ എന്ന സാഹിത്യരൂപം<br>• ഭാവനാത്മകം<br>• വൈകാരികപ്രതികരണം | • ഗവേഷണപഠനം<br>• വസ്തുനിഷ്ഠം<br>• യുക്തിപരമായ അപഗ്രഥനം |

സാമൂഹ്യശാസ്ത്രകാരനും സാഹിത്യകാരനും ഒരേ ആശയത്തെ തന്നെ രണ്ടു രീതിയിലാണ് അവതരിപ്പിക്കുന്നത് കണ്ടുവല്ലോ? ഇതിന്റെ ഫലമായി ഈ രചനകളിലുണ്ടാവുന്ന വ്യത്യാസങ്ങൾ എന്തെല്ലാമാണെന്ന് കണ്ടെത്താം

| സർഗരചന | സമൂഹശാസ്ത്രപഠനം |
|---|---|
| • ഭാവന (Imagination), സർഗാത്മകത (Creativity) എന്നിവ ഉപയോഗിച്ച് രചന നടത്തുന്നു.<br>• സാമൂഹികസംഭവങ്ങളെ സൗന്ദര്യാത്മക തലങ്ങളിൽ ആവിഷ്കരിക്കുന്നു.<br>• സർഗരചന ആസ്വാദനം ലക്ഷ്യം വയ്ക്കുന്നു. | • സാമൂഹികപ്രതിഭാസങ്ങൾ/വിഷയങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നു.<br>• സാമൂഹികാവസ്ഥകളെ കാര്യകാരണ (Cause - effect) ബന്ധത്തിന്റെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നു.<br>• സമൂഹത്തെ വസ്തുനിഷ്ഠമായി അപഗ്രഥിക്കുന്നു. |

സർഗരചനയും സാമൂഹികശാസ്ത്രപഠനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ചർച്ച ചെയ്യൂ.



## സാമൂഹ്യശാസ്ത്രങ്ങളുടെ ലോകം

5P423I

ചരിത്രം, ഭൂമിശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രതന്ത്ര ശാസ്ത്രം, നരവംശശാസ്ത്രം, മനശ്ശാസ്ത്രം മുതലായവ വിവിധ സാമൂഹ്യശാസ്ത്ര ശാഖകളാണ്. താഴെ പറയുന്ന പട്ടിക വിശകലനം ചെയ്ത് ബന്ധപ്പെട്ട സാമൂഹ്യശാസ്ത്രശാഖയുടെ പേര് കണ്ടെത്താൻ ശ്രമിക്കൂ.

| | |
|---|---|
| സാമ്പത്തികവ്യവഹാരത്തെക്കുറിച്ചുള്ള പഠനം | ........................................ |
| കഴിഞ്ഞകാലത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള അന്വേഷണം | ........................................ |
| രാഷ്ട്രത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമുള്ള പഠനം | ........................................ |
| മനുഷ്യഉത്ഭവത്തെക്കുറിച്ചും വംശീയ പരിണാമത്തെക്കുറിച്ചുമുള്ള പഠനം | ........................................ |
| മനുഷ്യമനസ്സിനെക്കുറിച്ചും മാനസികാവസ്ഥകളെക്കുറിച്ചുമുള്ള പഠനം | ........................................ |

നിങ്ങൾ തിരിച്ചറിഞ്ഞ ഓരോ വിജ്ഞാനശാഖയും സമൂഹത്തിലെ ഏതെങ്കിലും പ്രത്യേക മേഖലയാണ് പഠനവിധേയമാക്കുന്നത്. എന്നാൽ ഇവയിൽ നിന്ന് വ്യത്യസ്തമായി മനുഷ്യനും സാമൂഹികചുറ്റുപാടും തമ്മിലുള്ള ബന്ധം സമഗ്രമായി പഠനവിധേയമാക്കുന്ന വിഷയമേഖലയാണ് സമൂഹശാസ്ത്രം.


വിവിധ സാമൂഹ്യശാസ്ത്രശാഖകളുടെ പഠനമേഖലകൾ സംഘചർച്ചയിലൂടെ അവതരിപ്പിക്കാൻ ശ്രമിക്കൂ.



## ആദ്യകാല സമൂഹശാസ്ത്ര ചിന്തകർ

നാം ഫ്രഞ്ച്‌വിപ്ലവത്തെക്കുറിച്ച് മുൻ അധ്യായങ്ങളിൽ ചർച്ച ചെയ്തല്ലോ. വിപ്ലവാനന്തരം ഫ്രാൻസിലുണ്ടായ സാമൂഹികപ്രശ്നങ്ങളാണ് സമൂഹശാസ്ത്രത്തിന്റെ ഉത്ഭവത്തിലേക്ക് നയിച്ചത്. പത്തൊമ്പതാം നൂറ്റാണ്ട് ചരിത്രത്തിൽ അറിയപ്പെടുന്നത് തന്നെ 'വിപ്ലവയുഗം' എന്ന പേരിലാണ്. സമൂഹശാസ്ത്രത്തിന്റെ ആവിർഭാവത്തിന് വഴിയൊരുക്കിയത് മൂന്ന് വിപ്ലവങ്ങളാണ്.


അഗസ്ത് കോംതെ


ഹെർബർട്ട് സ്പെൻസർ


- ജ്ഞാനോദയം അഥവാ ശാസ്ത്രവിപ്ലവം
- ഫ്രഞ്ച്‌വിപ്ലവം
- വ്യാവസായികവിപ്ലവം

ഈ വിപ്ലവങ്ങളുടെ പശ്ചാത്തലത്തിൽ പടിഞ്ഞാറൻ യൂറോപ്പിലാണ് സമൂഹശാസ്ത്രം ഉത്ഭവിച്ചത്. ഫ്രഞ്ചുകാരനായ അഗസ്ത് കോംതെ (August Comte) സമൂഹശാസ്ത്രത്തിന്റെ (Sociology) പിതാവായി കണക്കാക്കുന്നു.

ചാൾസ് ഡാർവിന്റെ പരിണാമസിദ്ധാന്തതത്ത്വങ്ങൾ സമൂഹപഠനത്തിന് പ്രയോജനപ്പെടുത്തിയ ചിന്തകനാണ് ഹെർബർട്ട് സ്പെൻസർ. ജീവശാസ്ത്രപരമായ പരിണാമം പോലെ തന്നെ മനുഷ്യസമൂഹവും വ്യത്യസ്ത ഘട്ടങ്ങളിലൂടെ പരിണമിച്ചാണ് ഇന്നത്തെ അവസ്ഥയിലെത്തിച്ചേർന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. കാൾമാക്സ്, എമൈൽ ദുർഖിം, മാക്സ് വെബർ മുതലായ നിരവധി ചിന്തകർ സമൂഹശാസ്ത്രത്തിന്റെ വികാസത്തിന് പ്രധാന സംഭാവനകൾ നൽകിയവരാണ്.

## സമൂഹശാസ്ത്രം ഇന്ത്യയിൽ

ഇന്ത്യയിൽ ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ സമൂഹശാസ്ത്ര പഠനം ആരംഭിച്ചു. ബോംബെ സർവകലാശാലയിലാണ് ആദ്യത്തെ സമൂഹശാസ്ത്ര പഠനവകുപ്പ് ആരംഭിക്കുന്നത്. ജി.എസ്. ഘുര്യേ, എ.ആർ. ദേശായി, എസ്.സി. ദുബേ, എം. എൻ. ശ്രീനിവാസ്, ഡി.പി. മുഖർജി തുടങ്ങിയവർ ഇന്ത്യയിലെ സമൂഹശാസ്ത്രപഠനത്തിന് പ്രധാന സംഭാവനകൾ നൽകിയവരാണ്.


ജി.എസ്. ഘുര്യേ


എം.എൻ.ശ്രീനിവാസ്


ഡി.പി. മുഖർജി

## സമൂഹശാസ്ത്രം എന്ത്?

**മനുഷ്യജീവിതത്തിന്റെ സാമൂഹികവശങ്ങളെക്കുറിച്ച് നടത്തുന്ന ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രം.**

മുകളിൽ നൽകിയിരിക്കുന്ന സമൂഹശാസ്ത്രത്തിന്റെ നിർവചനത്തിൽനിന്ന് എന്തെല്ലാം കാര്യങ്ങളാണ് വ്യക്തമാകുന്നത്?


- സമൂഹശാസ്ത്രം മനുഷ്യജീവിതത്തെക്കുറിച്ച് പഠിക്കുന്നു.
- 
- 

മനുഷ്യനും അവന്റെ ചുറ്റുപാടും തമ്മിലുള്ള പരസ്പരബന്ധങ്ങളെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം. അതുകൊണ്ടാണ് സമൂഹത്തെക്കുറിച്ചുള്ള സമഗ്രമായ പഠനമായി സമൂഹശാസ്ത്രത്തെ കണക്കാക്കുന്നത്.

## സമൂഹശാസ്ത്രപഠനം എന്തിന്?

- സമൂഹത്തെക്കുറിച്ചുള്ള ശരിയായ ധാരണ രൂപീകരിക്കാൻ സഹായിക്കുന്നു.
- സ്വന്തം സമൂഹത്തെയും മറ്റുള്ളവരുടെ സമൂഹത്തെയും വസ്തുനിഷ്ഠമായറിയാൻ സഹായിക്കുന്നു.
- വ്യക്തിയും സാമൂഹികസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം തിരിച്ചറിയാൻ സഹായിക്കുന്നു.
- സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് സൂക്ഷ്മമായി പഠിക്കുന്നു.
- സാമൂഹികപ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുന്നു.
- സാമൂഹികാസൂത്രണത്തിനും വികസനത്തിനും പ്രയോജനപ്പെടുന്നു.
- പിന്നാക്കവിഭാഗങ്ങൾ, ചൂഷിതർ, വിവേചനത്തിനും പീഡനത്തിനും വിധേയരാവുന്നവർ എന്നിവരെക്കുറിച്ചുള്ള പഠനങ്ങൾ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് മാർഗദർശനമായിത്തീരുന്നു.

സമൂഹശാസ്ത്രപഠനത്തിന്റെ പ്രാധാന്യം ചർച്ചചെയ്യുക.



## സമൂഹശാസ്ത്രത്തിലെ പഠനമേഖലകൾ

സമൂഹശാസ്ത്രത്തിന്റെ വ്യാപ്തി വളരെയധികം വിപുലമാണ്. വ്യക്തികളും സംഭവങ്ങളും തമ്മിലുള്ള പരസ്പരബന്ധത്തിന്റെ വിശകലനത്തിനു മാത്രമല്ല, ദേശീയപ്രശ്നങ്ങളായ തൊഴിലില്ലായ്മ, ജാതിസംഘർഷം, ഗ്രാമീണരുടെ പ്രശ്നങ്ങൾ, ദാരിദ്ര്യം എന്നിവയെ കേന്ദ്രീകരിച്ചുള്ള പഠനങ്ങളും സമൂഹശാസ്ത്രത്തിന്റെ ഭാഗമാണ്. ഇത്തരത്തിൽ സമൂഹശാസ്ത്രം വിശകലനവിധേയമാക്കുന്ന പ്രധാന മേഖലകൾ താഴെ പറയുന്നവയാണ്.

- സാമൂഹികസ്ഥാപനങ്ങൾ
- സാമൂഹികസംഘങ്ങൾ
- സാമൂഹികബന്ധങ്ങൾ
- സാമൂഹീകരണം
- സാമൂഹികനിയന്ത്രണം
- സമുദായങ്ങൾ
- സാമൂഹികമാറ്റം
- സാമൂഹികപ്രശ്നങ്ങൾ
- 
- 

ഇത്തരം ആശയമേഖലകളെക്കുറിച്ചുള്ള ശാസ്ത്രീയ അന്വേഷണമാണ് സമൂഹശാസ്ത്രത്തിന്റെ പഠനപരിധിയിൽ വരുന്നത്.

## സമൂഹശാസ്ത്രത്തിലെ പഠനരീതികൾ

വിദ്യാഭ്യാസപരവും പ്രായോഗികവുമായ ആവശ്യങ്ങൾ മുൻനിർത്തി ഇന്ന് ലോകമെങ്ങും സമൂഹശാസ്ത്രപഠനങ്ങൾ നടന്നുവരുന്നു. ഇത്തരം പഠനങ്ങൾക്കായി സമൂഹശാസ്ത്രം വ്യത്യസ്തമായ പഠനരീതികൾ ഉപയോഗിക്കാറുണ്ട്. അവയിൽ ചിലത് പരിശോധിക്കാം.

### സോഷ്യൽ സർവേ

നിങ്ങൾ സെൻസസിനെക്കുറിച്ച് കേട്ടിട്ടുണ്ടല്ലോ.

ഇന്ത്യയിൽ എത്ര വർഷം കൂടുമ്പോഴാണ് സെൻസസ് നടത്തുന്നത്? സെൻസസിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്?

രാജ്യത്തെ മൊത്തം ജനങ്ങളെക്കുറിച്ചുള്ള വിവരം ശേഖരിക്കുന്ന ഒരിനം സർവെയാണ് സെൻസസ്. സാമൂഹികവിഷയങ്ങൾ പഠിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു പഠനരീതിയാണ് സർവേ. തിരഞ്ഞെടുത്ത ഒരു സംഘം ജനങ്ങളിൽനിന്ന് ശേഖരിച്ച വിവരത്തിന്റെ അടിസ്ഥാനത്തിൽ പഠനവിഷയത്തെക്കുറിച്ച് സമഗ്രമായ കാഴ്ചപ്പാട് രൂപീകരിക്കാൻ സർവേ സഹായിക്കുന്നു. വലിയ ഒരു വിഭാഗം ജനങ്ങളിൽ നിന്ന് വിവരം ശേഖരിക്കേണ്ടി വരുന്ന പഠനത്തിലാണ് സർവേ രീതി ഉപയോഗിക്കുന്നത്.

സമൂഹശാസ്ത്രപഠനങ്ങളിൽ പലപ്പോഴും സെൻസസ് പ്രായോഗികമല്ല. കാരണം, പഠനവിധേയമാക്കുന്ന മൊത്തം വ്യക്തികളിൽനിന്ന് വിവരം ശേഖരിക്കാറില്ല. അവരിൽനിന്നു തിരഞ്ഞെടുക്കുന്ന നിശ്ചിത എണ്ണം ആളുകളിൽനിന്നാണ് വിവരശേഖരണം നടത്തുന്നത്. ഇത്തരം പഠനങ്ങളെ **സാമ്പിൾ സർവേ** എന്നു പറയുന്നു.

സർവേയിൽ വിവരം ശേഖരിക്കാൻ പല മാർഗങ്ങൾ ഉപയോഗിക്കാറുണ്ട്. സോഷ്യൽ മീഡിയയിലൂടെയും ടെലിഫോണിലൂടെയും പലതരത്തിലുള്ള സർവേകൾ നടത്തുന്നത് നിങ്ങൾ കാണാറില്ലേ. എന്നാൽ സാമൂഹിക സർവേയിൽ വിവരങ്ങൾ ശേഖരിക്കാൻ സാധാരണയായി മുൻകൂട്ടി തയാറാക്കിയ ചോദ്യാവലികൾ ഉപയോഗിക്കാറുണ്ട്.

വിവരശേഖരണത്തിനായി ഗവേഷകർ ഉപയോഗിക്കുന്ന ചോദ്യങ്ങളുടെ പട്ടികയാണ് **ചോദ്യാവലി**. ചോദ്യാവലി പ്രതികർത്താക്കൾക്ക് നൽകിക്കൊണ്ടാണ് വിവരശേഖരണം നടത്തുന്നത്. പഠനവിധേയമാക്കുന്ന സംഘത്തെയാണ് പ്രതികർത്താക്കൾ എന്നു പറയുന്നത്. പ്രതികർത്താക്കൾ പൂരിപ്പിച്ച് നൽകിയ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് പഠനം നടത്തുന്നത്.



നിങ്ങളുടെ സ്കൂളിലെ വിദ്യാർഥികളുടെ വായനശീലത്തെക്കുറിച്ച് ഒരു സർവേ നടത്തണമെന്നിരിക്കട്ടെ. അതിനുള്ള ചോദ്യാവലിയിൽ എന്തെല്ലാം ഉൾപ്പെടുത്താം? ഏത് വിവരമാണ് ശേഖരിക്കേണ്ടതെന്ന് മുൻകൂട്ടി തീരുമാനിക്കണം. താഴെപ്പറയുന്ന വിവരങ്ങൾ ശേഖരിക്കാവുന്നതാണ്.

- പൊതുവെ വായനശീലമുള്ളവർ എത്ര ശതമാനം?
- പൊതുവെ വായിക്കപ്പെടുന്ന ഗ്രന്ഥങ്ങളും മാസികകളും.
- ദിനപത്രവായനയ്ക്ക് ചെലവാക്കുന്ന ശരാശരി സമയം എത്ര?
- പുസ്തകവായനയ്ക്ക് ആഴ്ചയിൽ എത്രസമയം ചെലവഴിക്കുന്നു?
- പ്രായവിഭാഗമനുസരിച്ചുള്ള വായന.

മേൽപ്പറഞ്ഞ വിവരങ്ങൾ ലഭിക്കാൻ സഹായിക്കുന്നവിധം ഒരു ചോദ്യാവലി തയാറാക്കൂ.

## അഭിമുഖം



വാർത്താമാധ്യമങ്ങളിൽ നടത്തപ്പെടുന്ന അഭിമുഖങ്ങൾ ശ്രദ്ധിക്കാറില്ലേ. സമൂഹശാസ്ത്രത്തിൽ വിവരശേഖരണത്തിന് ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഒരു രീതിയാണ് അഭിമുഖം. വാമൊഴിയായി വിവരം ശേഖരിക്കുന്ന ഒരു രീതിയാണിത്. ഗവേഷകനും പ്രതികർത്താവും തമ്മിലുള്ള സംഭാഷണമാണ് അഭിമുഖം. വ്യക്തികളുടെ മനോഭാവം, കാഴ്ചപ്പാട്, വിശ്വാസം, ജീവിതചര്യ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മതലങ്ങളിൽ അറിയുന്നതിനും വിശകലനം നടത്തുന്നതിനും ഉപയോഗിക്കുന്ന പഠനരീതിയാണ് അഭിമുഖം.

അഭിമുഖത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:

- ആവശ്യമായ വ്യക്തികളെ കണ്ടെത്തൽ.
- ശേഖരിക്കേണ്ട വിവരങ്ങളെക്കുറിച്ചു ധാരണ രൂപീകരിക്കൽ.
- ഉചിതമായ ചോദ്യങ്ങൾ ഒരുക്കൽ.
- ഫലവത്തായ രീതിയിലുള്ള ആശയവിനിമയം.
- സമയക്രമീകരണം
- ലഭിച്ച വിവരങ്ങൾ ക്രമപ്പെടുത്തലും റിപ്പോർട്ട് തയാറാക്കലും.

അഭിമുഖവും ചോദ്യാവലിയും തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. അവ പരിശോധിക്കാം.

| അഭിമുഖം | ചോദ്യാവലി |
|---|---|
| • വിവരങ്ങൾ വാമൊഴിയായി ശേഖരിക്കുന്നു.<br>• ഗവേഷകൻ വിവരങ്ങൾ രേഖപ്പെടുത്തുന്നു.<br>•<br>• | • വിവരങ്ങൾ രേഖപ്പെടുത്തി നൽകുന്നു.<br>• പ്രതികർത്താക്കൾ വിവരങ്ങൾ രേഖപ്പെടുത്തുന്നു.<br>•<br>• |



നിങ്ങളുടെ പ്രദേശത്തുള്ള മാലിന്യപ്രശ്നവുമായി ബന്ധപ്പെട്ട് ജനപ്രതിനിധിയുമായി അഭിമുഖം സംഘടിപ്പിക്കുക.

## നിരീക്ഷണം

എല്ലാ ശാസ്ത്രഗവേഷണ രീതികളിലുമെന്നപോലെ സമൂഹശാസ്ത്രപഠനത്തിലെ അടിസ്ഥാനപരമായ രീതിയാണ് നിരീക്ഷണം. അഭിമുഖം പോലുള്ള രീതികൾ പ്രായോഗികമല്ലാത്ത സന്ദർഭങ്ങളിലും മറ്റും നിരീക്ഷണരീതിക്ക് ഉയർന്ന സാധ്യതയുണ്ട്. കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുന്ന കാര്യങ്ങൾ സത്യസന്ധമായി രേഖപ്പെടുത്തുന്ന രീതിയാണ് നിരീക്ഷണം. നേരിട്ട് ശേഖരിക്കുന്ന ഇത്തരം വിവരങ്ങൾ കൃത്യമായ വിലയിരുത്തലിന് സഹായിക്കുന്നു. നിരീക്ഷണം രണ്ടു തരത്തിലുണ്ട്.

1. പങ്കാളിത്തനിരീക്ഷണം
2. പങ്കാളിത്തരഹിതനിരീക്ഷണം

നിരീക്ഷകൻ പഠനമേഖലയിൽനിന്നു നേരിട്ട് വിവരം ശേഖരിക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം. സമൂഹശാസ്ത്രത്തിൽ വളരെ പ്രചാരത്തിലുള്ള ഒരു രീതിയാണിത്. സമൂഹശാസ്ത്രജ്ഞൻ പഠനവിധേയമാക്കുന്ന സംഘത്തിൽ താമസിച്ച് അവരുടെ ജീവിതത്തെക്കുറിച്ച് നേരിട്ട് മനസ്സിലാക്കുന്ന രീതിയാണ് പങ്കാളിത്തനിരീക്ഷണം. ഇതിനായി ഗവേഷകൻ അവരുടെ ഭാഷ, സംസ്കാരം എന്നിവ പഠിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിൽ പങ്കാളിയാവുകയും ചെയ്യുന്നു. ഇതുവഴി പ്രകടമല്ലാത്ത പെരുമാറ്റരീതികൾ വരെ പഠനവിധേയമാക്കാൻ കഴിയുന്നു. പങ്കാളിത്തനിരീക്ഷണത്തെ **ഫീൽഡ് വർക്ക്** എന്നും വിളിക്കാറുണ്ട്. ആദിമസമൂഹങ്ങളെക്കുറിച്ചുള്ള പഠനത്തിനായി നരവംശശാസ്ത്രമാണ് (Anthropology) ഈ രീതി ഏറെ ഉപയോഗിച്ചിരുന്നത്.

പങ്കാളിത്തരഹിത നിരീക്ഷണത്തിൽ സമൂഹശാസ്ത്രജ്ഞൻ പഠനസംഘത്തിൽ താമസിച്ച് പഠനം നടത്തുന്നില്ല. പകരം പുറത്തുനിന്ന് നിരീക്ഷണം നടത്തുകയാണ് ചെയ്യുന്നത്.

നിങ്ങളുടെ പ്രദേശത്തുള്ള ഒരു സാമ്പത്തികസ്ഥാപനം (ഉദാ: ബാങ്ക്, ഫാക്ടറി, മാർക്കറ്റ്) സന്ദർശിച്ച് നിരീക്ഷണത്തിലൂടെ അവയുടെ പ്രവർത്തനം രേഖപ്പെടുത്തുക.



## കേസ് സ്റ്റഡി

അപൂർവവും വേറിട്ടതുമായ സാമൂഹികപ്രതിഭാസങ്ങളെക്കുറിച്ചും പ്രശ്നങ്ങളെക്കുറിച്ചും ആഴത്തിൽ പഠിക്കാനാണ് കേസ് സ്റ്റഡി പ്രയോജനപ്പെടുത്തുന്നത്. ഇത്തരം പഠനങ്ങൾ സൂക്ഷ്മവും സമഗ്രവുമായിരിക്കും. ഈ പഠനരീതി ഉപയോഗിച്ച് പഠനവിധേയമാക്കുന്ന വിഷയത്തെ കേസ് എന്നു പറയുന്നു. കേസിനെക്കുറിച്ചുള്ള വിശദമായ പഠനമാണ് കേസ് സ്റ്റഡി. സമൂഹശാസ്ത്രം വിവരശേഖരണത്തിന് കേസ് സ്റ്റഡിയും ഉപയോഗിക്കാറുണ്ട്.

*സമൂഹശാസ്ത്രത്തിന്റെ വിവിധ പഠനരീതികളുടെ ഉദാഹരണങ്ങൾ ശേഖരിച്ച് പവർപോയിന്റ് പ്രസന്റേഷനായി അവതരിപ്പിക്കുക.*




അനുദിനം സങ്കീർണമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സമൂഹത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ആഴത്തിലും പരപ്പിലും പഠിക്കാൻ സമൂഹശാസ്ത്രം മേൽപ്പറഞ്ഞ വിവിധ ഗവേഷണരീതികൾ ഉപയോഗിക്കുന്നു.

സമൂഹത്തിന്റെ ദൈനംദിന പ്രക്രിയകളിൽ പ്രായോഗികക്ഷമതയുള്ള ശാസ്ത്രശാഖയായി സമൂഹശാസ്ത്രം വളർന്നിരിക്കുന്നു. ഗവേഷണപഠനങ്ങളിൽ പരിശീലനം സിദ്ധിച്ച സമൂഹശാസ്ത്രജ്ഞരെ ഭരണ - ആസൂത്രണ മേഖലകളിൽ ആവശ്യമായി വരുന്നു. വാണിജ്യം, നഗരാസൂത്രണം, സാമൂഹികക്ഷേമം, പരസ്യം, വാർത്താവിനിമയം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ തുടങ്ങി ഒട്ടേറെ മേഖലകളിലേക്ക് സമൂഹശാസ്ത്രത്തിന് പ്രയോഗസാധ്യതകളുണ്ട്.

വാണിജ്യം, നഗരാസൂത്രണം, വാർത്താവിനിമയം, വിദ്യാഭ്യാസ പ്രവർത്തനം, സാമൂഹ്യക്ഷേമം, പരസ്യം തുടങ്ങിയ മേഖലകളിൽ ഭരണ ആസൂത്രണ രംഗത്ത് പരിശീലനം സിദ്ധിച്ച സമൂഹശാസ്ത്രജ്ഞരുടെ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് കണ്ടെത്തുക.

സമൂഹശാസ്ത്രം സാമൂഹികജീവിതത്തെപ്പറ്റി അടിസ്ഥാനപരമായൊരു ധാരണയുണ്ടാക്കാനും അതുവഴി നമ്മുടെ കാഴ്ചപ്പാടിനെ വിശാലമാക്കാനും സഹായിക്കുന്നു.



## വിലയിരുത്താം

- സർഗരചനയും സമൂഹശാസ്ത്ര പഠനവും ഏതെല്ലാം രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു?
- സമൂഹശാസ്ത്രം എന്ത്? എന്തിന്? ആദ്യകാല സമൂഹശാസ്ത്രചിന്തകർ ആരെല്ലാം?
- സമൂഹശാസ്ത്രത്തിലെ പ്രധാന മേഖലകൾ ഏതെല്ലാം?
- സമൂഹശാസ്ത്രപഠനത്തിന്റെ പ്രയോജനങ്ങൾ ഏവ?
- സമൂഹശാസ്ത്രപഠനരീതികളായ സോഷ്യൽസർവേ സമൂഹത്തെ മനസ്സിലാക്കാൻ എങ്ങനെയെല്ലാം സഹായിക്കുന്നു.
- നിരീക്ഷണവും അഭിമുഖവും തമ്മിലുള്ള വ്യത്യാസങ്ങളെന്ത്?
- നിങ്ങളുടെ സ്കൂളിൽ സഹപാഠികൾ അഭിമുഖീകരിക്കുന്ന യാത്രാപ്രശ്നങ്ങളെക്കുറിച്ച് വിവരം ശേഖരിക്കാൻ പത്ത് ചോദ്യങ്ങളെങ്കിലുമുള്ള ചോദ്യാവലി തയാറാക്കുക.
- സമൂഹശാസ്ത്രത്തിന്റെ പ്രയോഗസാധ്യതകൾ എന്തെല്ലാം?

## തുടർപ്രവർത്തനങ്ങൾ

- വയോജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ അവരുമായി അഭിമുഖം നടത്തി റിപ്പോർട്ട് തയാറാക്കുക.
- സമൂഹശാസ്ത്രചിന്തകരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുക.


KERALA
N
Kasaragod
KASARAGOD
KARNATAKA
KANNUR
Kannur
WAYANAD
Kalpetta
KOZHIKODE
Kozhikode
MALAPPURAM
Malappuram
TAMIL NADU
PALAKKAD
Palakkad
Thrissur
THRISSUR
ERNAKULAM
Ernakulam
IDUKKI
Painavu
KOTTAYAM
Kottayam
Alappuzha
PATHANAMTHITTA
ALAPPUZHA
Pathanamthitta
KOLLAM
Kollam
THIRUVANANTHAPURAM
Thiruvananthapuram
LEGEND
State Boundary
District Boundary
State Capital
District Headquarters
Map not to Scale


INDIA
States and Union Territories
N
TAJIKISTAN
AFGHANISTAN
PAKISTAN
CHINA
NEPAL
BHUTAN
BANGLADESH
MYANMAR
SRI LANKA
JAMMU & KASHMIR
Srinagar
Jammu
HIMACHAL PRADESH
Shimla
Chandigarh
PUNJAB
Dehradun
UTTARAKHAND
HARYANA
DELHI
New Delhi
UTTAR PRADESH
Lucknow
Jaipur
RAJASTHAN
SIKKIM
Gangtok
ARUNACHAL PRADESH
Itanagar
Dispur
ASOM (ASSAM)
NAGALAND
Kohima
Shillong
MEGHALAYA
Imphal
MANIPUR
Agartala
TRIPURA
Aizawl
MIZORAM
BIHAR
Patna
JHARKHAND
Ranchi
WEST BENGAL
Kolkata
Gandhinagar
GUJARAT
Bhopal
MADHYA PRADESH
Raipur
CHHATTISGARH
ODISHA (ORISSA)
Bhubaneswar
DAMAN & DIU
Daman
Silvassa
DADRA & NAGAR HAVELI
Mumbai
MAHARASHTRA
TELANGANA
Hyderabad
ARABIAN SEA
BAY OF BENGAL
Yanam (Puducherry)
Panaji
GOA
KARNATAKA
ANDHRA PRADESH
Bengaluru (Bangalore)
Chennai
Mahe (Puducherry)
PUDUCHERRY (Pondicherry)
LAKSHADWEEP (INDIA)
Kavaratti
KERALA
TAMIL NADU
Karaikal (Puducherry)
Thiruvananthapuram
Palk Strait
INDIAN OCEAN
ANDAMAN & NICOBAR ISLANDS (INDIA)
Port Blair
LEGEND
International Boundary
State Boundary
Country Capital
State and U.T. Capital
Map not to Scale

# ASIA MAP




Map not to Scale

# WORLD MAP




Map not to Scale

## കുറിപ്പുകൾ

## കുറിപ്പുകൾ

## കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ചരിത്രപൈതൃകം സംരക്ഷിക്കൂ...

വൈവിധ്യപൂർണവും സമ്പന്നവുമായ പൈതൃകമാണ് നമ്മുടെ രാജ്യത്തിനുള്ളത്. ഈ പൈതൃകം പേറുന്ന ചരിത്രസ്മാരകങ്ങളും വസ്തുക്കളും സ്ഥലങ്ങളും യഥോചിതം സംരക്ഷിക്കേണ്ടത് നമ്മുടെ ഏവരുടെയും കർത്തവ്യമാണ്. നമ്മുടെ നാടിന്റ മഹത്തായ ചരിത്ര പാരമ്പര്യത്തെയും ചരിത്ര സ്മാരകങ്ങളെയും വരുംതലമുറയ്ക്കായി കൈമാറേണ്ടത് നമ്മുടെ ഉത്തരവാദിത്തവുമാണ്.

## ചരിത്രപൈതൃക സംരക്ഷണത്തിനായി നമുക്ക് ചെയ്യാവുന്നത്

- പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ചരിത്രസ്മാരകങ്ങളും മ്യൂസിയങ്ങളും സംരക്ഷിതസ്ഥലങ്ങളും സന്ദർശിക്കാവുന്നതാണ്.
- ഇവയുടെ ചിത്രങ്ങളും വിവരങ്ങളും മറ്റു വിശദാംശങ്ങളും ശേഖരിക്കുകയും അവയെക്കുറിച്ച് പ്രദർശനങ്ങളും ചർച്ചകളും സംഘടിപ്പിക്കാവുന്നതുമാണ്.
- പൈതൃക സംരക്ഷണത്തെക്കുറിച്ച് മറ്റുള്ളവരെ ബോധവാൻമാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.
- നാടിന്റെ പൈതൃക സംരക്ഷണം സ്കൂളുകൾക്കും ഏറ്റെടുക്കാവുന്നതാണ്. കൂടാതെ നിങ്ങളുടെ സ്കൂളിന്റെയും പ്രദേശത്തിന്റെയും ചരിത്രം രേഖപ്പെടുത്തി സൂക്ഷിക്കാവുന്നതുമാണ്.
- സ്കൂളിൽ ഒരു ചരിത്രപൈതൃക മ്യൂസിയവും സാമൂഹ്യശാസ്ത്രലാബും സജ്ജമാക്കാവുന്നതാണ്.
- ചരിത്രസ്മാരകങ്ങളും സ്ഥലങ്ങളും ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം അധികൃതരെ അറിയിക്കേണ്ടതാണ്.

## ചെയ്യാൻ പാടില്ലാത്തത്

- ചരിത്രസ്മാരകങ്ങളും ഉറവിടങ്ങളും വികൃതമാക്കുകയോ അവയുടെ മേൽ വരയ്ക്കുകയോ എഴുതുകയോ പോസ്റ്റർ പതിക്കുകയോ ചെയ്യാൻ പാടില്ല.
- ചരിത്രസ്മാരകങ്ങളിലും സ്ഥലങ്ങളിലും അതിക്രമിച്ചു കടക്കാനും അധീനപ്പെടുത്താനും ശ്രമിക്കരുത്.
- ചരിത്രവസ്തുക്കളുടെയും സ്മാരകങ്ങളുടെയും സ്ഥലങ്ങളുടെയും നിലനിൽപിന് ദോഷകരമാവുന്ന ഒരു പ്രവൃത്തിയിലും ഏർപ്പെടരുത്.

**സമ്പന്നമായ ചരിത്രപൈതൃകം സംരക്ഷിക്കൂ...**
**വരുംതലമുറയ്ക്കായി അവ കൈമാറൂ...**

# പുകയിലയെ പ്രതിരോധിക്കാം

ലഹരി വസ്തുക്കൾ സങ്കീർണമായ സാമൂഹ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ആരോഗ്യം, സംസ്കാരം, സമ്പത്ത്, പഠനം, മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം തകർത്തെറിയുന്ന ലഹരിവസ്തുക്കളെ കണിശമായും വർജിക്കണം.

ലോകത്ത് പത്തിലൊരാൾ എന്ന ക്രമത്തിൽ പ്രതിവർഷം അമ്പതുലക്ഷത്തോളം പേരുടെ മരണത്തിന് കാരണമാകുന്ന അതീവ മാരകമായ ലഹരിപദാർഥമാണ് പുകയില. പുകയിലയുടെ ഉപയോഗം പ്രധാനമായും രണ്ടു രീതിയിലാണ്.

- പുകവലി (Tobacco smoking)
- പുകരഹിത പുകയില ഉപയോഗം (Use of smokeless tobacco)

പുകയിലയിൽ ഒട്ടേറെ ദോഷകരവും മാരകവുമായ രാസവസ്തുക്കൾ അടങ്ങിയിക്കുന്നു.

നിക്കോട്ടിൻ, ടാർ, ബെൻസോപൈറീൻ, കാർബൺമോണോക്സൈഡ്, ഫോർമാൽഡിഹൈഡ്, ബെൻസീൻ, ഹൈഡ്രജൻ സയനൈഡ്, കാഡ്മിയം, അമോണിയ, പ്രൊപ്പലീൻ ഗ്ലൈക്കോൾ എന്നിവ അവയിൽ ചിലതാണ്.

**പുകയിലയുടെ ദോഷഫലങ്ങൾ**

- വിട്ടുമാറാത്ത ചുമ
- രക്തചംക്രമണം, രക്തസമ്മർദം എന്നിവയിലുണ്ടാകുന്ന പ്രശ്നങ്ങൾ
- ഹൃദ്രോഗം
- നാവ്, വായ, തൊണ്ട, സ്വനപേടകം, ശ്വാസകോശം, അന്നനാളം, ആമാശയം, പാൻക്രിയാസ്, കരൾ എന്നിവയെ ബാധിക്കുന്ന ക്യാൻസർ
- ശ്വാസകോശരോഗങ്ങളായ ക്ഷയം, ബ്രോങ്കൈറ്റിസ്, എംഫിസീമ, ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമനറി ഡിസീസ് തുടങ്ങിയവ
- വായ്ക്കുള്ളിലെ രോഗങ്ങളായ പെരിയോഡോൺഡൈറ്റിസ്, പല്ലുകളിലെ നിറം മാറ്റം, പോടുകൾ, വായ്നാറ്റം, അണുബാധ തുടങ്ങിയവ
- പുകവലി ലൈംഗിക-പ്രത്യുൽപ്പാദനശേഷി കുറയ്ക്കുന്നു. പുകവലിക്കാരായ സ്ത്രീകളിൽ ഗർഭസ്ഥശിശുക്കളുടെ ആരോഗ്യക്കുറവിനും ഇത് കാരണമാകുന്നു.

*പുകവലിക്കുന്നവരുമായുള്ള സാമീപ്യംമൂലം പുകവലിക്കാത്തവരും പുക ശ്വസിക്കാനിടവരുന്നതാണ് നിഷ്ക്രിയ പുകവലി (Passive smoking).*
*ഇത് ഏറെ അപകടകരമാണ്.*



*ഇന്ത്യയിൽ 14 ശതമാനം പേർ പുകവലിക്കാരും 26 ശതമാനം പേർ പുകരഹിത പുകയില ഉപയോഗിക്കുന്നവരുമാണ്. അഞ്ച് ശതമാനം പേർ പുകവലിയും പുകരഹിത പുകയിലയും ശീലമാക്കിയവരാണ്.*

*നാം ഇതിനെ വേണ്ട രീതിയിൽ പ്രതിരോധിക്കേണ്ടതില്ലേ?*